
ജനകീയാസൂത്രണം

അധികാരം ജനങ്ങളിലേക്ക്



പയ്യാവൂർ ഗ്രാമപഞ്ചായത്ത്

സമഗ്രവികസന രേഖ

1996

3

142-4


പയ്യാവൂർ ഗ്രാമപഞ്ചായത്ത്
വികസനരേഖ





‘എന്റെ ജീവിതമാണ് എന്റെ സന്ദേശം’







ഗ്രാമപഞ്ചായത്ത്
ഭരണസമിതിയംഗങ്ങൾ

1. ജേക്കബ് മാരിപ്പുറത്ത് (പ്രസിഡന്റ്)
2. ടി.എം.ജോഷി (വൈ.പ്രസിഡന്റ്)
3. സെലിനാമ്മ ടീച്ചർ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
4. ഏലിയാമ്മ കുര്യാക്കോസ്
5. സിസ്റ്റർ അന്നമ്മ തൊണ്ണംകുഴി
6. കെ.ജെ. മത്തായി
7. എം.പി. ത്രേസ്യാമ്മ ടീച്ചർ
8. ഫിലോമിന ജോസ്
9. വാസുദേവൻ പാലുമ്മേൽ
10. സി.പി.ജോസ്

റിപ്പോർട്ട് തയ്യാറാക്കാൻ നേതൃത്വംനൽകിയവർ

പി.ടി.ജയിംസ്
കെ.ടി.അനിൽകുമാർ
സുരേന്ദ്രൻ കാരയ്ക്കൽ
ടോമി മാത്യു
വിമലാശേഖർ
സി.പി.ജോസ്
കെ.സി.ഭാസ്കരൻ
കെ.വി.ശശികുമാർ
ജോസഫ് എരത്തേൽ
എം.വി.വർക്കി
ഏലിയാമ്മ തെരുവത്തേൽ
ടോമി കുരുവിള
സി.ജി.സുകുമാരൻ
പി.എൻ.രാമൻ മാസ്റ്റർ

വികസന റിപ്പോർട്ട് തയാറാക്കിയവർ

1. പി.ടി.ജയിംസ്
2. അനിൽകുമാർ
3. വിമല ശേഖർ
4.സുരേന്ദ്രൻ കെ.കെ.
5. ടി.എം.സേവ്യർ
6.ഭാസ്കരൻ കെ.സി. (കൃഷി അസിസ്റ്റന്റ്)
7. ശശികുമാർ
8. ജോസഫ് തോമസ് ആട്ടപ്പാട്ട്
9. ടോമി മാത്യു
10. ജോസഫ് എം. ഏരത്തേൽ
11.വർക്കി എം.വി.
12. സി.പി.ജോസ്
13.ഏലിയാമ്മ കുര്യാക്കോസ്
14. സി.ജി.സുകുമാരൻ
15. ജയൻ കെ.എസ്.
16. എം.വി.കുര്യൻ മച്ചുകാട്ട്
17. ജോണി കുന്നത്തുലായിൽ
18. അപ്പച്ചൻ പന്തലാക്കൽ
19. ഫ്രാൻസിസ് കെ.വി.
20.നാരായണൻ നായർ
21. പി.എം.മാത്യു
22. കുഞ്ഞിരാമൻ നായർ
23. എൻ.എ.ജോൺ
24. ജോസഫ് മലയിൽ
25. സെലിനാമ്മ രാമൻ
27. സിസ്റ്റർ അന്നമ്മ തൊണ്ണംകുഴി
28. ത്രേസ്യാമ്മ മൂലേപ്ലാക്കൽ
29. ഫിലോമിന ടീച്ചർ
30. ടി.എം.ജോഷി
31. മാത്യു നെല്ലുവേലി
32. ബാലകൃഷ്ണൻ
31. ഡോ. എം.വിശ്വനാഥൻ (വെറ്ററിനറി സർജൻ)
32. വിമല ശേഖർ



ഗ്രാമപഞ്ചായത്തിന്റെ പേര്	– പയ്യാവൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജ്	– പയ്യാവൂർ വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	– പയ്യാവൂർ ഡിവിഷൻ
താലൂക്ക്	– തളിപ്പറമ്പ്
ജില്ല	– കണ്ണൂർ
അസംബ്ലി മണ്ഡലം	– ഇരിക്കൂർ
വിസ്തീർണ്ണം	– 67.34 ചതുരശ്ര കിലോമീറ്റർ
ജനസംഖ്യ	- 22198
വാർഡുകളുടെ എണ്ണം	– 10
പ്രസിഡന്റിന്റെ പേര്	– ജേക്കബ് മാരിപ്പുറത്ത്
വൈസ് പ്രസിഡന്റിന്റെ പേര്	– ടി.എം. ജോഷി
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ	– സെലീനാമ്മ രാമൻ
ബ്ലോക്ക് പഞ്ചായത്ത് മെംബർ	– ജോൺ പാറയിൽ
ജില്ലാ പഞ്ചായത്ത് മെംബർ	– ജെയിംസ് മാത്യു
അതിർത്തികൾ	
വടക്കുപടിഞ്ഞാറ്	– എരുവേശി പഞ്ചായത്ത്
തെക്കുപടിഞ്ഞത്	– ശ്രീകണ്ഠംപുരം പഞ്ചായത്ത്
കിഴക്ക്	– ഉടുമ്പപുഴ
തെക്കുകിഴക്ക്	– പടിയൂർ കല്യാട് പഞ്ചായത്ത്

ഭരണചരിത്രം

കേരളത്തിലെ അവികസിതമോ അൽപവികസിതമോ ആയ പഞ്ചായത്തുകളിലൊന്നാണു പയ്യാവൂർ. എരുവേശി റെവന്യു വില്ലേജ് പൂർണമായും ഉൾക്കൊണ്ട എരുവേശി പഞ്ചായത്ത് വിഭജിച്ചാണു പയ്യാവൂർ പഞ്ചായത്ത് രൂപവൽക്കരിച്ചത്.

1953-ൽ രൂപംകൊണ്ട എരുവേശി പഞ്ചായത്ത് കേരളത്തിലെ ഏറ്റവും വലിയ പഞ്ചായത്തുകളിൽ ഒന്നായിരുന്നു. ഇവിടെ വിഭജനത്തിനുമുമ്പു കാര്യമായ വികസനപ്രവർത്തനങ്ങൾ ഒന്നുംതന്നെ നടന്നിരുന്നില്ല. വികസനത്തിന്റെ വെള്ളിവെളിച്ചം ഗ്രാമാന്തർഭാഗങ്ങളിൽ എത്തണമെങ്കിൽ പഞ്ചായത്തിന്റെ വിഭജനം അത്യാവശ്യമായിരുന്നു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെയും ജനനേതാക്കളുടെയും അശ്രാന്ത പരിശ്രമഫലമായി 1972-ൽ വിഭജനം പൂർത്തിയായി.

പയ്യാവൂർ റെവന്യു ദേശം അധികാരപരിധിയായി നിശ്ചയിച്ചുകൊണ്ടു 1972-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ശ്രീ. കെ.വി. മോഹനൻ ചെയർമാനും ഇ.സി. ജോസ്, ടി.എം. സേവ്യർ എന്നിവർ അംഗങ്ങളുമായി ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണം ഏൽപിച്ചു. പഞ്ചായത്ത് ഓഫീസിന് 20 സെന്റ് സ്ഥലം അത്തിലാട്ട് നാരായണൻ നായർ സംഭാവനചെയ്തു. 1972-ൽ പഞ്ചായത്ത് ഓഫീസ് അന്നത്തെ 1979-ലെ പ്രഥമ തെരഞ്ഞെടുപ്പ്.

പ്രസിഡന്റ് – ടി.എം. സേവ്യർ

വൈസ് പ്രസിഡന്റ് – എം.സി. പദ്മാവതി

മെംബർമാർ: എം.സി. മത്തായി, സി.കെ. ചുമ്മാർ, കുഞ്ഞിരമാൻ, കെ.എം. സെബാസ്റ്റ്യൻ, മാത്യു തുടിയംപ്ലാക്കൽ, ജോസഫ് മിറ്റത്താനി.

1988-ലെ തെരഞ്ഞെടുപ്പ്

പ്രസിഡന്റ് – കെ.ജെ. മത്തായി

വൈസ് പ്രസിഡന്റ് – എ.സി. ചാക്കോ

മെംബർമാർ: ടി.എം. ജോഷി, കുര്യാക്കോസ്, പുളിയംമാക്കൽ, പി. മോഹനൻ, പി.എ. വർഗീസ്, സി.കെ. ചുമ്മാർ, ഒ.കെ. സെബാസ്റ്റ്യൻ, അംബിക അത്തിലാട്ട്, ചിന്നമ്മ ടീച്ചർ. 2 വർഷത്തിനുശേഷം ടി.എം. ജോഷി പ്രസിഡന്റായി.

പഞ്ചായത്ത് അതിർത്തിയിലെ സർക്കാർ ഓഫീസുകൾ

കൃഷിഭവൻ, വില്ലേജ് ഓഫീസ്, പഞ്ചായത്ത് ഓഫീസ്, പ്രാഥമികാരോഗ്യകേന്ദ്രം, മൃഗാശുപത്രി, കുടുംബക്ഷേമകേന്ദ്രം, ഹോമിയോ ഡിസ്പെൻസറി, ആയുർവേദ ഡിസ്പെൻസറി, ഗ്രാമവികസന ഓഫീസ്, പോലീസ് സ്റ്റേഷൻ

വിഷയ വിവരം

1.ആമുഖം

2.ചരിത്രം

3.ഭൂപ്രകൃതി-ജനപ്രകൃതി

4. സാമൂഹിക സാമ്പത്തികമേഖലകൾ

കൃഷി,ജലസേചനം

മൃഗസംരക്ഷണം, മത്സ്യംവളർത്തൽ

വ്യവസായം

ഊർജ്ജം

ഗതാഗതം

വിദ്യാഭ്യാസം

സംസ്കാരം, കായികം

ആരോഗ്യം-കുടിവെള്ളം-പരിസരശുചിത്വം

വനിത

പട്ടികജാതി-പട്ടികവർഗ്ഗം

ക്ഷേമം, ഭവനനിർമ്മാണം

സഹകരണം-വിഭവസമാഹരണം

ആമുഖം

എട്ടാം പഞ്ചവത്സരപദ്ധതി അവസാനിക്കുകയാണ്. ഈ പദ്ധതികൾ എല്ലാം വിഗദ്ധർ ആസൂത്രിതമായി പ്ലാൻചെയ്ത വികസനപദ്ധതികൾ ആയിരുന്നു. എങ്കിലും ജനപങ്കാളിത്തത്തിന്റെയും ലക്ഷ്യബോധത്തിന്റെയും അഭാവംമൂലം ഡിപ്പാർട്ട്മെന്റലിസമായി മാറുകയാണുണ്ടായത്. അധികാരത്തിന്റെ അമതികേന്ദ്രീകരണവും സ്ഥാപിതതാൽപര്യക്കാരുടെ മേധാവിത്വവും കൂടിയാവുമ്പോൾ ജനങ്ങളുടെ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും യാതൊരു പ്രസക്തിയുമില്ലാതായി. പദ്ധതികൾക്കു മുൻഗണനാക്രമം നിശ്ചയിക്കുന്നതിനു ശാസ്ത്രീയ മാനദണ്ഡങ്ങൾക്കു പകരം സ്ഥാപിത താൽപര്യങ്ങൾക്കാണു പ്രധാന്യംലഭിച്ചത്. 15,000 കോടിയോളം രൂപ മുടക്കിയിട്ടും അടിസ്ഥാന പ്രശ്നങ്ങൾ ഇന്നും പരിഹരിക്കപ്പെടാതെ കിടക്കുന്നു. കാർഷികമേഖലയിലെ മുരടിപ്പും വ്യവസായികമേഖലയിലെ തളർച്ചയും നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ പ്രതികൂലമായി ബാധിക്കുന്നു. തൊഴിലില്ലായ്മ എന്ന മാരകരോഗം നമ്മുടെ സംസ്ഥാനത്തെ കാർന്നുതിന്നുകൊണ്ടിരിക്കുകയാണ്. സേവനരംഗത്ത് സംസ്ഥാനം നേടിയെടുത്തിട്ടുള്ള നേട്ടങ്ങൾ നിലനിർത്താൻ ബുദ്ധിമുട്ടുന്നു.

കേരള സംസ്ഥാനത്തിന്റെയും ആസൂത്രണപ്രകിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻപോവുകയാണ് ജനകീയാസൂത്രണപ്രസ്ഥാനം. ഒമ്പതാം പഞ്ചവത്സരപദ്ധതിയെ 35% മുതൽ 40% വരെ തുക പഞ്ചായത്തിനു നൽകിക്കൊണ്ട് അധികാരം താഴേത്തട്ടിലേക്കെത്തിക്കുന്ന പദ്ധതിയിൽ ജനങ്ങൾ ആവേശപൂർവം പങ്കെടുക്കുകയാണ്. പദ്ധതി ആസൂത്രണംമുതൽ നിർവഹണം വരെയുള്ള എല്ലാഘട്ടത്തിലും ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഈ പദ്ധതി നമ്മുടെ നാടിന്റെ മുഖച്ഛായതന്നെ മാറ്റുമെന്നതിൽ തർക്കമില്ല. ■

ഈ ജനകീയ പ്രസ്ഥാനത്തിന്റെ ആദ്യഘട്ടമായ ഗ്രാമസഭകൾ ഇന്നുവരെയുണ്ടാകാത്ത ജനപങ്കാളിത്തത്തോടെ ആവേശകരമായാണ് അവസാനിച്ചത്. പ്ലാനിംഗ് പോർഡ് നിർദേശിച്ചതുപോലെ സെപ്റ്റംബർ 21-നു ഒക്ടോബർ 2-നു മിടയിലായിൽ ഗ്രാമസഭകൾ പൂർത്തിയാക്കി. 10 ഗ്രാമസഭകളിലായി വിവിധതുറകളിലുള്ള ആയിരത്തിലധികം ജനങ്ങൾ പങ്കെടുത്തു. ഇതിൽ 150-ഓളം സ്ത്രീകൾ മാത്രമാണു പങ്കെടുത്തത്. ഗ്രാമസഭകളെക്കുറിച്ച് നല്ലരീതിയിലുള്ള പ്രചാരണം നൽകാൻ സാധിച്ചിട്ടുണ്ട്. രണ്ടു ഘട്ട പരിശീലനങ്ങളിലായി 122 സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുകയുണ്ടായി. ഒക്ടോബർ 20-ാം തീയതി നാലു ഗ്രൂപ്പുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽക്കൂടി സഞ്ചരിച്ചു പഠനം (പഠനപര്യടനം) നടത്തുകയുണ്ടായി. ദ്വതീയ വിവരശേഖരണവുമായി ബന്ധപ്പെട്ടു ഡി.ആർ.പി.മാരുടെ നേതൃത്വത്തിൽ 32 പ്രവർത്തകർ സഹായിക്കുകയുണ്ടായി. വികസന റിപ്പോർട്ട് തയാറാക്കുന്നതിനുവേണ്ടി ആമുഖം, ചരിത്രം, കൃഷി മുതലായ എല്ലാവിഷയങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടു 7 ബഹുജന സമിതികൾക്കു രൂപംനൽകി. സന്നദ്ധ പ്രവർത്തകരുടെ സാമൂഹിക സംഘടനാ പ്രവർത്തകരും വിദഗ്ധരും അടങ്ങിയ 60 പ്രവർത്തകർ അടങ്ങിയതായിരുന്നു ഈ സമിതി. ഈ സമിതകളുടെ ഒരാഴ്ചത്തെ കഠിന പരിശ്രമമഫലമായാണു വികസന റിപ്പോർട്ട് തയറാക്കാൻ കഴിഞ്ഞത്.

ജനകീയാസൂത്രണവും നിർവഹണവും യാഥാർഥ്യമാക്കാൻ സന്നദ്ധസംഘടനാ പ്രവർത്തകർക്ക് അവസരം ലഭിച്ചിരിക്കുകയാണ്. പയ്യാവൂർ പഞ്ചായത്തിലെ മുൻകാല സന്നദ്ധപ്രവർത്തകരുടെ ഉത്തമപാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് ഈ റിപ്പോർട്ട് നാളെയുടെ ചരിത്രസത്യമാക്കി മാറ്റുന്നതിനു നമുക്കെല്ലാം ഒന്നിച്ചണിനിരക്കാം എന്നുള്ള ദൃഡനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

ചരിത്ര പശ്ചാത്തലം

പയ്യാവൂർ സ്ഥലനാമ ഐതീഹ്യം

കേരളപ്പിറവിക്കുമുമ്പ് പഴയ മദ്രാസ് സംസ്ഥാനത്തിലെ മലബാർ ജില്ലയിൽ ചിറക്കൽ താലൂക്കിൽപ്പെട്ട ഏരുവേശി അംശത്തിലെ ഒരു റവന്യൂ ദേശമായിരുന്നു പയ്യാവൂർ. കണ്ണൂർ റെയിൽവേസ്റ്റേഷനിൽനിന്നും നടക്കുകിഴക്കുദിശയിൽ ഏകദേശം 50 കി.മി. ദൂരെ ഇതു സ്ഥിതിചെയ്യുന്നു. കർണാടക സംസ്ഥാനത്തിലെ കുടക് ജില്ലയോട് തൊട്ടുകിടക്കുന്ന മലയോരഗ്രാമമായ പയ്യാവൂരിന്റെ സ്ഥലനാമ ഐതീഹ്യം "മഹാഭാരതം", ഇതിഹാസത്തോളം പഴക്കമുള്ളത്.

ദ്വാപരയുഗത്തിൽ പാണ്ഡവന്മാരുടെ വനവാസകാലത്ത് വില്ലാളിവീരനായ അർജുൻ, പരമശിവനിൽനിന്നും ഒരു ദിവ്യമായ 'പാശുപാതാസ്ത്രം' ലഭിക്കുന്നതിനായി തപസ്സാരംഭിച്ചു. ഏറെക്കാലം തപസ്സുചെയ്തിട്ടും ഭഗവാൻ ശ്രീപരമേശ്വരൻ പ്രസാദിക്കാതെ ഭക്തനെ പരീക്ഷിക്കുവാൻ തീരുമാനിച്ചു. ശിവപാർവതിമാർ കിരാതവേഷത്തിൽ പാർത്ഥനെ സമീപിച്ചു. ഈ സമയം മൂകസുരൻ ഒരു പന്നിയുടെ രൂപത്തിൽ അവരുടെ ഇടയിലൂടെ ഓടി, കോപാകുലരായ കിരാതനും കിരീടിയും ഒരേസമയം പന്നിയെ ലക്ഷ്യമാക്കി അമ്പു പ്രയോഗിച്ചു. സൂരകവധത്തിന് രണ്ടുപേരും അവകാശവാദമായി. തർക്കം മൂത്ത് യുദ്ധം ആരംഭിച്ചു. പൊരിഞ്ഞ അസ്ത്രപ്രയോഗത്തിൽ കോപിഷ്ഠനായ കിരാതൻ തന്റെ വലതുകാൽകൊണ്ട് അർജുനനെ പിറകോട്ട് "തോണ്ടിയെറിഞ്ഞു" അർജ്ജുനൻ വന്നു വീണസ്ഥലം 'വലംകാലൂരെന്നും' പിന്നീട് വൈകാലൂരെന്നും അറിയപ്പെട്ടു. കാലാന്തരത്തിൽ വൈകാലൂർ പയ്യാവൂർ എന്നറിയപ്പെടാൻ തുടങ്ങിയെന്നാണ് ഏതീഹ്യം.

ശ്രീപരമേശ്വരനോട് പരാജയം ഏറ്റുവാങ്ങിയ അർജ്ജുനൻ വീണസ്ഥലത്തുനിന്നുകൊണ്ടുതന്നെ കണ്ണീരിൽ മണ്ണുകുഴച്ച് ശിവലിംഗമുണ്ടാക്കി കൈയിൽ കിട്ടിയ ഇലകളാൽ അർച്ചന നടത്തി. അപ്പോൾ ഭഗവൽ പ്രസാദമുണ്ടായി. പാർവതിസമേതം പരമേശ്വരൻ പ്രത്യക്ഷപ്പെട്ട് പാശുപാതസ്ത്രം നൽകി അനുഗ്രഹിച്ചു. ഈ പുണ്യഭൂമിയിലാണ് പയ്യാവൂർ ശിവക്ഷേത്രമെന്നാണ് വിശ്വാസം.

ഭൂതകാല പൈതൃകം

പയ്യാവൂരിന്റെ ഗതകാല ചരിത്രത്തെക്കുറിച്ച് ഏറെ ഐതീഹ്യങ്ങളും കുറച്ചുമാത്രം ചരിത്രവുമാണുള്ളത്. അവ തമ്മിൽ ഇഴപിരിച്ചെടുക്കുവാൻ കഴിയാത്തവിധം ഒന്നുചേർന്നിരിക്കുന്നു. ശിവക്ഷേത്രത്തോടനുബന്ധിച്ചാണ് ഇവിടെ ജനജീവിതവും സംസ്കാരവും ഉത്സവിച്ചതും വളർന്നതും.

ശിലായുഗകാലത്തുതന്നെ ഇവിടെ ജനവാസമുണ്ടായിരുന്നുവെന്നു കരുതുവാൻ ന്യായങ്ങളേറെയുണ്ട്. നവീനശിലായുഗ (Neolitic) അവശിഷ്ടങ്ങളായ വീരക്കല്ല്, കുടക്കല്ല് മുതലായ മഹാശിലകൾ (Megalith) ഇപ്പോൾ കാണുവാനില്ലങ്കിലും ചില ഭാഗങ്ങളിൽ കണ്ടിരുന്നുവത്രേ. എന്നാൽ അന്നത്തെ ശവസംസ്കാര സംസ്കൃതിയുടെ ഭാഗമായ നന്നങ്ങാടികൾ ഈ ഗ്രാമത്തിന്റെ മിക്കഭാഗത്തുനിന്നും അടുത്തകാലത്തു കണ്ടുകിട്ടിയിട്ടുണ്ട്. ഏതാനും വർഷം മുമ്പ് ചതുരമ്പുഴ-ചീത്തപ്പാറ റോഡിന്റെ സൈഡിൽനിന്നും ഏതാനും വലിയ ഭരണികൾ (നന്നങ്ങാടികൾ) ലഭിച്ചു. ചാരവും എല്ലിൻകഷണങ്ങളും അതിൽ കണ്ടിരുന്നു.

വടക്കൻ പാട്ടിലെ വീരനായകനായ ഒതേനനെ കേന്ദ്രമാക്കിയും ചില മിത്തുകൾ നിലവിലുണ്ട്. അദ്ദേഹത്തിന്റെ അർധസഹോദരനും ഉറിതോഴനുമായിരുന്നു കണ്ടുച്ചേരിചാപ്പൻ ഈഗ്രാമത്തിലെ കണ്ടകശേരിക്കാരനാണെന്ന് പറയപ്പെടുന്നു. ഒതേനൻ. തെണ്ടക്ക് പോയ അവസരത്തിൽ പയ്യാവൂര് വന്നിരുന്നുവെന്നും പയ്യാവൂർ ടൗണിൽ അടുത്തകാലംവരെയുണ്ടായിരുന്ന ആൽത്തറ അദ്ദേഹം നിർമ്മിച്ചതായിരുന്നുവെന്നും വിശ്വസിക്കപ്പെടുന്നു.

വീരകേരളപ്പഴശിരാജയും പയ്യാവൂരുമായി ബന്ധപ്പെട്ടതായി പ്രബലമായ വിശ്വാസം നിലവിലുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യവുമായി ഏറ്റുമുട്ടി വയനാടൻ മല കയറുംമുമ്പ് അദ്ദേഹം കല്യാട്-പയ്യാവൂർ ഭാഗങ്ങളിൽ സൈന്യശേഖരണത്തിന് വന്നിരുന്നുവത്രേ. പയ്യാവൂരിൽ നിന്നും 4 കി.മി. വടക്ക് വനമധ്യത്തിൽ അദ്ദേഹത്തിന്റെ വരദേവതയായ സ്രീ പോർക്കലീ ഭഗവതിയുടെ പ്രതിഷ്ഠ നടത്തിച്ചു. അതുമുതൽ സ്ഥലം പഴശിക്കാരി എന്നറിയപ്പെടുന്നു. കാലക്രമേണ പഴശിക്കാരി പൈസക്കരിയായെന്നും വിശ്വസിക്കപ്പെടുന്നു.

അങ്ങനെ പുരാണത്തിലും ഐതീഹ്യത്തിലും പ്രകീർത്തിതമായ പ്രൗഡമായ ഒരു ഗതകാലപൈതൃകം പയ്യാവൂരിനുണ്ട്.

സാമൂഹികജീവിതം-സ്വാതന്ത്ര്യത്തിനു മുമ്പ്

ഇവിടുത്തെ ജനജീവിതം പ്രധാനമായും ശിവക്ഷേത്രത്തെ കേന്ദ്രീകരിച്ചായിരുന്നുവെന്ന് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ, നൂറ്റാണ്ടുകലോളം ക്ഷേത്രം പൂജാദികർമ്മങ്ങളില്ലാതെ, അനാഥമായി കഴിഞ്ഞിരുന്നുവെന്നും, ഒടുവിൽ ശ്രീ പരമേശ്വരൻതന്നെ ദർശനത്തിലൂടെ ഒരോ ദേശക്കാരനെ ക്ഷേത്രച്ചുമതല ഏൽപിച്ചുവെന്നാണ് ഐതീഹ്യം ഇതനുസരിച്ച് ഒരോ മാസത്തേയും സംക്രമദിവസത്തെ വിശേഷാൽ പൂജയും നിവേദ്യവും ഓരോ ദേശക്കാരുടെ വഴിപാടാണ്

കുംഭസംക്രമം മുതൽ 12-ാം തീയതിവരെയുള്ള ദിവസങ്ങളിൽ ഊട്ടുത്സവം എന്നപേരിൽ ക്ഷേത്രോത്സവം നടക്കുന്നു. അതിനുള്ള അരി കുടക് ജില്ലയിൽനിന്നും, മോര് കൂനത്തുനിന്നും, തേങ്ങാ വളപട്ടണത്തുനിന്നും മറ്റു കറി സാധനങ്ങൾ വിവിധ ദേശങ്ങളിൽ നിന്നും എത്തിക്കുന്നു. അഭിഷേകത്തിനുള്ള നെയ്യ് കണ്ണൂർ ജില്ലയിലെ നൂറ്റിനാൽപതിൽപരം ഗ്രാമങ്ങളിലെ നായർ തറവാടുകളിൽനിന്നും കൊണ്ടുവരുന്നു. ഏറെ വ്രതശുദ്ധിയോടെ നിർവഹിക്കുന്ന ഒരു വഴിപാടാണ് നെയ്യമൃത് വിവിധ ഗ്രാമങ്ങളിലെ നെയ്യമൃത് മഠങ്ങളിൽ വ്രതശുദ്ധിയോടെ ദിവസങ്ങളോളം താമസിച്ച് കുംഭം 10-ന് രാവിലെ ക്ഷേത്രസന്നിധിയിൽ എത്തുന്നു. മുരുഡകയിൽ നെയ്യുമായി ഓംകാര ധ്വനിയോടെ നഗ്നപാദരായി പകലിരവന്യേ കാൽനടയായി സഞ്ചരിച്ചാണ് എത്തിച്ചേരുക.

കർണ്ണാടകയിലെ മുണ്ടയോളിങ്ങ ബവ്വേരിയൽ എന്നീ രണ്ടു സ്ഥാനിക കുടുംബക്കാർക്കാണ് ഉത്സവത്തിന് ആവശ്യമായ അരി ക്ഷേത്രത്തിൽ എത്തിക്കുവാൻ ഭഗവാന്റെ ഉത്തരവ് ലഭിച്ചതത്രേ. ഈ ആജ്ഞ ശിരസാവഹിച്ചുകൊണ്ട് പൗരാണികകാലത്തെപ്പോലെ ഇന്നും മുടങ്ങാതെ വനാന്തരങ്ങളിലൂടെ സഞ്ചരിച്ച് ശിവവാഹനമായ കാളകളുടെ പുറത്താണ് അരി എത്തിക്കുക. കുംഭം 10-നാണ് മഹോത്സവം. ഉച്ചയ്ക്കുള്ള തിടമ്പ് നൃത്തം അവസാനിക്കുന്നതോടെ ചൂളയാട് ദേശക്കാരുടെ വക പഴക്കുലകൾ വഹിച്ചുകൊണ്ടുള്ള 'ഓമനക്കാഴ്ച' ക്ഷേത്രസന്നിധിൽ എത്തുന്നു. വിവിധ സംസ്കാരങ്ങളുടെയും രണ്ടു സംസ്ഥാനങ്ങളുടെയും സമന്വയം ഉത്സവത്തിന്റെ മാറ്റു കൂട്ടുന്നു.

ഉത്സവക്കാലത്ത് ചന്തക്കച്ചവടം നടത്തുന്നതിന് കോഴിക്കോട്ടുള്ള മുസ്ലിം കച്ചവടക്കാരനെ ക്ഷണിച്ചുവരുത്തിയിരുന്നു. അവർ കച്ചവട സാധനങ്ങളിൽ നിന്നും കറുത്തകുപ്പി മോതിരം, കുപ്പിവള, കണ്ണാടി, കുങ്കുമം എന്നിവയിൽനിന്നും കുറേഭാഗമെടുത്ത് ക്ഷേത്രസന്നിധിയിൽ കാഴ്ചവയ്ക്കും. അവരുടെ ഭക്ഷണാവശ്യത്തിനുള്ള അരിയും കറി സാധനങ്ങളും. ക്ഷേത്രത്തിൽനിന്നും കൊടുത്തുന്നിരുന്നു. വെള്ളംകോരുന്നതിന് പ്രത്യേകം കിണറും നൽകി

യിരുന്നു. വല്ലവരും യാദൃശ്ചികമായി മരിച്ചാൽ ശവ സംസ്കാരം നടത്തുന്നതിന് ദേവസ്വം ഭൂമിയിൽ മന്നയും അനുവദിച്ചു മതപരമായ ചടങ്ങുകൾ നടത്തുന്നതിന് ക്ഷേത്രപരിസരത്തുതന്നെ സൗകര്യങ്ങൾ ഏർപ്പെടുത്തി മതസൗഹാർദത്തിന്റെ പൂർണ്ണതയാണ് ഇവിടെ ദൃശ്യമാകുന്നത്.

അന്നത്തെ കൊടുക്കൽവാങ്ങൽ കേന്ദ്രവും ഈ ചന്തതന്നെ. അടുത്ത ഉത്സവംവരെ വേണ്ട എല്ലാ അവശ്യവസ്തുക്കളും ജനംവാങ്ങി ശേഖരിക്കുന്നു.

അന്ന് ഭൂമി ക്ഷേത്രത്തിന്റെയും നെയ്യമൃത് സംഘത്തിന്റെയും ചില ജന്മിമാരുടേയും വകയായിരുന്നു. കരക്കാട്ടിടമായിരുന്നു പയ്യാവൂർഭാഗത്തെ ജന്മി ക്ഷേത്രത്തിന്റെയും നെയ്യമൃത് സംഘത്തിന്റെയും വക ഭൂമി ജന്മിമാർ കുത്സിതമാർഗത്തിലൂടെ കൈയടക്കി. ജന്മിത്വ വ്യവസ്ഥയിൽ ജനം സർവപ്രകാരേണയും കഷ്ടപ്പെട്ടു. കാര്യസ്ഥൻ, കീഴ് കാര്യസ്ഥൻ, പെറ്റിക്കാരൻ തുടങ്ങിയ പേരിലറിയപ്പെട്ടിരുന്നവരാണ് ജന്മിക്കും കൃഷിക്കാരനും മദ്ധ്യേ ഉണ്ടായിരുന്ന കണ്ണി. ജനജീവിതം ദുസഹമാക്കുന്നതിൽ വലിയൊരു പങ്ക് ഇവരുടെ വകയായിരുന്നു.

സർവ്വശക്തമായ ജന്മിത്വം കർഷകരുടെമേൽ നീരാളിപ്പിടുത്തമാണ് പിടിച്ചത്. ജന്മിമാർക്ക് നൽകേണ്ട പ്രതിഫലം ഭീമമായിരുന്നു. വാരം, പാട്ടം, കുഴിക്കാണം, വെച്ചുകാൾ, ശീലപ്പണം, പത്തിന് രണ്ട് കുഴിക്കാണം എന്നിങ്ങനെ പലപേരുകളിൽ കൃഷിക്കാരന്റെ അദ്ധ്വാനഫലം ജന്മിമാർ പിടിച്ചെടുത്തു. കൂടാതെ ഓണം, വിഷു തുടങ്ങിയ വിശേഷദിവസങ്ങളിൽ കാഴ്ച ദ്രവ്യങ്ങളാൽ ജന്മിയുടെ കലവറ നിറക്കേണ്ട ബാധ്യതയും അവന്റേതാണ്. കൃഷിനാശം നേരിട്ടാൽപോലും യാതൊരിളവും അനുവദിച്ചിരുന്നില്ല.

ജാതിവ്യവസ്ഥ കർക്കശമായ ഒരു സമൂഹമായിരുന്നു അവിടെ ഉണ്ടായിരുന്നത്. സമ്പന്നായ ഭൂതകാലചരിത്രവും സാംസ്കാര പൈതൃകവുമുണ്ടായിരുന്ന ആദിവാസി സമൂഹത്തെ ജനജീവിതത്തിന്റെ വേലിക്കെട്ടിനു പുറത്തിനിർത്തി അടിയാന്മാർ, കരിമ്പാലർ, പണിയർ, മാവിലർ എന്നീ പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളാണ് പ്രധാനമായും ഇവിടെ ഉണ്ടായിരുന്നത്. ഒരോ ഊരിനും മൂപ്പന്മാർ ഉണ്ടായിരുന്നു. പ്രത്യേകമായ ആചാരനുഷ്ഠാനങ്ങൾ ഇവർ നിലനിർത്തിയിരുന്നു. തൃത്തത്തിനും പാട്ടുകാർക്കും ഇവരുടെ ഇടയിൽ പ്രത്യേക സ്ഥാനമുണ്ടായിരുന്നു. നാമമാത്രമായ കൃഷികൾമാത്രമേ ഇവർക്കുണ്ടായിരുന്നുള്ളൂ. വനവിഭവങ്ങൾ ശേഖരിക്കുകയും (പന്തം, ചൂൽ, നാര്, തേൻ പളിഞ്ഞിക്കായ്) അവ നിസ്സാര വിലയ്ക്ക് വിൽക്കുകയും ചെയ്തിരുന്നു. നായാടി കാട്ടുമൃഗങ്ങളെ പിടികൂടാനുള്ള വൈഭവം ഒന്നുവേറെതന്നെ. അമ്പും വില്ലുമായിരുന്ന പ്രധാനപ്പെട്ട ആയുധം, കായ്കനികളും കാട്ടുകിഴങ്ങുകളും താളും തകരയുമൊക്കെയായിരുന്നു ഭക്ഷ്യവസ്തുക്കൾ.

കീഴ്ജാതിക്കാരായ ഇവർക്ക് ക്ഷേത്രത്തിലോ, പരിസരത്തോ പ്രവേശനമുണ്ടായിരുന്നില്ല. തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും സമൂഹം കർക്കശമായി പാലിച്ചിരുന്നു. എന്നാൽ ദേശീയ പ്രസ്ഥാനങ്ങളുടെ വളർച്ചയും അയിത്തോച്ചാടന പരിപാടികളും കാലാന്തരത്തിൽ സമൂഹ മനസിൽ വ്യതിയാനം വരുത്തി. ക്ഷേത്രപ്രവേശന വിളംബരം ഇവിടെയും ചലനം സൃഷ്ടിച്ചു. ശ്രീ പാപ്പിനിശേരി ചാത്തുക്കുട്ടി നമ്പ്യാരുടെ നേതൃത്വത്തിൽ നടന്ന ശ്രമങ്ങളുടെ ഫലമായി അയിത്തോച്ചാടനശ്രമങ്ങൾ കുറേയെല്ലാം ഫലപ്രാപ്തിയണഞ്ഞു.

ദേശീയപ്രസ്ഥാനവും- കർഷകസമരവും

ബ്രിട്ടീഷ് ആധിപത്യത്തിനെതിരായ സ്വാതന്ത്ര്യ സമരം മൂർധന്യാവസ്ഥയിലെത്തിയകാലം. നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഇൻഡ്യയൊട്ടാകെ സമരാവേശം തിളച്ചുപൊന്തുകയായിരുന്നു. വിദേശഭരണത്തെ താങ്ങിനിർത്തിയിരുന്ന നാടുവാഴി-നാട്ടുരാജാക്കന്മാർക്കെതിരേയും സമരം പ്രോജ്വലിച്ചുനിന്നു.

മുപ്പതുകളുടെ അവസാനത്തിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കേരളത്തിലും സമരാബ്ധമാവുകയും കർഷകപ്രസ്ഥാനം പടുത്തുയർത്തുകയും ചെയ്തു. 1940 ഓടുകൂടി കർഷകസംഘം ശക്തിപ്രാപിക്കുകയും ജന്മിത്വത്തിനെതിരേ ആഞ്ഞടിക്കാൻ തുടങ്ങുകയും ചെയ്തു. ഇതിന്റേ അലയടികൾ പയ്യാവൂരിലും ബാധിച്ചു. ഈ അവസരത്തിൽ അന്നത്തെ ബഹു. മുഖ്യമന്ത്രി ഇ.കെ.നായനാർ ഒരു കർഷക ജാഥ പയ്യാവൂരിലൂടെ നയിക്കുകയുണ്ടായി. ഇവിടുത്തെ ജന്മിയായിരുന്ന സാമനാർ കരക്കാട്ടിടത്തിൽ നയനാർക്കെതിരേയും കല്യാട്ട് യജമാനൻമാർക്കെതിരേയും ജനശക്തി തിരിഞ്ഞു. ഇരിക്കൂർ ഫർക്ക കേന്ദ്രീകരിച്ചു പ്രവർത്തനം നടത്തിവന്ന കർഷകസംഘം കരക്കാട്ടിടം ജന്മിക്കെതിരേ സമരം നയിച്ചു. 1946 ഡിസംബർ 30-ന് കാവുമ്പായി മലയിൽവച്ച് പോലീസ് വെടിവെപ്പുണ്ടാക്കുകയും

ഏതാനും പേർ മരിച്ചുവീഴുകയും ചെയ്തു. ബ്രിട്ടീഷ് രാജിന്റെ കിരാത തേർവാഴ്ച എം.എസ്.പി.യിലൂടെ പയ്യാവൂരിലും താണ്ഡവമാടി. കാവുമ്പായിമല യിൽവച്ച് രക്തസാക്ഷിത്വം കൈവരിച്ച സ.പുളക്കൂൽ കുഞ്ഞിരാമന്റെ സ്മരണ സംഘടിക്കാൻ ഇവിടുത്തെ ജനതയ്ക്കും ആവേശമണച്ചു. സ.പുളക്കൂൽ കുഞ്ഞിരാമന്റെ പാവനസ്മരണയ്ക്കുമുന്നിൽ ആദ രാഞ്ജലികൾ അർപ്പിക്കട്ടെ. അധികാരത്തിന്റെ പൈശാചിക ഭാവം ഇവിടെ ഭീകരദിനരാത്രങ്ങൾ സൃഷ്ടിച്ചു. അർധസൈനിക വിഭാഗം വീടുവീടാ ന്തരം കയറിയിറങ്ങി കണ്ണിൽ കണ്ടവരെയെല്ലാം നിഷ്ഠൂരമായി മർദിച്ചൊതുക്കി. സ്ത്രീകളെ അപമാ നിച്ചു. സ്വത്തുവകകൾ നശിപ്പിക്കുകയോ അപഹരി ക്കുകയോ ചെയ്തു. ഓർമ്മയിൽപോലും നടുക്കം സൃഷ്ടിക്കുന്ന ക്രൂരത. ഈ സമരത്തിൽ പങ്കെടുത്ത 15 ആളുകൾ ഇന്നും ജീവിക്കുന്നുണ്ട്.

ജനരോഷം വർധിച്ചുവരാനേ ഈ കിരാത നടപ ടികൾ ഉപകരിച്ചുള്ളൂ. ദാരിദ്ര്യവും രാജവാഴ്ചയും ജന്മിത്വവും എല്ലാംകൂടി ഒരു രൂപരഹിതാവസ്ഥ സൃഷ്ടിക്കപ്പെട്ടു. ഇതിനിടെ സ്വാതന്ത്ര്യപ്പുലരി പൊട്ടി വിടർന്നു. തിരുവിതാംകൂറിൽ നിന്നും കുടിയേറ്റം ശക്തിപ്പെട്ടുവരികയും ചെയ്തു.

കുടിയേറ്റം-മുഖമായ മാറുന്നു.

മണ്ണ് മനുഷ്യ ജീവിതത്തിലെ ആദ്യവസാനക്കാ രനാണ്. മണ്ണിൽ ജനിച്ച് അതിൽത്തന്നെ വിലയം പ്രാപിക്കുന്ന ജീവിതത്തിനിടയ്ക്ക് അവന്റെ ആശ്ര യവു അവലംബവും മണ്ണുതന്നെ. മണ്ണിന്റെ മഹാത്മ്യം പ്രകീർത്തിക്കുന്ന ഇതിഹാസങ്ങളും മഹാകാവ്യ ങ്ങളും എത്രയെത്ര! മണ്ണിനോട് മനുഷ്യന് നിർവചി ക്കാനാവാത്ത വൈകാരികബന്ധം തന്നെയാണു ള്ളത്. തന്റെ ജീവിതസന്ധാരണത്തിനാവശ്യമായ മണ്ണ് ഇല്ലാതെ വരുമ്പോൾ, ഫലപുഷ്ടി നഷ്ടപ്പെടുമ്പോൾ കന്നിമണ്ണ് തേടിപ്പോവുക സാധാരമാണ്. അമേരിക്ക ആസ്ത്രേലിയ എന്നി നവലോകങ്ങളുടെ പുരോഗ തിക്കുതന്നെ കാരണം ഇത്തരം കുടിയേറ്റങ്ങളാണ്.

പഴയ തിരുവിതാംകൂറിന്റെ പലഭാഗത്തുനിന്നും ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഇത്തരമൊരു സ്ഥിതിവിശേഷം സംജാതമായി. ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ സൃഷ്ടിച്ച ഭക്ഷ്യക്ഷാമം ജനതയെ കഷ്ടതയിലാക്കി. 'ഗ്രോമോർ ഫുഡ്' എന്ന നയത്തി ലൂടെ കന്നിമണ്ണിലേക്കു പോകുന്നവരെ സർക്കാർതന്നെ പ്രോത്സാഹിപ്പിച്ചു. തോട്ടവിള കൾക്കും നാണ്യവിളകൾക്കും നേരിട്ട വിലയിടിവും, ബാധിച്ച രോഗങ്ങളും, ജനപ്പെരുപ്പവും കുടിയേറ്റം ത്വരിതപ്പെടുത്തിയ ഘടകങ്ങളാക്കി.

പുതുമണ്ണുതേടിയുള്ള യാത്ര പ്രധാനമായും, അന്ന് മദ്രാസ് പ്രസിഡൻസിലായിരുന്ന മലബാറി ലേക്കായിരുന്നു. അചുംബിതമായ കാനനഭൂമി കർഷ കജനതയുടെ വികാരങ്ങൾക്ക് ഉത്തേജനമേകി. വയ നാടൻ കുന്നുകളും, നിലമ്പൂർ കാടുകളും, കുറ്റ്യാടി മലകളും കുടിയേറ്റക്കാരുടെ കാൽക്കീഴിലമർന്നു. ഈ അനന്തപ്രവാഹം പയ്യാവൂരിനെയും വെറുതെ വിട്ടില്ല.

അചുംബികളായ കുടക് മലകളുടെ മടിത്തട്ടിൽ സ്ഥിതിചെയ്യുന്ന മനോഹര മോഹനമായൊരു ഗ്രാമ മാണ് പയ്യാവൂർ പച്ചപ്പട്ട വിരിച്ച വയലുകളും, അവയ്ക്ക് തെളിനീരേകി ആരവം പൊഴിച്ച് മന്ദഗ മനം നടത്തുന്ന നീർച്ചാലുകളും ശിരസുയർത്തി നിൽക്കുന്ന മാമലകളും ഈ ഗ്രാമഭംഗിക്ക് മാറ്റു കൂട്ടുന്നു.

കുടിയേറ്റം ആരംഭിക്കുമ്പോൾ പയ്യാവൂർ ജന വാസമുള്ള സ്ഥലമായിരുന്നു. ശിവക്ഷേത്രപരിസര ത്തുമാത്രമേ ഈ ജീവിതം ഉണ്ടായിരുന്നുള്ളൂ. പ്രാന്ത പ്രദേശങ്ങളിലെ കാനനങ്ങളിൽ ചുരുക്കംചില ആദി വാസി ഊരുകളുമുണ്ടായിരുന്നു. കുടിയേറ്റം ഇവിടെ രണ്ടുമേഖലകളിലാണ് നടന്നത്. പയ്യാവൂർ മേഖല യിലും പൈസക്കരി മേഖലയിലും. പയ്യാവൂർ മേഖ ലയിൽ ഇന്ദ്രസ്, കണ്ടുകശേരി, ചമതച്ചാൽ പ്രദേശ ങ്ങളും, പൈസക്കരി മേഖലയിൽ വെമ്പുവാ, പൈസ ക്കരി, ചന്ദക്കാംപാറ, കാഞ്ഞിരക്കൊല്ലി, മുത്താരി ക്കുളം, കുന്നത്തൂർ എന്നീ പ്രദേശങ്ങളും ഉൾപ്പെ ടുന്നു.

പയ്യാവൂർ മേഖല

ഇവിടെയ്ക്കുള്ള കുടിയേറ്റത്തിന് ഒരു സംഘ ടിത രൂപമുണ്ടായിരുന്നു. കോട്ടയം രൂപതയുടെ നേതൃ ത്വത്തിലാണ് ജനങ്ങൾ കുടിയേറിയത്. തന്റെ അജഗ ണമനുഭവിക്കുന്ന സാമ്പത്തിക കഷ്ടതകളിൽ മന മുരുകിയ കോട്ടയം ബിഷപ് മാർ.അലസ്കാണ്ടർ ചൂളപ്പറമ്പിൽ തൽപരിഹാരാർത്ഥം കണ്ടെത്തിയ മാർഗ്ഗമാണ് കുടിയേറ്റം. എ.ഡി.345 ലെ ക്നാനായ കുടിയേറ്റത്തിന്റെ മാതൃകയിൽ, മലബാറിലേക്കും സംഘടിത കുടിയേറ്റത്തിന് അദ്ദേഹം രൂപഭാവങ്ങൾ നൽകി. ഷെവലിയർ വി.ജെ.ജോസഫ് സാറിന്റെ ഉൾക്കാഴ്ചയും ദീർഘവീഷണവും ഇക്കാര്യത്തിൽ അദ്ദേഹത്തിന് സഹായകമായി. 1943 മെയ് 6-ന് മട

മ്പത്തെ അലക്സ് നഗർ കോളനിയിലേക്ക് ആദ്യ സംഘം പുറപ്പെട്ടു. നൂറിൽപ്പരം കുടുംബങ്ങൾ ഈ സംഘത്തിലുണ്ടായിരുന്നു. ഇതിൽപ്പെട്ട കുറേ വീട്ടുകാർ പയ്യാവൂരിലും താമസമാരംഭിച്ചു. അങ്ങനെ പയ്യാവൂരും കുടിയേറ്റക്കാരുടെ പാദസ്പർശമേറ്റു. മോൺ. സിറിയക് മറ്റത്തിൽ ഫാ.ജോസഫ് മാളിയേക്കൽ എന്നിവർ എല്ലാ സഹായങ്ങളും നൽകി.

പൈസക്കരി മേഖല

പൈസക്കരി മേഖലയിൽ അസംഘടിത കുടിയേറ്റമാണ് നടന്നത്. പുതിയ ജനപദത്തിന് ബീജ വാഹം ചെയ്തുകൊണ്ട് 1946-ൽ പൈസക്കരി മേഖലയിൽ കുടിയേറ്റക്കാർ കാൽകുത്തി.

ആദ്യകാല കുടിയേറ്റക്കാർ അനുഭവിച്ച ക്ലേശങ്ങളും കഷ്ടതകളും വർണ്ണിക്കുവാൻ അനന്തനുപോലുമാവില്ല. റോഡില്ല, പാലമില്ല, മരുന്നില്ല എന്തിനേറെ അന്തിക്ക് തലചായ്ക്കുവാൻ സുരക്ഷിതമായ കൂരകൾപോലുമില്ല.

രോഗവും ചികിത്സയും

അന്നത്തെ ഏറ്റവും ദുഃഖകരമായ അനുഭവം രോഗവും അതിനുള്ള ചികിത്സയുമായിരുന്നു. കുടിയേറ്റക്കാർ മലമ്പനിയാൽ വളരെയേറെ കഷ്ടപ്പെട്ടു. ചെങ്ങളായിക്കിപ്പുറം ഒരു 'മുറിവൈദ്യൻ' പോലുമുണ്ടായിരുന്നില്ല. മൂർദ്ധന്യാവസ്ഥയിലെത്തിയ രോഗികളെയും തോളിലേറ്റി മൈലുകൾ താണ്ടി കാട്ടുപാതയിലൂടെ ചികിത്സാകേന്ദ്രങ്ങളിൽ എത്തിക്കുമ്പോഴേക്കും രോഗവും രോഗിയും അസ്തമിച്ച ദുഃഖാനുഭവങ്ങൾ എത്രയെത്ര! അക്കാലത്തെ ഏക ആസ്പത്രി തളിപ്പറമ്പിലായിരുന്നു. രോഗികളെ അവിടെ എത്തിക്കുക അചിന്ത്യംതന്നെ. ആസ്പത്രിയിൽ വച്ചു മരിച്ച രോഗികളെ തിരികെ കൊണ്ടുവരുവാൻ അനുഭവിച്ച ക്ലേശങ്ങളും വർണ്ണനാതീതമാണ്.

ഏതു പ്രതികൂല സാഹചര്യത്തെയും നേരിടാമെന്നുള്ള ചങ്കുറപ്പോടെ പിടിച്ചുനിന്നവരെ തളർത്തി രണ്ടു ശത്രുക്കളാണ് കാലാവസ്ഥയും കാട്ടുമൃഗങ്ങളും. നെല്ലും കപ്പയും, തെങ്ങും കമുകും എല്ലാം കൃഷിചെയ്ത് സമാധാനത്തോടെ കിടന്നുറങ്ങിയാൽ പിറ്റേന്ന് രാവിലെ അവയെല്ലാം നശിച്ചുകിടക്കുന്ന ഭീകരദൃശ്യമാണ് കാണുക. ആനയും, പന്നിയും, മലാനും, എയ്യനും എല്ലാം ഈ നശീകരണത്തിൽ പങ്കുചേർന്നു. കൃഷിസംരക്ഷണത്തിനായി രാത്രി വാസം ഏറുമാടത്തിലാക്കി. രാത്രിപകലാക്കി എന്നാൽ ശത്രുക്കൾ അവരുടെ നശീകരണ പ്രവൃത്തി തുടർന്നുകൊണ്ടേയിരുന്നു.

വിളകൾക്കനുകൂലമായ കാലവർഷവും തുലാവർഷവും മാത്രം പരിചയപ്പെട്ട് ഇവിടെയെത്തിയ കർഷക ജനത കാലാവസ്ഥയിലെ മാറ്റംകണ്ട് അമ്പരന്നുപോയി. ജൂൺ മധ്യത്തോടെ ആരംഭിക്കുന്ന മഴ സെപ്തംബർ വരെ ഇടതടവില്ലാതെ തിമിർത്തു പെയ്യും. പാടത്തും പറമ്പിലും പണിയെടുക്കാൻ കഴിയാതെ വരും. വിളകൾ മുരിടിക്കും. സെപ്തംബർ മുതൽ ജൂൺ മധ്യംവരെ കൊടും വെയിലും. ഇതാണ് കാലാവസ്ഥയുടെ ഏകദേശ ചിത്രം. കാട്ടുമൃഗങ്ങളുടെ കാരുണ്യത്താൽ ബാക്കിവരുന്ന പുനം കൃഷി മെതിച്ചെടുക്കുവാൻപോലും കഴിയാതെ വന്ന സംഭവങ്ങൾ വിരളമല്ല.

ഷിമോഗ കുടിയിറക്കും, കുടിയേറ്റവും

മധ്യകേരളത്തിലെ കർഷകർ കർണാടകത്തിലും കുടിയേറിയിരുന്നു. കർണ്ണാടകിയിലെ ഷിമോഗാ ജില്ലയിലും ധാരാളം മലയാളികൾ ഉണ്ടായിരുന്നു. എന്നാൽ 1966-ൽ കർണ്ണാടക സർക്കാർ അവരെ കുടിയിറക്കി. അവരെ സഹായിക്കുവാൻ ഒരു പ്രസ്ഥാനവും ഉണ്ടായിരുന്നില്ല. അവർ അനുഭവിച്ച ക്ലേശങ്ങൾ വാചാമഗോചരമായിരുന്നു. ഇരുന്നൂറിൽപ്പരം കുടുംബങ്ങളെയാണ് യാതൊരു നഷ്ട പരിഹാരവുംനൽകാതെ പറഞ്ഞുവിട്ടത്. ഇവർക്കുനേരെ സഹായഹസ്തം നീട്ടിയത് തലശേരി രൂപതയാണ്. കുടിയിറക്കപ്പെട്ടവരെ സഹായിക്കാൻ മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളിയും ബഹുമാനപ്പെട്ട കുന്നേലച്ചനും മുൻകൈയെടുത്ത് കരക്കാട്ടിടം ജന്മിമാരിൽനിന്നും 500 ഏക്കർ ഭൂമി ചന്ദനക്കാംപാറയിൽ വാങ്ങി. ഓരോ കുടുംബത്തിനും രണ്ടേക്കർ വീതം നല്കി. അവരെ കുടിയിരുത്തി ഈ പ്രദേശത്തെ ഷിമോഗാ കോളനി എന്നറിയപ്പെടുന്നു.

ഈ കുടിയേറ്റം ചന്ദനക്കാംപാറയുടെ മുഖഛായതന്നെ മാറ്റി കേരള സർക്കാർ പല സഹായങ്ങളും ചെയ്തു. ഒരു ബ്രാഞ്ച് പോസ്റ്റോഫീസും, ഡിസ്പെൻസറിയും റേഷൻകടയും അനുവദിച്ചുകിട്ടി. കുടിയേറ്റക്കാർ പയ്യാവൂർ ഗ്രാമത്തിന്റെ മുഖഛായതന്നെ മാറ്റിമറിച്ചു. വാർഷികവിളകൾ മാത്രമല്ല തോട്ടവിളകൾ വച്ചുപിടിപ്പിക്കുകയും ദീർഘവിളകൾ വളർത്തിയും ഗ്രാമത്തിന്റെ സാമ്പത്തിക ദിനവൃദ്ധിക്ക് അടിസ്ഥാനമുറപ്പിച്ചു. ജന്മിമാരുടെ അതിക്രമങ്ങൾക്കും അറുതിവന്നു.

ആരാധനാലയങ്ങൾ

ഏതൊരു ജനതയുടെയും വളർച്ചയിലും നില നിൽപിലും ആധ്യാത്മികതയ്ക്കും മതജീവിതത്തിനു അതുല്യമായ സ്ഥാനമുണ്ട്. ഏതു ജനപദത്തിന്റെയും ചരിത്രം പരിശോധിച്ചാലും ഈ സത്യം കണ്ടെത്താവുന്നതാണ്. പയ്യാവൂരിലെ ജനതതിയും ഈ പൊതു നിയമത്തിന് അതീതമല്ല.

ഹൈന്ദവക്ഷേത്രങ്ങൾ

ജനജീവിതത്തിന്റെ കേന്ദ്രമായ ശിവക്ഷേത്ര മാണ് മുഖ്യ ഹൈന്ദവ ആരാധനാലയം. കേരളത്തിലെ മുത്തപ്പൻ സ്ഥാനങ്ങളുടെ ആരൂഡസ്ഥാനമായ കുന്നത്തൂർ പാടിയും അഖിലേന്ത്യാ പ്രസിദ്ധമാണ്. പതിനായിരക്കണക്കിന് തീർത്ഥാടകർ വർഷംതോറും ഇവിടെ എത്തുന്നു.

കുടിയേറ്റ ഹൈന്ദവജനതയുടെ ശ്രമഫലമായി സ്ഥാപിച്ച കോയിപ്ര ശ്രീ സുബ്രഹ്മണ്യ ക്ഷേത്രവും പ്രധാനപ്പെട്ട ആരാധനാകേന്ദ്രമാണ്.

ക്രൈസ്തവ ദേവാലയങ്ങൾ

1944-ൽ ഇരുട്ടിൽ ആരംഭിച്ച സെന്റ് സെബാസ്റ്റ്യൻസ് പള്ളിയാണ് ഈ ഗ്രാമത്തിലെ പ്രഥമ ക്രൈസ്തവ ദേവാലയം. കോട്ടയം രൂപതയുടെ കീഴിലായിരുന്നുള്ളത്. കോഴിക്കോട്ടു രൂപതയുടെ കീഴിൽ 1949-ൽ പൈസക്കരയിലും പള്ളി ആരംഭിച്ചു. തുടർന്ന് ചന്ദനക്കാംപാറ, ചമതച്ചാൽ, വെമ്പുവാ, കാഞ്ഞിരക്കൊല്ലി, ശാന്തിനഗർ, പയ്യാവൂർ ടൗൺ, ജോസ് മൗണ്ട്, ആടാംപാറ, ഏറ്റുപാറ ദേവാലയങ്ങളും സ്ഥാപിതമായി.

മലങ്കര ഓർത്തഡോക്സ് സഭയുടെ വക വഞ്ചിയത്തും പെന്തക്കോസ്ത സഭയുടെ പ്രാർഥനാലയവും, യഹോവസാക്ഷികളുടെ രാജ്യഹാളും സ്ഥിതി ചെയ്യുന്നു.

പയ്യാവൂർ ടൗണിൽ ഒരു ജുമാ അത്ത് പള്ളിയും മദ്രസയും പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ചന്ദനക്കാംപാറയിലും, കാഞ്ഞിരക്കൊല്ലിയിലും ഒരോ പള്ളി സ്ഥിതിചെയ്യുന്നു.

ഭൂപരിഷ്കരണം

1970 മുതൽ കേരളത്തിൽ ജന്മിത്വം അവസാനിച്ചുവല്ലോ. ഈ ഗ്രാമത്തിലെ ജനങ്ങൾക്ക് ഏറെ ആശ്വാസം ലഭിച്ച നടപടിയായിരുന്നു ഇത്. ഇവിടുത്തെ മുഴുവൻ കർഷകർകരും ജന്മിത്വത്തിന് കീഴിലായിരുന്നു. അവർക്ക് മോചനം ലഭിച്ചുവെന്നത് എത്രയോ വലിയ കാര്യമാണ്. ഈ ഭൂപരിഷ്കരണം വഴി കുറഞ്ഞതോതിലേ മിച്ചഭൂമി ലഭ്യമായുള്ളൂ. എന്നാൽ 1972-ലെ മിച്ചഭൂമി സമരത്തെ തുടർന്ന്. ഒട്ടനവധി കൃഷിക്കാർക്ക് ഭൂമി പതിച്ചുകിട്ടി.

എന്നാൽ മിച്ചഭൂമി സംബന്ധമായി, പലപ്രശ്നങ്ങളും ഉണ്ടായി. വാക്കാൽ ചാർത്തുവഴിയും, എൻക്രോച്ച്മെന്റ് വഴിയും കർഷകരുടെ കൈകളിലെത്തിയ ഭൂമി മിച്ചഭൂമിയായി ജന്മിക്കുടുംബം റിട്ടേണുകൾ സമർപ്പിച്ചു. പലഭാഗത്തും അതുനിമിത്തം പ്രശ്നങ്ങൾ ഉടലെടുത്തു. ലാന്റ് ബോർഡ് തീർപ്പുകളിലൂടെ മിക്കവയും പരിഹരിക്കപ്പെട്ടു. ഏതാനും ചില കേസുകൾ ലാന്റ് ട്രബ്യൂണലുകളിൽ നിലനിൽക്കുന്നു. കർഷകർ മിക്കവരും പട്ടയം സമ്പാദിച്ചു. എന്നാൽ ഏതാനും ചില ആദിവാസി കോളനികൾക്ക് ഇന്നും പട്ടയം ലഭിച്ചിട്ടില്ല. ചിത്തപ്പാറയിലെയും കുഞ്ഞിപ്പറമ്പിലെയും ചില കൃഷിക്കാർ ഇത്തരം കുടിയിറക്ക് ഭീഷണിയെ നേരിടുന്നുണ്ട്.

ഉപസംഹാരം

പ്രൗഢമായ ഒരു ഗതകാല സംസ്കാരാത്തിലേക്കുള്ള ഒരെത്തിനോട്ടമാണ് ഇവിടെ നടത്തിയത്. ജന്മിത്വത്തിൽ പിഴച്ച ഒരു ജനത മോചിതമായ ദേശീയ പ്രസ്ഥാനത്തിലും, കർഷക സമരത്തിലും പങ്കു ചേർന്നതും നാം കണ്ടു. തദ്ദേശവാസികളും കുടിയേറ്റ ജനതയും ആദിവാസികളും തോളോടു തോളു ചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി എല്ലാ രംഗങ്ങളിലും നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. പക്ഷേ നേടിയവയേക്കാൾ എത്രയോ ലഭിക്കാനുണ്ട്. ജാതി മത വർഗ്ഗ വ്യത്യാസമില്ലാതെ പാർട്ടി ഭേദമെന്യേ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുവാൻ ഈ ജനതയ്ക്കു കഴിയും. ഈ ദൃഢപ്രതിജ്ഞയോടെ മുമ്പോട്ട് നീങ്ങുകയാണ് പയ്യാവൂരെന്ന കൊച്ചു ഗ്രാമം.

■

ഭൂപ്രകൃതി ജനപ്രകൃതി

പയ്യാവൂർ പഞ്ചായത്ത് കർണാടക സംസ്ഥാനത്തോടു ചേർന്നുകിടക്കുന്ന മലകളും താഴ്വരകളും നിറഞ്ഞുനിൽക്കുന്ന പ്രകൃതിരമണീയമായ നാടാണ്. മലകളുടെ ഇടയിലൂടെ ഒഴുകുന്ന പുഴകളും തോടുകളും നാടിനെ ഫലപൂയിഷ്ടമാക്കുന്നു. നിരന്ന പ്രദേശം നന്നേ കുറവാണ്. പുഴകളോടു ചേർന്നതും എക്കൽമണ്ണു നിറഞ്ഞതുമായ ചെറിയഭാഗം മാത്രമാണു നിരന്നതായുള്ളത്. വടക്കുപടിഞ്ഞാറ് എരുവേശി പഞ്ചായത്തതും തെക്കുപടിഞ്ഞാറ് ശ്രീകണ്ഠപുരം പഞ്ചായത്തും തെക്കുകിഴക്ക് പടിയൂർ – കല്യാട് പഞ്ചായത്തും അടുത്തപ്രദേശങ്ങൾ ആണ്. കിഴക്കേ അതിർത്തിയായ ഉടുമ്പപുഴ നമ്മുടെ നാടിന്റെ ഭംഗി വർധിപ്പിക്കുന്നു. പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ അഞ്ചായിതിരിക്കാം.

1. പുഴയോട് ചേർന്ന് എക്കൽമണ്ണു നിറഞ്ഞ നിരന്ന പ്രദേശം.
2. നിരന്ന പ്രദേശത്തോടു ചേർന്നുനിൽക്കുന്ന താഴ്വരകൾ
3. കുത്തനെയുള്ള ചരിവുകൾ
4. മേൽതട്ടിലെ നിരന്ന പ്രദേശം
5. വനപ്രദേശം

കാലാവസ്ഥ

കേരളത്തെ 13 കാലാവസ്ഥ പ്രദേശങ്ങൾ ആയി തിരിച്ചിരിക്കുന്നതിൽ വടക്കൻ ഇടനാട് കാലാവസ്ഥ പ്രദേശമാണ് പയ്യാവൂർ പഞ്ചായത്ത്.

ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ്. മറ്റു മാസങ്ങളിൽ താരതമ്യേന കുറവു ലഭിക്കുന്നുള്ളൂ. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അതിവർഷംമൂലം വെള്ളപ്പൊക്കം, മണ്ണൊലിപ്പ് മുതലായ ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. ഡിസംബർ മുതൽ ഏപ്രിൽവരെ ചൂടും ജലദൗർലഭ്യവും ഉണ്ടാകാറുണ്ട്. ഈ കാലയളവിൽ ഇടമുറിഞ്ഞ പുഴകളും വറ്റിയ തോടുകളും കിണറു

മഴയുടെ ലഭ്യത മില്ലിമീറ്ററിൽ

മഴ	ജനു	ഫെബ്രു.	മാർ.	ഏപ്രി.	മെയ്	ജൂൺ	ജൂലൈ	ആഗ.	സെപ്.	ഒക്.	നവം.	ഡിസം	വാർഷികപക്ഷപാതം
പഞ്ചായത്ത്	4	4	8	64	244	891	1085	570	249	226	99	23	3476
സംസ്ഥാന ശരാശരി	14	17	39	112	256	691	760	433	247	288	163	42	3062

താപനില സെൽഷ്യസിൽ

താപം	ജനു	ഫെബ്രു.	മാർ.	ഏപ്രി.	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്.	ഒക്.	നവം.	ഡിസം.
ഉയർന്നത്	32.9	33.8	34.1	33	32.9	28.7	28.1	29.3	31.1	31.4	32.2	33.2
താഴ്ന്നത്	22.6	22.9	24.7	25.2	25.6	23.4	22.7	23.1	23.3	23.2	23.6	21.4

കളും കുളങ്ങളും കാണാം.

അവലംബം: Land Resource of Kerala State

ഏറെചൂടു ഫെബ്രുവരി മുതൽ മാർച്ച് വരെയും തണുപ്പ് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ അനുഭവപ്പെടുന്നു.

സസ്യസമ്പത്ത്

കൃഷി നടത്താൻ യോഗ്യമായ ഭൂമിയിൽ ഏകദേശം പൂർണമായി കൃഷിചെയ്തിട്ടുള്ള പഞ്ചായത്തുകളിൽ ഒന്നാണു പയ്യാവൂർ. വടക്കൻ ഇടനാട് കലാവസ്ഥ പ്രദേശമായ ഇവിടെ റബർ, കശുമാവ്, തെങ്ക്, കവുങ്ങ്, കുരുമുകളക് എന്നിവയാണു പ്രധാനകൃഷി. ഇടവിളയായി മരച്ചീനി, കൊക്കോ, വാഴ, പച്ചക്കറികൾ എന്നിവയും കൃഷിചെയ്യുന്നു. നാമമാത്രമായ സ്ഥലത്തു നെൽകൃഷിയും നടത്തിപ്പോരുന്നു. 10 വർഷത്തിനിടയ്ക്കു നെൽകൃഷി നടത്തിയിരുന്ന സ്ഥലങ്ങളിൽനിന്നും 75% കുറഞ്ഞതായി കാണാം. തരിശുഭൂമി ഇവിടെ കാണാനില്ല. നല്ല ഒരു വനപ്രദേശം പഞ്ചായത്തിൽ ഉണ്ടെങ്കിലും സംരക്ഷണത്തിന്റെ അഭാവംമൂലം മൊട്ടകുന്നുകളായി മാറുന്നു.

മനുഷ്യവിഭവം

പഞ്ചായത്തിലെ പ്രധാനവിഭവം മനുഷ്യവിഭവം തന്നെയാണ്. 22198 ജനസംഖ്യയുണ്ട് ഈ പഞ്ചായത്തിൽ. അതിൽ 11002 പുരുഷന്മാരും 11196 സ്ത്രീകളുമാണ്. കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരാണ് 90% ജനങ്ങളും. ചുരുക്കം ചില സർക്കാർ ഉദ്യോഗസ്ഥരും ചെറുകിട വ്യവസായ സംരംഭങ്ങളിൽ ജോലി ചെയ്യുന്നവരും ഉണ്ട്. തൊഴിലില്ലായ്മ വളരെ ഉയർന്നതാണ്. സ്ത്രീകളാണ് തൊഴിൽരഹിതരിൽ കൂടുതൽ. സ്ഥിരം തൊഴിൽചെയ്തു ജീവിക്കുന്ന കുടുംബങ്ങൾ 4407.

മനുഷ്യവിഭവം പൂർണമയി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ഇവരുടെ മാനസികവും ശാരീരികവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനാവശ്യമായ സന്ദർഭം ഉണ്ടാക്കി പ്രയോജനപ്പെടുത്തേണ്ടുണ്ട്. നമ്മുടെ വ്യവസായികരംഗം ദുർബലമാണ്. ഈ രംഗം ശക്തിപ്രാപിച്ചാലേ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.



കൃഷി

കാർഷികവൃത്തിയിൽ ഏർപ്പെടുന്ന ജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്താണ് പയ്യാവൂർ. കൃഷിയുടെ ചരിത്രത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. കിഴക്ക് വെള്ളികീറുന്നതുമുതൽ പടിഞ്ഞാറ് അന്തിയുറങ്ങുന്നതുവരെ നമ്മെ ഊട്ടാനും വളർത്താനും പാടത്തും പറമ്പിലും പണിയെടുക്കുന്ന പരശതം കർഷകർ. അവരുടെ കഥ, അവർക്ക് കൂട്ടായിതീർന്ന വിളകളുടെ കഥ, അതെവിടെനിന്നു തുടങ്ങി, എവിടംവരെ എത്തി എന്നത് വളരെ വലുതും അവസാനിക്കാത്തതുമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് മുമ്പുള്ള കൃഷിരീതികളും അതിനോടനുബന്ധിച്ച് കുടിയേറ്റത്തിനുശേഷവും ഭൂപരിഷ്കരണനിയമം നടപ്പിലായതിനുശേഷവും കാർഷികമേഖലയിൽവന്ന പരിവർത്തനങ്ങളും ശ്രദ്ധേയമായ ഘടകങ്ങളാണ്.

പയ്യാവൂർ പഞ്ചായത്ത് ചിറക്കൽ താലൂക്കിൽപ്പെട്ട ഏരുവേശി പഞ്ചായത്തിൽ ഉൾപ്പെട്ടതായിരുന്നു ആദ്യകാലം. ഇവുടത്തെ ഭൂരിഭാഗം ഭൂമിയും സാമന്തൻ കരക്കാട്ടിടം ജന്മിമാരുടെ വകയായിരുന്നു. പുറപ്പാടും നികുതിയും അടക്കാൻ നിവൃത്തിയില്ലാതിരുന്ന കർഷകർ ജന്മിയിൽനിന്ന് ഭൂമി ചാർത്തിവാങ്ങുന്നതിന് വിമുഖത കാണിച്ചിരുന്നതായും ചാർത്തിവാങ്ങിയ ഭൂമി ഈ കാരണത്താൽ ജന്മിക്ക് തിരിച്ചുകൊടുത്തതായും പറയപ്പെടുന്നു.

പുനംകൃഷിയെന്ന കടുംകൃഷിയായിരുന്നു ഉണ്ടായിരുന്നത്. നെല്ല്, മുത്താറി, തുവര, ചാമ, ചോളം, പരുത്തി, ആവണക്ക്, മത്തൻ, നരയൻ, വെള്ളരി എന്നീ വിത്തുകൾകൂടി കലർത്തിവിതച്ച് വിവിധ ഘട്ടമായി വിളവെടുക്കുന്നു. വിള ഇറക്കിക്കഴിഞ്ഞാൽ വിളവെടുക്കുന്നതുവരെ കൃഷിസ്ഥലത്തായിരുന്നു അന്നത്തെ താമസം.

ജന്മിക്ക് ശീലക്കാൾ നൽകി പുനംകൃഷിക്കുള്ള സ്ഥലം നിർണ്ണയിച്ച് വാങ്ങുന്നു. വിതച്ച വിത്തുപൊതിയുടെ എണ്ണത്തിനനുസരിച്ച് ഓരോ കർഷകനും അളക്കേണ്ട പാട്ടം തീരുമാനിക്കേണ്ടത് കാര്യസ്ഥനായിരുന്നു. ഒരു പൊതി വിത്ത് എന്നാൽ 25 സേർ എന്നാണ് മാനദണ്ഡം. കൊയ്തടുക്കിയ കറ്റകൾ നോക്കിയും പാട്ടം തീരുമാനിക്കും. പത്തുപൊതി

അഞ്ചുപൊതിയാക്കാനും അഞ്ച് പൊതി പത്തുപൊതിയാക്കാനും കാര്യസ്ഥൻ വിചാരിച്ചാൽ കഴിയുമത്രേ. പാട്ടമളക്കാനുള്ള വിത്ത് പൈമ്പകളിൽ കെട്ടി നായനാരുടെ ഇവിടുത്തെ ആസ്ഥാനമായ മഠത്തിൽ എത്തിക്കണം. ഒരു പറക്ക് നാഴി എന്ന അളവിൽ കാര്യസ്ഥൻ പ്രതിഫലമായും പാട്ടത്തിനു പുറമേ നൽകണമായിരുന്നു.

ഓണത്തിനു കാഴ്ചവസ്തുക്കളുമായി ജന്മിയെ ഇടത്തിൽചെന്നു കാണണം. ജന്മിയുടെ പത്തായപ്പുര നിറക്കുന്നതിന് എത്രയെത്ര നിബന്ധനകൾ.

മകരമാസം തന്നെ കാടുതെളിക്കാൻ ആരംഭിക്കും. പൂർണമായി ഉണങ്ങിയതിനുശേഷം തീയിട്ട് കത്തിക്കുന്നു. പിന്നീട് പുനംതറിക്കൽ (കത്തിക്കരിയാത്ത കമ്പുകളും വിറകുകളും വെട്ടിമാറ്റൽ). പുനം തറിക്കുന്നതിന് ഓതുന്നതിനും ചായ്ക്കത്തികൾ (ചുണ്ടില്ലാത്ത വീതികൂടിയ വാക്കത്തി) എന്ന ആയുധമാണ് ഉപയോഗിക്കുക. വിളവെടുക്കുന്നതുവരെ താമസിക്കുന്നതിന് പുനത്തിനരികിലായി ഊമ്പുരകൾ കെട്ടുന്നു. പണിക്കാർക്കും ഉടമക്കും വെവ്വേറെ ഊമ്പുരകളുണ്ടായിരിക്കും. മേടം രണ്ടിന് വിത്തുവിതയ്ക്കുന്നതുവരെ വിവിധ ഘട്ടങ്ങളിലായി നിലമൊരുക്കൽ. മേടം രണ്ടിന് വിത്തുകിളച്ചാൽ കന്നി രണ്ടിനു കൊയ്യാം എന്നാണു കണക്ക്. പുനം കൃഷിക്കായി പണിക്കുവരുന്നവർക്ക് സ്വന്തമായി കൃഷിയിറക്കുന്നതിന് പാട്ടമോ, വാരമോ ഇല്ലാതെ പൂനം ഉടമ ചെറിയ സ്ഥലം നൽകും. ഈ സ്ഥലത്തിന് 'അടുമാറികൾ' എന്നുപറയുന്നു. ഇത് അക്കാലത്തെ സഹവർത്തിത്വത്തിന്റെ ഒരു ദൃഷ്ടാന്തമാണ്.

ഓക്കപൊളക്കൽ, മൊടോൻ, കയമ, പാക്കയമ, ഓടച്ചൻ, പാമ്പൻകീരി, ഞവര എന്നീ വിത്തുകളാണ് പ്രചാരത്തിലുണ്ടായിരുന്നത്. വിത്തുവിതയ്ക്കുന്നതിനുമുമ്പ് പഞ്ചാംഗം നോക്കി കരണം നിശ്ചയിക്കും. പന്നിക്കരണം, എലിക്കരണം, പുലിക്കരണം എന്നിങ്ങനെ. പുലിക്കരണത്തിനു വിത്തുവിതച്ചാൽ കാട്ടുമൃഗങ്ങളുടെ ശല്യം കുറയും എന്നാണ് വിശ്വാസം. വിത്ത് ആദ്യം വിതച്ചതിനുശേഷം 'വരിയ' (ചെറിയ തൂമ്പ പോലുള്ള ആയുധം) കൊണ്ട് വാളുകയാണു ചെയ്യുക. കളപറിക്കൽ, തോലരിയൽ എന്നിവയാണ് പ്രധാന കൃഷിപ്പണികൾ. തോലരിയുന്നതിന് 'കങ്കോത്തി' (ചെറിയതരം വാക്കത്തി) എന്ന ആയുധവും പുല്ല് കിളച്ചെടുക്കുന്നതിന് 'മാന്തി' എന്ന ആയുധവും ഉപയോഗിക്കുന്നു.

കാവൽപന്തൽ കെട്ടി പുലരുംവരെ കൂകി ശബ്ദമുണ്ടാക്കി കാട്ടുമൃഗങ്ങളെ അകറ്റൽ വിത്ത് വിതച്ചതുമുതൽ വിളവെടുക്കുന്നതുവരെ തുടരും.

കൊയ്ത്തുകാരെ അന്വേഷിച്ച് കർക്കിടകത്തിൽതന്നെ കോൾതൊരുത്തി, കടമ്പേരി തുടങ്ങിയ നാടുകളിൽ പോയി പണംകൊടുത്ത് ഏൽപിക്കണം. കൊയ്ത്തുകാർ വരുമ്പോഴേക്കും താമസത്തിന് ഊമ്പുരകൾ കെട്ടിയിടണം. കന്നി രണ്ടിന് കൊയ്ത്തു തുടങ്ങിയാൽ തുലാം പത്തുവരെ കൊയ്ത്ത് നീണ്ടുനിൽക്കും. ഒടുവിൽ തുമര കൊത്തുന്നതോടെ പുനം അടങ്ങിയെന്നു പറയും. വാളുന്നതിനും കൊയ്യുന്നതിനും മെതിക്കുന്നതിനും ചുമക്കുന്നതിനും നെല്ലും തുവരയും കൂലിയായി നൽകുന്നു.

കൊയ്ത കറ്റകൾ ഊമ്പുരകളിൽ കയറ്റുമ്പോഴും നെല്ല് വീട്ടിൽകയറ്റുമ്പോഴും പൊലി, പൊലിനാമം ഉച്ചരിച്ചിരുന്നു. നെല്ല് മഹാലക്ഷ്മിയുടെ പ്രതീകമാണെന്നാണ് വിശ്വാസം. ഒരിക്കൽ പുനംകൃഷിചെയ്ത സ്ഥലം 10 മുതൽ 12 വർഷംവരെ തരിശിടുന്നു. ഇങ്ങനെയുള്ള സ്ഥലത്തിന് ഇളമ്പകൾ എന്നുപറയുന്നു. പത്തുവർഷം കഴിഞ്ഞ് മൂത്ത ഇളമ്പകൾ പുനംകൃഷിക്ക് വീണ്ടും ഉപയോഗിക്കും. സ്ഥല ലഭ്യത കുറഞ്ഞപ്പോൾ മൂക്കാത്ത ഇളമ്പകളും കൃഷിക്ക് ഉപയോഗിച്ചിരുന്നു.

ഭൂമി ജന്മിയുടേതായിരുന്ന കാലത്ത് വാർഷിക വിളകൾ മാത്രമാണ് കൃഷിചെയ്തിരുന്നത്. അപൂർവ്വമായി മാത്രമാണ് കുരുമുളക്, കമുങ്ങ്, തെങ്ങ് പോലുള്ളവ കൃഷിചെയ്തത്. ദീർഘകാല വിളകൾ കൃഷിചെയ്യാതിരുന്നത് കൃഷിചെയ്ത വ്യക്തിയുടെ അനുവാദം ഇല്ലാതെതന്നെ ജന്മി പാട്ടംകൊടുക്കുകയും വിളവെടുക്കുകയും ചെയ്യുന്നതുകൊണ്ടായിരുന്നു.

1940-കളിൽ കുടിയേറ്റം വ്യാപകമായി. കന്നിമണ്ണ് അന്വേഷിച്ചിറങ്ങിയ കർഷകർ അവനവന്റെ മടിശീലക്കനവും മിടുക്കും അനുസരിച്ച് ജന്മിയിൽനിന്നും ഇളമ്പകൾ ചാർത്തിവാങ്ങി ഭൂമി കൈവശപ്പെടുത്തി. ഇങ്ങനെയുള്ള സ്ഥലത്തെ നല്ല മരങ്ങൾ ഓണത്തിനും മറ്റും കാഴ്ചകൾ നൽകണമെന്ന് വ്യവസ്ഥയുണ്ട്. കുടിയേറ്റക്കാരും നാട്ടുകാരും സഹകരണത്തോടെ ഇളമ്പകളിൽ പുനംകൃഷി നടത്തി. അതിനോടുചേർന്ന് മലകളിൽ തെരുവയും മരച്ചീനിയും കൃഷിചെയ്തു. മരച്ചീനിക്ക് ഇടയിലായി കശുമാവും കൃഷിചെയ്തു. തെരുവ തൈലത്തിന്റെ വിലയിടിവ് കൃഷിയുടെ വ്യാപ്തി കുറച്ചു. വേനൽക്കാലങ്ങളിലും നിറഞ്ഞൊഴുകിയിരുന്ന പുഴകളും തോടുകളും ഉറവവറ്റാത്ത ചതുപ്പുകളും

അന്നത്തെ പ്രത്യേകതകളാണ്. ജലലഭ്യത എല്ലായിടത്തും. കരകൾ നിരത്തി നെൽക്കൃഷിചെയ്തിരുന്നത് അക്കാലത്ത് കർഷകർക്ക് നെൽകൃഷിയോടുള്ള പ്രതിപത്തിയും ഇതിന്റെ ആവശ്യകതയും വ്യക്തമാക്കുന്നു. മണ്ണിന്റെ ചെങ്കുത്തനെയുള്ള കിടപ്പും തുടർച്ചയായ കപ്പകൃഷിയും (മരച്ചീനി) കാടുകൾ അപ്രത്യക്ഷമായതും മണ്ണൊലിപ്പിന്റെ രൂക്ഷത വർധിപ്പിച്ചു. പുഴകളും തോടുകളും നിരന്നതും പുഴയോരത്തെ മരങ്ങൾ നശിപ്പിച്ചതും പ്രകൃതിയിൽ വകഭേദങ്ങൾ വരുത്തിയിരിക്കുന്നു.

1970-നുശേഷം ഭൂപരിഷ്കരണനിയമം കാർഷികമേഖലയിൽ വമ്പിച്ച മാറ്റംതന്നെ ഉണ്ടാക്കി. ജന്മിയിൽനിന്നും സർക്കാരിലേക്ക് നിക്ഷിപ്തമായി. കൈവശഭൂമിക്ക് പട്ടയംകിട്ടിയതും കർഷകത്തൊഴിലാളികൾക്ക് മിച്ചഭൂമി പതിച്ചുകിട്ടിയതും കർഷകരിൽ സുരക്ഷിതത്വബോധം ഉളവാക്കി. തന്നാണ്ട് വിളകളിൽനിന്നും സ്ഥായിയായ വിളകളിലേക്കുള്ള മാറ്റം ത്വരിതപ്പെടുത്തി. പഞ്ചായത്തിലെ ഗതാഗതസൗകര്യക്കുറവും, കാർഷികോത്പന്നങ്ങളുടെ വിലക്കുറവും, ആവശ്യമായ വിത്ത്, വളം, കീടനാശിനികൾ, സസ്യസംരക്ഷണ ഉപകരണങ്ങളുടെ ലഭ്യതക്കുറവ്, പ്രകൃതിക്ഷോഭംകൊണ്ടുള്ള നഷ്ടങ്ങൾ, രോഗം, പട്ടിണി തുടങ്ങിയ എല്ലാ പ്രതിബന്ധങ്ങളും അതിജീവിച്ച് കർഷകൻ അവന്റെ ജൈത്രയാത്ര തുടർന്നു.

മുഖ്യ ആഹാരമായ നെൽക്കൃഷിയിൽ ആരംഭിച്ച് നാണ്യവിളകളിൽ പ്രധാനിയായ റബ്ബർകൃഷി വ്യാപിച്ച അവസ്ഥയാണ് ഇന്നുള്ളത്. പുതിയ തലമുറ കൃഷിയിൽ താൽപര്യം കാണിക്കുന്നില്ല. തലമുറകളിൽനിന്ന് തലമുറകളിലേക്കുള്ള കൈമാറ്റം കൃഷിഭൂമി തുണ്ടുതുണ്ടുകളാക്കി. കാർഷികമേഖലയിൽ പയ്യാവൂർ സർവ്വീസ് സഹകരണബാങ്കും കണ്ണൂർ ജില്ലാ ഭൂവികസനബാങ്കും, നോർത്ത് മലബാർ ഗ്രാമീൺ ബാങ്കും, സിൻഡിക്കേറ്റ് ബാങ്കും, കർഷകർക്ക് ഹ്രസ്വകാല, ദീർഘകാല കാർഷികവായ്പകൾ നൽകുന്നു. പയ്യാവൂർ സർവീസ് സഹകരണബാങ്കിന്റെ പയ്യാവൂർ, ചന്ദനക്കാംപാറ ഡിപ്പോകളിലും, പയ്യാവൂർ, ചമതച്ചാൽ എന്നീ സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന മൂന്ന് സ്വകാര്യ വളംഡിപ്പോകളിലും രാസവള കീടനാശിനി ലഭ്യതാസൗകര്യം പഞ്ചായത്തിലുണ്ട്.

കൈവശഭൂമി വിസ്തീർണ്ണം

നമ്പർ	ഭൂമി	കുടുംബങ്ങളുടെ എണ്ണം
1	50 സെന്റ് വരെയുള്ളവർ	398
2	50 സെന്റ് മുതൽ 1 ഏക്കർ വരെ	704
3	1 ഏക്കർ മുതൽ 2 ഏക്കർ വരെ	1127
4	2 ഏക്കർ മുതൽ 5 ഏക്കർ വരെ	1244
5	5 ഏക്കറിനു മുകളിൽ	409
ആകെ		3882

(അവലംബം: വില്ലേജ് ഓഫീസ്)

ഭൂവിനിയോഗം

6782.8 ഹെക്ടർ ഭൂമിയുള്ള പയ്യാവൂർ പഞ്ചായത്തിൽ കൃഷിയോഗ്യമായ ഭൂമി പൂർണ്ണമായി തന്നെ കൃഷിചെയ്തതായി കാണാം. മലകളും കുന്നിൻപ്രദേശങ്ങളും നിറഞ്ഞ ഇവിടെ നാണ്യവിളകളാണ് കൂടുതലായും കൃഷിചെയ്യുന്നത്.

വിള വിസ്തീർണ്ണം (കൃഷിഭവൻ)

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടർ)
1	നെല്ല് ഒന്നാംവിള	40
2	നെല്ല്' രണ്ടാം വിള	20
3	പച്ചക്കറികൾ	20
4	തെങ്ങ്	195
5	വാഴ	20
6	മരച്ചീനി	10
7	കുരുമുളക്	165
8	പ്ലാവ്	8
9	കശുമാവ്	2920
10	മാവ്	10
11	റബ്ബർ	3785
12	കവുങ്ങ്	95

മുകളിൽ കൊടുത്ത പട്ടികയിൽനിന്നും കശുമാവ്, റബ്ബർ പോലുള്ള വിളകളാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതലെന്നു കാണാൻകഴിയും. വാഴ, മരച്ചീനി മുതലയാവ ഇടവിളകളായും പ്ലാവ്, മാവ്, കുരുമുളക് മുതലായവ കൂട്ടുകൃഷിയായും ചെയ്യുന്നു.

ഭൂമിസംബന്ധിച്ച വിവരങ്ങൾ (കൃഷിഭവൻ രേഖ)

ഇനം	വിസ്തീർണ്ണം (ഹെക്ടർ)
നിലം	40
പുരയിടം	6010.2
ഫോറസ്റ്റ്	723.6
കൃഷിയോഗ്യമല്ലാത്ത തരിശ്	9
ആകെ	67828

കൃഷികളെക്കുറിച്ച്:

നെല്ല്

നെല്ല് ഒരുകാലത്ത് അഭിമാനത്തോടെ കൃഷിചെയ്തിരുന്നു. നെൽക്കൃഷി ഉണ്ടെന്നുള്ളത് മാന്യതയായി കരുതിയിരുന്ന കാലം അകലെയല്ല. നാട്ടിപ്പാട്ടുകൾ പാടി ഞാറ് പറിക്കുകയും നടുകയും ചെയ്യുന്ന സ്ത്രീകളും കാളപൂട്ടുകയും വിത്ത് വിതയ്ക്കുകയും ചെയ്യുന്ന കർഷകരും എണ്ണത്തിൽ കുറഞ്ഞു. കൊയ്തുകിട്ടിയ കറ്റകൾ വീട്ടിലെത്തിക്കുന്നത് ഐശ്വര്യത്തിന്റെ പ്രതീകമായി കണ്ടിരുന്ന അവസ്ഥയും മാറി. നടുന്നതിനും കൊയ്യുന്നതിനും ഇന്ന് ആളെകിട്ടാത്ത അവസ്ഥയാണ്. പഞ്ചായത്തിൽ ഇപ്പോൾ പത്തിൽ താഴെ ഉഴവുകാർ മാത്രമാണുള്ളത്. പ്രധാന വയൽപ്രദേശങ്ങൾ മിടാവൂർ –15 ഹെക്ടർ, മുത്താരിക്കുളം – 15 ഹെക്ടർ, പറക്കടവ് – 4 ഹെക്ടർ, പൈസക്കരി – 3 ഹെക്ടർ, ഉപ്പുപടന്ന – 2 ഹെക്ടർ, പയ്യാവൂർ – 1 ഹെക്ടറുമാണ്.

ജയ, ജ്യോതി, ത്രിവേണി, പവിഴം, പി.ടി.ബി. എന്നീ ഇനങ്ങളാണ് പ്രധാനമായും കൃഷിചെയ്തിരുന്നത്. രോഗങ്ങളും കീടങ്ങളും നിയന്ത്രണവിധേയമാണെങ്കിലും ചില കാലങ്ങളിൽ വസന്തപോലെ നെല്ല് മാഞ്ഞുപോകുന്ന ഒരു രോഗം കണ്ടുവരുന്നുണ്ട്. നെൽക്കൃഷി വർധിപ്പിക്കുന്നതിനായി പാടശേഖരസമിതി പ്രവർത്തിക്കുന്നു. ചെറിയ ചെറിയ കഷ്ണങ്ങളായി വിവിധ സ്ഥലങ്ങളിലായി നെൽക്കൃഷിചെയ്യുന്നതിനാൽ പാടശേഖരസമിതിയുടെ പ്രവർത്തനം പൂർണ്ണമായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. മുത്താരിക്കുളം കേന്ദ്രമാക്കിയാണ് പാടശേഖരസമിതി നിലവിൽ പ്രവർത്തിക്കുന്നത്. ഇവയ്ക്ക് മരുന്നുതളിക്കുന്നതിനായി പമ്പുകൾ കൃഷിഭവൻ മുഖാന്തിരം നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ജലലഭ്യതയുടെ അഭാവംമൂലം രണ്ടാംവിള കൃഷി പകുതിയായി കുറയുന്നു.
2. കൂലിനിരക്ക്, രാസവള വിലവർധനവ് എന്നിവ മൂലം ഉത്പാദനച്ചെലവ് വർധിക്കുന്നു.
3. വയലുകളിൽ നാണ്യവിള കൃഷി വ്യാപകമാവുന്നു.
4. വയലുകൾ നികത്തി വീടുകൾ പണിയുന്നു.
5. ജൈവവള ദൗർലഭ്യം മണ്ണിന്റെ ഫലപുഷ്ടി കുറക്കുന്നു.
6. തൊഴിലാളികളുടെ ലഭ്യതക്കുറവ്.

സാധ്യതകൾ

1. ജലസേചനസൗകര്യം വർധിപ്പിക്കുക
2. ഉഴവിനുള്ള ട്രാക്ടർ, ട്രില്ലർ പാടശേഖരസമിതികൾക്ക് സൗജന്യമായി നൽകുക.
3. രാസവളത്തിന് സബ്സിഡി അനുവദിക്കുക.
4. വയലുകൾ നിരത്തി വീടുകളും നാണ്യവിളകളും നിയമംമൂലം നിരോധിച്ച് നെൽക്കൃഷിയെ സംരക്ഷിക്കുക.
5. ജൈവവളം ചേർക്കുന്നതിന് ധനസഹായം ചെയ്യുക.
6. ഉത്പാദനബോണസ് വർധിപ്പിക്കുക.
7. ഗ്രൂപ്പ് ഫാമിങ്ങ് ഊർജ്ജിതപ്പെടുത്തുക.
8. തരിശായ വനപ്രദേശത്ത് പച്ചിലവളം നിർമിക്കുന്നതിനാവശ്യമായ ചെടികൾ നടൽ.
9. കോൺക്രീറ്റ് മതിലുകൾക്കു പകരം കൊന്നക്കൊമ്പുകൊണ്ടുള്ള വേലികെട്ടൽ.
10. നെൽക്കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനാവശ്യമായ പ്രചാരണപരിപാടികൾ നടത്തുക.
11. മാതൃകാ നെൽക്കൃഷിക്കാരനെ പഞ്ചായത്തുതലത്തിൽ ആദരിക്കൽ.

റബ്ബർ

പഞ്ചായത്തിലെ കൃഷിമേഖലയിൽ ഭൂരിഭാഗം പ്രദേശത്തും റബ്ബർകൃഷിചെയ്യുന്നതിനായി കൃഷിഭവനിലെ കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. 3785 ഹെക്ടർ റബ്ബർകൃഷി നിലവിൽ പഞ്ചായത്തിലുണ്ട്. അതിൽ 2500 ഓളം ഹെക്ടർ സ്ഥലത്തെ റബ്ബർ മരങ്ങൾ ടാപ്പിങ്ങ് നടത്തുന്നവയാണ്. 8355 മെട്രിക് ടൺ റബ്ബർ ഓരോ വർഷവും നമ്മുടെ പഞ്ചായത്തിൽനിന്നും ഉത്പാദിപ്പിക്കുന്നു. രണ്ട് മെട്രിക് ടൺ ഉത്പാദനക്ഷമതയും ഹെക്ടറിൽ കണക്കാക്കിയിട്ടുണ്ട്.

ഭൂരിഭാഗവും അത്യുത്പാദനശേഷിയുള്ള RRI 105 ഇനമാണ് കൃഷിചെയ്യുന്നത്. കൂടാതെ നാടൻ ഇനങ്ങളും RRI 600, GTI RRI–235 എന്നിവയും കൃഷി

ചെയ്യുന്നു. മറ്റു കൃഷികളിൽനിന്നും വിപരീതമായ ഒരു പ്രത്യേകതയാണ് റബ്ബർകൃഷിയിൽ പൊതുവേ കാണുന്നത്. മറ്റു കൃഷികൾ ഉത്പാദനക്ഷമത കുറഞ്ഞവ കൂടുതലായി കൃഷിചെയ്യുമ്പോൾ റബ്ബർകൃഷിയിൽ ഉത്പാദനം കൂടിയവ കൂടുതലായി കൃഷിചെയ്യുന്നു. ഉത്പാദനക്ഷമത വർധിച്ച ഇനങ്ങൾ കൂടുതലായി കൃഷിചെയ്യുന്നതിനാൽ കൂടുതൽ കർഷകർ ഈ രംഗത്തേക്ക് കടന്നുവരാൻ താൽപര്യം കാണിക്കുന്നു.

റബ്ബർബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനംമൂലം റബ്ബർകൃഷിചെയ്യാൻ ഉദ്ദേശിക്കുന്ന കർഷകൻ റബ്ബർകൃഷിയിലെ എല്ലാ നിർദ്ദേശങ്ങളും തത്വങ്ങളും അംഗീകരിച്ച് കൃഷിനടത്തുന്നതിനു തയ്യാറാകുന്നു. റബ്ബർതൈ നട്ടുകഴിഞ്ഞാൽ ആറുവർഷമാകുമ്പോൾ 20 ഇഞ്ചിനുമുകളിൽ വണ്ണമെത്തുകയും ടാപ്പിങ്ങ് ആരംഭിക്കാൻ സാധിക്കുകയും ചെയ്യുന്നു. പഞ്ചായത്തിൽ 20 മരത്തിന് ഒരുഷീറ്റ് എന്നനിലയിൽ ഒരുവർഷം 100 വിളവെടുപ്പ് ദിനങ്ങൾ ലഭിക്കുന്നു.

പട്ടമരപ്പ് രോഗമാണ് ടാപ്പ് ചെയ്യുന്ന മരങ്ങളെ കൂടുതലായി ബാധിക്കുന്നത്. മഴക്കാലത്ത് 'ഫൈറ്റാത്തോറ' എന്ന കുമിൾ ഉണ്ടാക്കുന്ന ചീക്ക് രോഗവും സാധാരണ കാണപ്പെടുന്നു. റെയിൻഗാഡ് ചെയ്ത് ടാപ്പ് ചെയ്യുമ്പോൾ കൃത്യമായി 'എൻഡോഫിൽ എം 45' എന്ന കുമിൾനാശിനിയിട്ട് പട്ട കഴുകാത്തതിനാൽ പട്ടചീയൽ രോഗവും കാണുന്നു. പാച്ച്ക്യാക്കർ, ഡ്രൈറോട്ട്, ജലപ്പുള്ളി രോഗം എന്നീ രോഗങ്ങളും ചെറുതായി കണ്ടുവരാറുണ്ട്. ഇത്തരം രോഗങ്ങൾ എല്ലാം ഉണ്ടാകുന്നുണ്ടെങ്കിലും കൃഷിയിൽനിന്നും പിൻതിരിയാൻമാത്രം വലുതല്ല. റബ്ബർകൃഷി ഉണ്ട് എന്നത് മാന്യതനൽകുന്നതും സുരക്ഷിതബോധം തോന്നുന്നതുമായ നിലയാണ് ഇന്ന് പഞ്ചായത്തിലുള്ളത്. റബ്ബർബോർഡിന്റെ ആകർഷകമായി സബ്സിഡിയും പ്രവർത്തനങ്ങളും ഇൻഷൂറൻസ് പദ്ധതിയുമെല്ലാം ഈ കൃഷിയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനു പ്രധാന കാരണങ്ങളാണ്.

റബ്ബർകൃഷിക്ക് ജലസേചനം ആവശ്യമില്ലാത്തതിനാൽ ഏത് മലഞ്ചെരിവുകളിലും കൃഷിനടത്താം. കശുമാവിനെ കാലാവസ്ഥ പ്രതികൂലമായി ബാധിക്കുന്നതിനാൽ കശുമാവ് തോട്ടങ്ങൾ മുറിച്ച് റബ്ബർതോട്ടങ്ങളാക്കി മാറ്റുന്ന നിലയാണ് ഇന്ന് പഞ്ചായത്തിലുള്ളത്. റബ്ബർ ഉത്പാദനത്തെ ബാധിക്കുന്ന പ്രധാന ഘടകമാണ് ടാപ്പിങ്ങ്. ഒരു വിദഗ്ധനായ ടാപ്പർക്കുമാത്രമേ മരത്തിന്റെ പൂർണ്ണസുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് കറ പുറത്തെടുക്കാൻ സാധിക്കുകയുള്ളൂ. വിദഗ്ധ ടാപ്പർമാരെ വാർത്തെടുക്കുന്നതിനായി റബ്ബർബോർഡിന്റെ 'ടാപ്പേർസ് ട്രെയിനിങ്ങ് സ്കൂൾ' ചാമക്കാലിൽ പ്രവർത്തിക്കുന്നു. ഒരു പരിധിവരെ നമ്മുടെ പഞ്ചായത്തിലെ ടാപ്പർമാർക്ക് വിദഗ്ധപരിശീലനം നൽകാൻ ആ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്.

പ്രശ്നങ്ങൾ

1. ശാസ്ത്രീയമായി റബ്ബർഷീറ്റ് നിർമ്മാണം അറിയാത്തതിനാൽ ക്വാളിറ്റി കുറഞ്ഞ റബ്ബർഷീറ്റ് നിർമ്മിക്കുകയും സാമ്പത്തികനഷ്ടം ഉണ്ടാകുകയും ചെയ്യുന്നു.
2. റബ്ബർകൃഷിയെക്കുറിച്ചുള്ള അറിവില്ലായ്മ.
3. ഗുണനിലവാരമുള്ള റബ്ബർതൈകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
4. റബ്ബർകൃഷിക്ക് നൽകുന്ന സാമ്പത്തികസഹായങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
5. റെയിൻഗാർഡ് ചെയ്തുള്ള ടാപ്പിങ്ങ് കുറവായതിനാൽ ഉത്പാദനം കുറയുന്നതിനു കാരണമാകുന്നു.
6. ജൂൺ, ജൂലൈ മാസങ്ങളിലെ അതിവർഷം കുമിൾരോഗങ്ങൾ ഉണ്ടാക്കുന്നു.

സാധ്യതകൾ

1. റബ്ബർകർഷകസംഘങ്ങളുടെ പ്രവർത്തനം ത്വരിതപ്പെടുത്തി റബ്ബർബോർഡിന്റെ സഹായത്തോടെ പഠനക്ലാസുകൾ സംഘടിപ്പിക്കൽ.
2. റബ്ബർപാൽ ശേഖരിക്കുന്ന സഹകരണസംഘത്തിന്റെ രൂപീകരണം.
3. അത്യുത്പാദനശേഷി കുറഞ്ഞ റബ്ബർമരങ്ങൾ മുറിച്ചുമാറ്റി അത്യുത്പാദനശേഷിയുള്ളവ കൃഷിചെയ്യുക.
4. റബ്ബർ ഉപയോഗിച്ചുകൊണ്ടുള്ള ചെറുകിടവ്യവസായസ്ഥാപനങ്ങൾ ആരംഭിച്ചാൽ റബ്ബറിന്റെ വില വർധിപ്പിക്കാം.

കശുമാവ്

ഈ പഞ്ചായത്തിൽ 2920 ഹെക്ടർ കൃഷിഭൂമിയിൽ കശുമാവ് കൃഷിയുണ്ട്. 2800 ഹെക്ടർ കൃഷിയും വിളവെടുപ്പ് നടന്നുകൊണ്ടിരിക്കുന്നവയാണ്. 508.75 മെട്രിക് ടൺ കശുവണ്ടി നമ്മുടെ പഞ്ചായത്തിൽ വർഷംതോറും ഉത്പാദിപ്പിക്കുന്നു. കശുമാവ് കൃഷി ആരംഭിച്ചത് കപ്പയുടെ ഇടയിൽ കശുമാവിൻതൈകൾ നട്ടുകൊണ്ടായിരുന്നു. വളക്കൂറു കുറഞ്ഞതും ജലസേചനസൗകര്യമില്ലാത്ത

തുമായ കുന്നിൻപ്രദേശങ്ങളിൽ നട്ടുവളർത്തിയായിരുന്നു കശുമാവ് യാതൊരു ശാസ്ത്രീയപരിചരണവുമില്ലാതെ വളർന്നുവന്നു. കശുവണ്ടിക്ക് നല്ല വില ലഭ്യമായതോടെയാണ് കശുമാവ്കൃഷി വ്യാപിക്കാൻ തുടങ്ങിയത്. ചെങ്കുത്തായ മലകൾ മാത്രമുള്ള ഇവിടെ മണ്ണൊലിപ്പ് രൂക്ഷമാണ്. അതിനാൽ മണ്ണിന്റെ പശിമ നഷ്ടപ്പെട്ടതുകൊണ്ട് കശുമാവ്കൃഷിയേയും ഉത്പാദനത്തേയും പ്രതികൂലമായി ബാധിച്ചു.

പൂ കരിച്ചിൽ കൊണ്ടുള്ള ദോഷങ്ങളുണ്ടെങ്കിലും ഇപ്പോൾ അത്യുത്പാദനശേഷിയുള്ള ബഡ്ഡിനങ്ങൾ കർഷകർ കൃഷിചെയ്യാൻ തുടങ്ങിയിട്ടുണ്ട്.

കഴിഞ്ഞ കുറച്ചുവർഷങ്ങളിൽ കാലാവസ്ഥയുടെ പ്രതികൂലാവസ്ഥകൊണ്ട് ഉത്പാദനം തീരെ കുറയുന്നതിനു കാരണമായി. പുഴുവിന്റെ ആക്രമണംമൂലം കശുമാവ് ഉണങ്ങിപ്പോകുന്നത് കൂടുതലായി കണ്ടുതുടങ്ങിയതോടെ കർഷകർ കശുമാവ് മുറിച്ച് റബ്ബർകൃഷിനടത്താൻ തയ്യാറാവുകയാണ്.

പ്രശ്നങ്ങൾ

1. കശുവണ്ടിക്ക് അന്താരാഷ്ട്ര മാർക്കറ്റിനനുസരിച്ച് വില ലഭിക്കുന്നില്ല.
2. കശുവണ്ടി, കശുമാങ്ങ എന്നിവയുടെ സംസ്കരണത്തിനാവശ്യമായ ചെറുകിട വ്യവസായസ്ഥാപനങ്ങളില്ല.
3. ഉത്പാദനശേഷി കുറഞ്ഞ ഇനങ്ങളാണ് കൃഷിചെയ്യുന്നത്. അതുകൊണ്ട് ഉത്പാദനം കുറയുന്നു.
4. കാലാവസ്ഥയുടെ മാറ്റംമൂലം പഴയതുപോലെ കശുമാവ് വളരുന്നില്ല.

സാധ്യതകൾ

1. അത്യുത്പാദനശേഷിയുള്ള ബഡ്ഡ്തൈകളുടെ വിതരണം.
2. കശുമാവ് കൃഷിയേക്കുറിച്ച് കൃഷിഭവന്റെ നേതൃത്വത്തിൽ ചർച്ചാക്ലാസുകൾ സംഘടിപ്പിക്കൽ.
3. കശുമാവ് സംരക്ഷണസമിതി രൂപീകരിക്കുകയും കൃഷിഭവന്റെ നേതൃത്വത്തിൽ കൃഷിക്കാവശ്യമായ ഉപകരണങ്ങൾ നൽകൽ.
4. സബ്സിഡിയോടുകൂടിയ വള കീടനാശിനി വിതരണം.
5. കശുവണ്ടി, കശുമാങ്ങ എന്നിവ സംസ്കരിക്കുന്നതിനായി പ്രാദേശികാടിസ്ഥാനത്തിൽ സംസ്കരണശാലകൾ ആരംഭിക്കുക.
6. കശുമാവ് തോട്ടങ്ങളിൽ മണ്ണ്സംരക്ഷണപ്രവൃത്തി നടപ്പിലാക്കുക.
7. കശുവണ്ടിക്ക് അന്താരാഷ്ട്രമാർക്കറ്റിനോട് അടുത്ത തറവില നിശ്ചയിക്കുക.

കുരുമുളക്

ഒരുകാലത്ത് സമ്പദ്ഘടനയിൽ മുഖ്യപങ്കുവഹിച്ചകുരുമുളക് നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് ഇന്ന് പയ്യാവൂർ പഞ്ചായത്തിലുള്ളത്. വീട്ടുവളപ്പുകളിലും മലനിരകളിലും സമൃദ്ധമായി വളർന്നിരുന്ന കുരുമുളക് ചെടികൾ ഇന്ന് ദ്രുതവാട്ടരോഗത്താൽ നശിച്ചുകൊണ്ടിരിക്കുകയാണ്. നാടൻ ഇനങ്ങളായ കല്ലുവള്ളി, ബാലൻകൊട്ട, ഇതിരൻകൊട്ട, കാനിയക്കാടൻ, ചെറിയ കാനിയക്കാടൻ തുടങ്ങിയ നാടൻ ഇനങ്ങൾ ഇന്ന് കൃഷിയേയില്ല. തിരുവിതാംകൂർ ഇനമായ കരിമുണ്ട, അറക്കുളവൻ മുണ്ടി, പന്നിയൂർ-1 എന്നിവയാണ് ഇപ്പോഴത്തെ പ്രധാന ഇനങ്ങൾ.

കുരുമുളക് കൃഷി വ്യാപനത്തിനും പുനരുദ്ധാരണത്തിനുമായി ലോകബാങ്കിന്റെ സഹായത്തോടെ ബാങ്ക് വായ്പയും കുരുമുളക് കൃഷി സ്ഥലത്തെ മണ്ണ് സംരക്ഷണപ്രവൃത്തികൾക്ക് ധനസഹായവും കുരുമുളക് സംരക്ഷണസമിതികൾ മുഖേന സൗജന്യ കുമിൾനാശിനി വിതരണവും സസ്യസംരക്ഷണ ഉപകരണങ്ങൾ സമിതികളിൽക്കൂടിയും ലഭ്യമാക്കുന്നുണ്ട്.

കുരുമുളക് സംരക്ഷണസമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കുരുമുളക് കൃഷിയുടെ സംരക്ഷണത്തിനോ വ്യാപനത്തിനോ ഇതുവരെ സാധിച്ചിട്ടില്ല. ആനുകൂല്യങ്ങൾ മുഴുവൻ ലഭിക്കുന്നത് അനർഹരായവർക്കാണ്. ആനുകൂല്യങ്ങൾ ലഭിക്കുന്നവർ കുരുമുളക് സംരക്ഷണത്തിനുതന്നെ ഉപയോഗിക്കുന്നു എന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

പ്രശ്നങ്ങൾ

1. അതിമാരകമായ ദ്രുതവാട്ടരോഗംമൂലം കൃഷിനശിക്കുന്നു.
2. ഉത്പാദനശേഷി കൂടിയ കുരുമുളക് വള്ളിയുടെ അഭാവം.

സാധ്യതകൾ

1. രോഗപ്രതിരോധശേഷിയുള്ള പുതിയ ഇനങ്ങൾ കണ്ടുപിടിക്കുക.
2. ഉത്പാദനശേഷി കൂടിയ കുരുമുളക് വള്ളി വിതരണംചെയ്യൽ.
3. സസ്യസംരക്ഷണത്തിനായി സ്പ്രേയിംഗ് സ്ക്വാഡുകൾ രൂപകരിച്ച് സ്പ്രേയിംഗ് നടത്തുക.
4. രോഗം ബാധിച്ച് നശിക്കുന്ന കുരുമുളക് കൃഷിക്കുകൂടി ഇൻഷൂറൻസ് ആനുകൂല്യം നൽകുക.

തെങ്ങ്

195 ഹെക്ടർ സ്ഥലത്ത് തെങ്ങ്കൃഷി പഞ്ചായത്തിലുണ്ട്. 1591680 തേങ്ങ പ്രതിവർഷം ഉത്പാദിപ്പിക്കുന്നു. ഉത്പാദനക്ഷമത ഹെക്ടറിൽ 8290 എണ്ണമാണ്. പ്രധാനമായി നാടൻ തെങ്ങിനങ്ങളാണ് കൃഷിചെയ്യുന്നത്. T x D, D x T ഇനവും കൃഷിചെയ്യുന്നു. തെങ്ങ് കൃഷിയുടെ വ്യാപനം കുറവാണ്. അത്യുത്പാദനശേഷിയുള്ള TxD, DxT ഇനങ്ങൾക്ക് കർഷകരിൽ പ്രിയമുണ്ടെങ്കിലും ആവശ്യമായ എണ്ണം വിതരണംചെയ്യാൻ കൃഷിഭവനിലൂടെ സാധിക്കുന്നില്ല. കുറഞ്ഞുകൊണ്ടിരിക്കുന്ന മഴയും അതുകൊണ്ടുണ്ടാകുന്ന വരൾച്ചയും ഉത്പാദനക്ഷമതയെ കാര്യമായി ബാധിക്കുന്നു. ജലസേചനസൗകര്യം തീരെ കുറഞ്ഞ പഞ്ചായത്തായതിനാൽ ഈ രംഗത്ത് കണ്ണുവച്ച പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. ജലസേചന സൗകര്യക്കുറവ്.
2. റബ്ബർകൃഷിപോലെ തെങ്ങ്കൃഷിക്ക് ആകർഷകമായ സഹായങ്ങൾ ലഭിക്കുന്നില്ല.
3. കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, മച്ചിങ്ങ പൊഴിച്ചിൽ എന്നീ രോഗങ്ങൾ തെങ്ങുകൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.
4. കൊമ്പൻചെല്ലിയുടെ വ്യാപകമായ ആക്രമവും ചെമ്പൻചെല്ലിയുടെ ആക്രമവും മെച്ചിങ്ങയുടെ നീരൂറ്റിക്കുടിക്കുന്ന ചെറുപ്രാണികളും തെങ്ങുകൃഷിയെ ബാധിക്കുന്നു.

സാധ്യതകൾ

1. കേരസംരക്ഷണസമിതിയുടെ പ്രവർത്തനം വ്യാപകമാക്കുക.
2. ജലസ്രോതസുകൾ ഉപയോഗപ്പെടുത്തി ജലസേചനസംവിധാനം ശക്തിപ്പെടുത്തൽ.
3. രോഗപ്രതിരോധ കുമിൾനാശിനികൾ കൃഷിഭവൻ മുഖാന്തിരം നൽകുക.
4. തെങ്ങ്കൃഷിക്ക് ജലസേചനത്തിന് സ്ഥാപിക്കുന്ന പമ്പുസെറ്റുകൾക്ക് അടിയന്തരമായി വൈദ്യുതി എത്തിക്കുക.

കവുങ്ങ്

കവുങ്ങ് കൃഷി 95 ഹെക്ടർ സ്ഥലത്ത് നടത്തുന്നു. പ്രധാനമായി നാടൻ ഇനങ്ങളും കാസർഗോഡൻ ഇനവും കൃഷിചെയ്യുന്നു. മംഗള, സുമംഗള, മൊഹിതനഗർ എന്നീ ഇനവും കൃഷിചെയ്യുന്നുണ്ട്. ഉത്പാദനം 190 മെട്രിക് ടണ്ണും ഉത്പാദനക്ഷമത ഹെക്ടറിന് 2 മെട്രിക് ടണ്ണുമാണ്. ജലലഭ്യതയുള്ള എല്ലാസ്ഥലത്തും കവുങ്ങ് കൃഷിചെയ്തിരുന്നു എങ്കിലും വരൾച്ച, ജലസേചനത്തിനുള്ള ജലലഭ്യതക്കുറവ്, കവുങ്ങിനെ നശിപ്പിക്കുന്ന മഞ്ഞളിപ്പ് രോഗം എന്നിവ കൃഷിക്കാരനെ പുറകോട്ടടിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്.

പ്രശ്നങ്ങൾ

1. വരൾച്ച, ജലസേചനക്കുറവ്.
2. മഞ്ഞളിപ്പ് രോഗം മൂലം കവുങ്ങ് പൂർണ്ണമായും നശിക്കുന്നു.

സാധ്യതകൾ

1. ജലസേചനസൗകര്യം വർധിപ്പിക്കു, തടയണകൾ നിർമ്മിക്കുക.
2. മഞ്ഞളിപ്പുരോഗം ബാധിച്ച കവുങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിന് ആവശ്യമായ സാമ്പത്തികസഹായം നൽകുക.
3. രാസവളം, സസ്യസംരക്ഷണ ഉപാധികൾ സൗജന്യമായി നൽകുക.

പച്ചക്കറി

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനുവരി മാസത്തിനുമുമ്പായി പയർ, പാവൽ മുതലായവ വിൽക്കുന്നതിനും വെണ്ട, കോവൽ, വെള്ളരി, മത്തൻ മുതലായവ കൃഷിചെയ്യുന്നു. പുനകൃഷിയോടുചേർന്ന് ആവശ്യത്തിനുള്ള പച്ചക്കറികൾ ഉത്പാദിപ്പിച്ചിരുന്ന നമ്മുടെ പഞ്ചായത്തിലുള്ളവർ ഇന്ന് ഒരു ഉപഭോക്തൃപഞ്ചായത്തായി മാറിയിരിക്കുകയാണ്. 20 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി

നടത്തുന്നു. ഇടവിളയായാണ് കൂടുതലും ചെയ്യുന്നത്. 145 ടൺ പച്ചക്കറി ഉത്പാദിപ്പിക്കുന്നു.

പ്രശ്നങ്ങൾ

1. ജലസേചന സൗകര്യക്കുറവ്.
2. രാസവള വിലവർധന.
3. ഉത്പാദനച്ചെലവിനനുസരിച്ച് വില ലഭിക്കുന്നില്ല.

സാധ്യതകൾ

1. പച്ചക്കറി കൃഷിക്ക് ബാങ്ക്വായ്പ നൽകുക.
2. വൈദ്യുതപമ്പ്സെറ്റ് സ്ഥാപിക്കുന്നതിനു സഹായം നൽകുക.
3. വെള്ളം ലഭ്യമായ് എല്ലാ വയൽപ്രദശത്തും ചെറുകുളം കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിക്കുക.
4. ടാങ്കും പൈപ്പുലൈനും സ്ഥാപിച്ച് വേനൽക്കാല പച്ചക്കൃഷി പ്രോത്സാഹിപ്പിക്കുക.
5. എല്ലാത്തരം പച്ചക്കറി വിത്തുകളും യഥാസമയം ലഭ്യമാക്കുക.
6. പച്ചക്കറി കർഷക സഹകരണസംഘങ്ങൾ രൂപീകരിക്കുക.
7. പഞ്ചായത്തിൽ പച്ചക്കറി വിപണനത്തിനായി ആഴ്ചചന്തകൾ അനുവദിക്കുക.

വാഴ

ഇടവിളയായി പ്രധാനമായും കൃഷിചെയ്യുന്ന ഒരിനമാണ് വാഴ. 20 ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്യുന്നു. കൂടുതലായും നാടൻ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. പൂവൻ, മൈസൂർ പൂവൻ, ഞാലിപൂവൻ, ഏത്തവാഴ എന്നിവയാണ് പ്രധാന ഇനങ്ങൾ. 20 ടൺ വാഴക്കുലകൾ ഓരോ വർഷവും ഉത്പാദിപ്പിക്കുന്നു.

പ്രശ്നങ്ങൾ

1. വിളവെടുപ്പുഘട്ടത്തിലെ വിലയിടിവ്.
2. വില സ്ഥിരതയില്ലായ്മ.
3. ജലസേചന സൗകര്യക്കുറവ്. രാസവള വിലവർധനവ്. കൃഷിയുടെ വ്യാപനത്തെ പ്രതികൂലമായ ബാധിക്കുന്നു.

സാധ്യതകൾ

1. വിലസ്ഥിരത ഉറപ്പുവരുത്തുക.
2. ജലസേചനസൗകര്യം വർധിപ്പിക്കുന്നു.
3. വിപണനകേന്ദ്രങ്ങൾ സഹകരണമേഖലയിൽ ആരംഭിക്കുക.

മരച്ചീനി

ആദ്യകാലത്തെ പ്രധാന കൃഷിയായിരുന്നു മരച്ചീനി (കപ്പ). വാണിജ്യവിളകളുടെ വ്യാപനംമൂലം മരച്ചീനികൃഷി ഇന്ന് അന്യംവന്നിരിക്കുന്നു. മരച്ചീനി സമീപഭാവിയിൽ വിശിഷ്ടവസ്തുവായി മാറാൻപോവുകയാണ്. ടൺകണക്കിന് കയറ്റുമതി നടത്തിയിരുന്ന നമ്മുടെ പഞ്ചായത്തിൽ ഇന്ന് 10 ഹെക്ടർ സ്ഥലത്തുമാത്രമാണ് കൃഷിയുള്ളത്.

പ്രശ്നങ്ങൾ

1. കൃഷിനടത്തുന്നതിന് തുറസായസ്ഥലങ്ങളുടെ ലഭ്യതക്കുറവ്.
2. കാട്ടുകോഴി, എലികൾ മുതലായവയുടെ ശല്യം.
3. കപ്പക്കൃഷിയിലൂടെ മണ്ണൊലിപ്പ് വർധിക്കാൻ ഇടയാക്കും.
4. മോശമായ ഉത്പാദനക്ഷമത.

സാധ്യതകൾ

1. നല്ലയിനം വിത്തുകളുടെ വിതരണം.
2. മരച്ചീനി നശിപ്പിക്കുന്ന ജീവികളെ വകവരുത്തുക.

കൊക്കോകൃഷി

കവുങ്ങിൻതോട്ടങ്ങളിലും തെങ്ങിൻതോട്ടങ്ങളിലും ഇടവിളയായി വളർത്താൻ സാധിക്കുന്ന ഒരു വൃക്ഷമാണ് കൊക്കോ. പഞ്ചായത്തിൽ നല്ലവണ്ണം വളർന്ന് ശരാശരി ഉത്പാദനം കൊക്കോ കൃഷിയിൽനിന്നും ലഭ്യമാകുന്നുണ്ട്. തെങ്ങിൻതോപ്പുകളിലും കവുങ്ങിൻതോപ്പുകളിലും വ്യാപകമായി കൃഷിചെയ്തിരുന്നു എങ്കിലും ഇടക്കാലത്തുണ്ടായ വിലയിടിവും വിപണനതടസവും കൃഷിയെ മുരടിപ്പിച്ചു. ഇപ്പോൾ കൃഷിചെയ്യുന്ന കർഷകർക്ക് ന്യായമായ വിലലഭിക്കുന്നു.

പൈസക്കരി, ചന്ദനക്കാംപാറ, വഞ്ചിയം, കാഞ്ഞിരക്കൊല്ലി എന്നീ പ്രദേശങ്ങളിൽ നാമമാത്രമായ കർഷകർ മാത്രമാണ് ഇപ്പോൾ കൃഷിചെയ്യുന്നത്.

പ്രശ്നങ്ങൾ

1. കവുങ്ങ്, തെങ്ങ് തോട്ടങ്ങളിൽ കൃഷിചെയ്താൽ അടക്കയുടേയും തേങ്ങയുടേയും ഉത്പാദനം കുറയും എന്ന തെറ്റായ കാഴ്ചപ്പാട്.
2. ആകർഷകമായ വില ലഭിക്കുന്നില്ല.
3. വിപണനസൗകര്യം ഇല്ലായ്മ.
4. രോഗങ്ങളുടെ നീരാളിപ്പിടുത്തം.

സാധ്യതകൾ

1. കൊക്കോകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പ്രചാരണപ്രവർത്തനങ്ങൾ പഞ്ചായത്ത്തലത്തിൽ സംഘടിപ്പിക്കൽ.
2. എലി, അണ്ണാൻ പോലുള്ള ഫലങ്ങളെ ആക്രമിക്കുന്ന ജീവികളെ നശിപ്പിക്കൽ.
3. വിപണനകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കുക.
4. കൃഷിഭവന്റെ നേതൃത്വത്തിൽ വിത്തുകൾ നൽകിയും ശാസ്ത്രീയകൃഷിരീതികളെക്കുറിച്ചുള്ള പഠനക്യാമ്പും സംഘടിപ്പിച്ചും കൃഷിവ്യാപിപ്പിക്കാൻ സാധിക്കും.

വിളവിസ്തീർണ്ണവും ഉത്പാദനവും

നമ്പർ 1	വിള	വിസ്തീർണ്ണം (ഹെക്ടർ)	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത
2	നെല്ല് ഒന്നാംവിള	40	192000Kg.	2800
3	" രണ്ടാംവിള	20	62000	3100
4	പച്ചക്കറികൾ	20	14000	700
5	തെങ്ങ്	195	1591680എണ്ണം	8290 എണ്ണം
6	വാഴ	20	20000	1000
7	മരച്ചീനി	10	15000	1500
8	കുരുമുളക്	165	420000	2100
9	പ്ലാവ്	8	--	--
10	കശുമാവ്	2920	508750	250
11	മാവ്	10	--	--
12	റബ്ബർ	3785	8355000	2000
	കവുങ്ങ്	95	190000	2000

(അവലംബം: കൃഷിഭവൻ)

നടീൽവസ്തു വിവരണം

ഇനം	എണ്ണം			
	1993-94	1994-95	1995-96	1996-97
തെങ്ങ്	2011	500	2118	1285
കശുമാവ്	3440	1800	3735	6621
കുരുമുളക്	2300	5000	13000	20000
കവുങ്ങ്	100	--	600	7400

(അവലംബം: കൃഷിഭവൻ)

ദുരിതാശ്വാസവിതരണം

വർഷം	പ്രശ്നബാധിതപ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)			ഉരുൾപൊട്ടൽ	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണംചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്			
1	2	3	4	5	6	7
1993-94			9.2		7	3095
1994-95			434		311	146582
1995-96			11.4		7	3435
1996-97			726		563	221834

അതിവർഷത്താലും, കാറ്റ് വീശുന്നതുമൂലവും വർഷാവർഷങ്ങളിൽ കൃഷിനാശം സംഭവിക്കുക പതിവാണ്. കൃഷിഭവനിൽ നിന്നും നല്ല ഒരുതുക ദുരിതാശ്വാസമായി വിതരണംചെയ്യുകയും ചെയ്തിട്ടുണ്ട്. 1993-94 തൊട്ട് നാലുവർഷം വിതരണംചെയ്ത തുകയുടെ വിവരം മുകളിൽ ചേർത്തിരിക്കുന്നു.

കൃഷിഭവൻ

1978-ൽ സ്ഥാപിച്ചതാണ് പഞ്ചായത്തിൽ നിലവിലുള്ള കൃഷിഭവൻ. കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിൽ വ്യാപകമാക്കാൻ സാധിച്ചിട്ടില്ല. ഉദ്യോഗസ്ഥരുടെ കുറവ് ഇതിനൊരു കാരണമാണ്. കാർഷികപുരഗോതിക്കും വികാസത്തിനും വേണ്ടി കൃഷിഭവന്റെ നേതൃത്വത്തിൽ യാതൊരു പ്രവർത്തനവും നടത്തുന്നില്ല. കൃഷിഭവനിൽ എത്തുന്ന സഹായങ്ങളെക്കുറിച്ചുള്ള വിവരം ജനങ്ങൾ അറിയുന്നില്ല. കൃഷിഭവനിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ അർഹർക്കുതന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നഴ്സറികൾ

കാർഷികരംഗത്ത് വളരെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. എങ്കിലും അത്യുത്പാദനശേഷിയുള്ള നൂതന വിത്തിനങ്ങളും തൈകളും വിതരണംചെയ്യുന്ന നഴ്സറികൾ ഒന്നും തന്നെയില്ല. ചെറിയചെറിയ നഴ്സറികൾ ആരംഭിക്കുന്നുണ്ട് എന്നത് ഈ പോരായ്മ വരുംകാലങ്ങളിൽ പരിഹരിക്കാൻ സാധിക്കുമെന്നതിന്റെ സൂചനയാണ്. റബ്ബർതൈകൾ എല്ലാം കോട്ടയം ജില്ലയിൽ നിന്നും കൊണ്ടുവരേണ്ട ബുദ്ധിമുട്ടാണ് ഇന്നുള്ളത്.

മണ്ണ് സംരക്ഷണം

പഞ്ചായത്തിൽ മണ്ണ് സംരക്ഷണത്തിനായി പല പദ്ധതികൾ പൂർത്തിയായവയും നടപ്പിലിരിക്കുന്നവയുമായുണ്ട്. ഇവയുടെ പട്ടിക ചുവടെ കൊടുക്കുന്നു.

നൂതനകൃഷിസംരംഭങ്ങൾ

കൂൺകൃഷി, തേനീച്ച വളർത്തൽ, ഔഷധസസ്യക്കൃഷി, പൂകൃഷി തുടങ്ങി ഒട്ടേറെ നൂതന കൃഷി സമ്പ്രദായങ്ങൾ നമ്മുടെ പഞ്ചായത്തിൽ സംഘടിപ്പിക്കുവാൻ കഴിയും. 20 ദിവസത്തിനുള്ളിൽ ആദായം എടുക്കാൻ സാധിക്കുന്ന ഇനമാണ് കുമിൾകൃഷി. ചെറിയ അധ്വാനംകൊണ്ട് വലിയ ആദായം കൂൺകൃഷിയിൽനിന്നും ഉണ്ടാക്കാം. അതുപോലെ തേനീച്ചവളർത്തൽ ഒരു ഒഴിവുസമയകൃഷിയാണ്. പൂക്കൾ നമ്മുടെ ആവശ്യത്തിനായി അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന നിലയാണ് ഇന്നുള്ളത്. നമുക്ക് ആവശ്യത്തിനും വിപണനത്തിനുമായി വീട്ടുമുറ്റത്തുതന്നെ പൂക്കൾ കൃഷിചെയ്യാവുന്നതാണ്.

പ്രശ്നങ്ങൾ, സാധ്യതകൾ


1. കൃഷിരീതികളെക്കുറിച്ച് അറിവില്ലായ്മ. അതു പരിഹരിക്കുന്നതിനായി പഠനക്ലാസുകൾ സംഘടിപ്പിക്കുക.
2. വിപണനത്തിനായി സൊസൈറ്റി രൂപീകരിക്കുക.
3. ബാങ്ക് വായ്പ ലഭിക്കുന്നില്ല. ഇതിനാവശ്യമായ സഹായം കാർഷികവികസനബാങ്കുകളും മറ്റു ബാങ്കുകളും നൽകുക.

നീർമറി

പഞ്ചായത്തിലെ 10, 6 വാർഡുകളും ഏരുവേശി പഞ്ചായത്തിലെ ചെറിയഭാഗവും കർണാടകവനത്തിലെ 800 ഹെക്ടർ സ്ഥലവും ചേർന്ന് 2043 ഹെക്ടർ സ്ഥലത്ത് കേന്ദ്രസർക്കാരിന്റെ ദേശീയ നീർമറി വികസനപദ്ധതിയുടെ മാതൃക നീർമറി വികസനപദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

കൃഷി സാധ്യതകൾ

1. കൃഷി തുടങ്ങിയ തൊഴിലുകളിൽ ആഭിമുഖ്യം വളർത്തുന്നതിനും പ്രായോഗികപരിശീലനം നൽകുന്നതിനും ആവശ്യമായ പാഠഭാഗങ്ങൾ സ്കൂളുകളിൽ പാഠ്യവിഷയമാക്കുക.
2. മണ്ണ് പരിശോധിച്ച് ശാസ്ത്രീയ വളപ്രയോഗം നടപ്പിലാക്കണം.
3. ഔഷധകൃഷി നടത്തുന്നതിനുള്ള ബോധവൽക്കരണവും സഹായവും കൃഷിഭവൻമുഖേന നടപ്പിലാക്കണം.
4. ജൈവവളത്തെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുക.
5. പ്രകൃതിക്ഷോഭംമൂലം കൃഷിനാശം വന്ന കർഷകർക്ക് നൽകുന്ന ധനസഹായത്തിനുള്ള കാലതാമസം ഒഴിവാക്കുക.
6. വിള ഇൻഷൂറൻസിനെക്കുറിച്ചുള്ള ബോധവൽക്കരണം നടപ്പിലാക്കുക. ■



ജലസേചനം

പഞ്ചായത്ത് സമുദ്രനിരപ്പിൽനിന്നും ഉയർന്നതും ഏകദേശം അറുപതു കിലോമീറ്റർ അകന്നും കിടക്കുന്ന മലകളും ചെറുതാഴ്വരകളും അടങ്ങിയ പ്രദേശമാണ്. വേനൽക്കാലത്തും സുലഭമായി വെള്ളംകിട്ടുന്ന പുഴകളും തോടുകളും ഇല്ല. മഴക്കാലത്തു മലനിരകളിൽനിന്നും കുത്തിയൊഴുകുന്ന മലവെള്ളം തോടുകളിലൂടെയും പുഴകളിലൂടെയും ശക്തിയായി ഒഴുകിപോകുന്നു. കെട്ടികിടക്കുന്നതിനുള്ള നിരപ്പുള്ളതായ പുഴകളല്ല ഇവിടെയുള്ളത്. വലിയ ബണ്ടുകൾ കെട്ടി ജലം സംഭരിച്ച് കനാലുകൾ കീറി ജലസേചനം നടത്തുന്നതിനുള്ള സാധ്യതയും കുറവാണ്. പുഴകളിലും തോടുകളിലും ബണ്ടുകൾകെട്ടി ജലം സംഭരിച്ച് കനാലുകൾ കീറി ജനസേചനം നടത്തുന്നതിനുള്ള സാധ്യതയും കുറവാണ്. പുഴകളിലും തോടുകളിലും ബണ്ടുകൾ കെട്ടി പമ്പുസെറ്റും ടാങ്കും സ്ഥാപിച്ചു പൈപ്പുകൾ വഴി ജലം പച്ചക്കറി കൃഷി നടത്തുന്നതിനു മാത്രമേ ജലലഭ്യത ഉണ്ടാകുകയുള്ളൂ.

വേനൽക്കാലത്തിന്റെ ആരംഭത്തോടുകൂടി മണ്ണ് ഉണങ്ങുകയും പുഴകളിലെയും കിണറുകളിലെയും ഒറവകളിലെയും ജലനിരപ്പ് വളരെ താഴുകയും കുടിവെള്ളത്തിനും കന്നുകാലി വളർത്തുന്നതിനും പന്നി വളർത്തുന്നതിനും ജലലഭ്യത കുറയുകയും ഉയർന്ന പ്രദേശങ്ങളിൽ തീര ലഭിക്കാത്ത അവസ്ഥയുണ്ടാകുകയും ചെയ്യുന്നു.

വഞ്ചിയത്തുനിന്നു ആരംഭിച്ചു പഞ്ചായത്ത് കുടകുമലകളിൽ ഇരൂഡ് പുഴയുമായി ചേരുന്ന വഞ്ചിയം പുഴയും കുടകുമലകളിൽനിന്ന് ആരംഭിച്ച് പഞ്ചായത്തിന്റെയും കർണാടകവനത്തിന്റെയും അതിർത്തിയിലൂടെ പടിയൂർ – കല്യാട് പഞ്ചായത്തിൽക്കൂടി ഒഴുകി വീണ്ടും പഞ്ചായത്തിന്റെയും പടിയൂർ – കല്യാട് പഞ്ചായത്തിന്റെയും അതിർത്തിയായ ചമതച്ചാൽ കണ്ടകഴുറി വഴി ഇരുഡു പുഴയിലേക്ക് ഒഴുകി ശ്രീകണ്ഠാപുരം പഞ്ചായത്തിൽ കടക്കുന്നു. ഈ പുഴയിൽ ആകട്ടെ നല്ലവേനൽ ആകുമ്പോഴേക്കും ജലനിരപ്പു താഴുകയും തീരങ്ങളിൽ പമ്പുസെറ്റുകൾ സ്ഥാപിച്ച് അശാസ്ത്രീയമായ ജലസേചനവും ഒഴുക്കുനിലയ്ക്കുന്ന അവസ്ഥയാണ്. ഉയർന്ന മലനിരകളിലും ചരിഞ്ഞ കൃഷിസ്ഥലങ്ങളും നീർക്കുഴികൾ നിർമിച്ചും ബണ്ടുകളും കയ്യാലകളും നിർമിച്ച് മഴ പെയ്തിറങ്ങുന്ന ജലം കൂലകുത്തിയൊഴുകി പോകാതെ മണ്ണിൽ താഴുന്നതിനും പുഴകളിലെ ഒഴുക്കു ശക്തി കുറയ്ക്കുന്നതിനും സാധിക്കുന്നതി

നോടൊപ്പം പുഴകളിൽ തടയണകൾ കെട്ടി വേനൽക്കാലത്ത് വെള്ളം കെട്ടിനിർത്തുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യണം.

പൊതുജലസേചനം സാധ്യമാകുന്നതിനുള്ള സ്വഭാവിക ജലസ്രോതസുകളും കുളം കുഴിച്ചാൽ ആവശ്യമായ ജലം ലഭ്യതയുള്ള ശക്തിയായ നീരറവകളുള്ള ചതുപ്പുപ്രദേശങ്ങളും പഞ്ചായത്തിൽ കുറവാണ്. സ്വകാര്യവ്യക്തികൾ ലോണെടുത്തതും അല്ലാതെയും കുഴിച്ച കുളങ്ങൾ അവരവരുടെ സ്ഥലം നനയ്ക്കുന്നതിനുപോലും ലഭിക്കാത്ത അവസ്ഥ വേനൽക്കാലത്ത് ഉണ്ടാകുന്നു.

മേൽപറഞ്ഞതുപോലെ നീർക്കുഴികൾ കുഴിച്ചും ബണ്ട് കയ്യാലകൾ കെട്ടിയും ജലനിർഗമനപാതയിലൂടെ മണ്ണും ജലം സംരക്ഷിക്കുന്ന തഴ, ഈറ്റ തുടങ്ങിയവ നടും ആവരണവിളകൾ കൃഷിചെയ്തു ജൈവവസ്തുക്കൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ജല മണ്ണു പരിപാലന പദ്ധതിയാണു നടപ്പിലാക്കുന്നതിനു സാധ്യതയുള്ളൂ.

പഞ്ചായത്തിലെ പയ്യാവൂർ പ്രദേശത്ത് ജലലഭ്യതയുള്ള കുളങ്ങൾ വിപുലീകരിച്ച് ഉയർന്നസ്ഥലങ്ങളിൽ ടാങ്കുകൾ സ്ഥാപിച്ചു പമ്പുചെയ്തു വെള്ളം ടാപ്പുകൾ വഴി എത്തിച്ചാൽ ചെറു പച്ചക്കറി തോട്ടങ്ങൾ നനയ്ക്കുന്നതിനു സാധിക്കും.

രണ്ടാംവാർഡിൽ കാക്കത്തോട് റഗുലേറ്റർ കം **ബ്രിഡ്ജ് കൂട്ടുപുഴയിൽ ചെറിയ ടാങ്ക് കെട്ടിയാൽ ലിഫ്റ്റ് ഇറിഗേഷൻ സാധ്യമാവും. വാർഡിൽ കൂട്ടി ഒഴുകുന്ന തോടുകൾ ഇടിഞ്ഞുനിരന്നു പോകുന്നത്** ഒഴിവാകുന്നതിനു തോടിന്റെ ഇരുവശവുമുള്ള മണ്ണു സംരക്ഷിക്കണം. കാക്കത്തോടും കണ്ടകശേരിയിലും, ഉപ്പുപടന്നയിലും കുളങ്ങൾ കുഴിച്ചും ജലസേചന സൗകര്യം ഉണ്ടാക്കാം.

കർണാടകവനത്തിൽ നിന്നാരംഭിക്കുന്ന ചിറ്റാരിപ്പുഴ അതിർത്തിയായ ചമതച്ചാൽ വഴി കടുന്നുപോകുന്നിടത്ത് വെള്ളം തടഞ്ഞുനിർത്തി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കാം.

കല്ലൊലിപ്പു തോട്, കാക്കത്തോട് എന്നീ തോടുകൾക്കു ബണ്ടുകൾ നിർമിച്ച് ജലസേചനസൗകര്യം വിപുലീകരിക്കാം.

വൈദ്യുതി നാലാം വാർഡിൽ ലഭ്യമല്ലാത്തതിനാൽ നിലവിലുള്ള കുളങ്ങളിൽനിന്നു ജലസേചനം സാധിക്കുന്നില്ല. വൈദ്യുതി ജലസേചനത്തിന് അടിയന്തരമായി എത്തേണ്ടതുണ്ട്.

കുന്നത്തൂർപാടിയിലേക്കും കുഞ്ഞിപ്പറമ്പിലേക്കും ജലസ്രോതസുകൾ കുളം കഴിച്ച് ഉപ്പയോഗിക്കാൻ കഴിയും. പാറത്തോടിൽ ബണ്ടുകെട്ടി കനാൽവഴി ജലസേചനസൗകര്യം ഉണ്ടാകുന്നത് നാലാംവാർഡിൽ നെൽകൃഷിക്ക് ഉപയുക്തമാക്കാം.

ചോക്കത്തോട്ടിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ മൂലം മുത്തിപ്പറമ്പ്, ആനയടി ഭാഗങ്ങളിൽ ജലം ലഭ്യമാകും.

അഞ്ചാംവാർഡിൽ 16 സ്ഥലത്തു കുളങ്ങൾ നിർമിക്കുന്നതിനു ജലലഭ്യതയുണ്ട്. സ്വകാര്യവ്യക്തികളുടെ സ്ഥലങ്ങളിൽ ആയതിനാൽ സ്വാകര്യസംരംഭങ്ങൾക്ക് സഹായം നൽകണം.

പഞ്ചായത്തിലെ ആറാംവാർഡിൽ ജലസേചനത്തിന് ഉപയോഗിക്കാൻ കഴിയുന്ന ജലലഭ്യതയുള്ള ജലസ്രോതസുകൾ മണ്ണഞ്ചേരി മാത്യു എന്ന ആളിന്റെ സ്ഥലത്തിന്റെ എ.ബി.സി. എസ്റ്റേറ്റ് വകസ്ഥലത്തും കാവുങ്കാൽ സെബാസ്റ്റ്യൻ കണ്ടത്തിൻകര ജോർജ് എന്നീ വ്യക്തികളുടെയും ഇടപ്പാട് ഗോപാലൻ പള്ളത്ത് ചെമ്മരൻ, ആലുംമൂട്ടിൽ ജോൺ എന്നീ കർഷകരുടെ വക സ്ഥലത്തും കുളം കുഴിച്ചു ലിഫ്റ്റ് സൗകര്യമുണ്ട്.

ചതുരംപുഴ റെഗുലേഷൻ കം ബ്രിഡ്ജ് നവീകരിച്ചു ജലസേചനയോഗ്യമാക്കാം. ഏഴാംവാർഡിൽ വഞ്ചിയംപുഴയിലെ ജലം ലിഫ്റ്റ് ഇറിഗേഷൻ ഉപയോഗിച്ച് കൃഷിക്ക് ഉപയുക്തമാക്കാം. തോടുകളുടെ **സൈഡ് കെട്ടി ചെക്ക്ഡാം കെട്ടി ജല നിർഗമന പാതയിൽ ജലസംഭരണം സാധിക്കാം. കയ്യാല കെട്ടിയും കുഴികൾ കുഴിച്ചും ജല -മണ്ണ് സംരക്ഷണത്തിന്** കൂട്ടായി ശ്രമം നടത്തുകയും സഹായം ലഭ്യമാകുകയും ചെയ്യണം.

പഞ്ചായത്തിലെ എട്ടാംവാർഡിൽ എലപ്പാതോടിനു ബണ്ടുകെട്ടി പൈപ്പുവഴി താഴേക്ക് ഒഴുകിയെത്തുന്ന വെള്ളം ടാങ്കുകളിൽ സംഭരിച്ച് ജലസേചനത്തിന് ഉപയോഗിക്കാം. ബംഗ്ലാവ് തോടി, കാലാങ്കിതോട്, ബണ്ടുനിർമിച്ച് ജലസേചനം നടത്താം. ചിറ്റാരിത്തോടിന് ബണ്ടുകെട്ടി പഞ്ചാരമുക്ക്, ശാന്തിനഗർ ഭാഗങ്ങളിൽ വെള്ളം എത്തിക്കാം.

ഉടുവാപുഴയിലെ ജലം ലിഫ്റ്റ് ഇറിഗേഷൻ വഴി കൃഷിക്ക് ഉപയുക്തമാക്കാം. ഒമ്പതാം വാർഡിൽ കൂടി വഞ്ചിയംപുഴയിൽ പാറക്കടവിലും കരിമ്പക്കണ്ടിയിലും ചെക്ക്ഡാം നിർമിച്ച് ജലത്തിന്റെ ഒഴുക്കിനെ തടഞ്ഞു നീരത്തിൽ പമ്പുസെറ്റ് വെച്ച് വെള്ളം കൃഷിക്ക് ഉപയോഗിക്കാം.

വങ്കായിക്കടവിൽ നെല്ലിക്കുറ്റിപാലത്തിനു മുക

ളിലായി വട്ടക്കയത്തിനു കുറുകേ ബണ്ടുകെട്ടി പുഴയുടെ ഇരുവശങ്ങളിലും ടാങ്കുകൾ കെട്ടി പമ്പുസെറ്റ് വച്ച് ടാങ്കിൽ നിക്ഷേപിക്കുകയും ടാങ്കിൽനിന്നു പൈപ്പിട്ട് ജലസേചനത്തിന് ഉപയോഗിക്കാം. പമ്പു സെറ്റ് പ്രവർത്തിപ്പിക്കുന്നതിനു വൈദ്യുതി ലഭ്യത ഇവിടുണ്ട്.

പഞ്ചായത്തിലെ 10–ാം വാർഡിൽ ആലിങ്കൽ തോട് മൂന്നാംപാലംതോട്, വീരൻതോട്, പാറത്തോട്, മഠം തോട്, മഞ്ഞപ്പള്ളി തോട് എന്നീ തോടുകളുടെ സെഡ് കെട്ടി ബണ്ടുനിർമിച്ചാൽ ജലനിർഗമന വേഗത കുറച്ച് ജലസംഭരണം സാധ്യമാവും. ഈ വാർഡിൽ കുളം കുഴിക്കുന്നതിനു 20– ഓളം സ്ഥലങ്ങളിൽ ജല ലഭ്യതയുണ്ട്. വഞ്ചിയംപുഴയിൽ മുക്കുന്നൂർപാറ ബണ്ടുകെട്ടിയാൽ താഴ്ന്നപ്രദേശങ്ങളിൽ ജലസേചനം സാധിക്കും. ■



മൃഗസംരക്ഷണം

മലഞ്ചെരിവുകളും കുന്നുകളും നിറഞ്ഞ ഹരിതാഭമായ നാടാണ് പയ്യാവൂർ പഞ്ചായത്ത്. മുഖ്യമായും കൃഷിയെ ആശ്രയിക്കുന്ന ജനവിഭാഗങ്ങളാണ് ഇവിടെ താമസിക്കുന്നവർ. കുടിയേറ്റകാലത്ത് കാടുകളും പുൽമേടുകളും നിറഞ്ഞ ഈ പ്രദേശം ഇന്നു കൃഷിയിടങ്ങളായി മാറിയിട്ടുണ്ട്. കൃഷിയോടൊപ്പംതന്നെ പാലിനും മുട്ടയ്ക്കും മാംസത്തിനും വേണ്ടി മൃഗങ്ങളെയും കോഴികളെയും വളർത്തിയിരുന്നു. അന്നു വന്യജീവികളുടെ ശല്യം വളരെ വലുതായിരുന്നു. വന്യജീവികളെ വേട്ടയാടി മാംസത്തിനുപയോഗിച്ചിരുന്നു. പണ്ട് കൂട്ടമായി മൃഗങ്ങളെ മേയ്ക്കുന്ന പതിവുണ്ടായിരുന്നു. പശുക്കുട്ടികളെ പോറ്റാൻ വാങ്ങുന്ന സമ്പ്രദായവും നിലനിന്നുപോരുന്നു. പശുക്കുട്ടികൾ വളർന്നു ആദ്യപ്രസവത്തിലെ കുട്ടി പോറ്റുന്ന ആൾക്കും രണ്ടാംപ്രസവത്തിൽ കുട്ടിയെയും പശുവിനെയും ഉടമസ്ഥനു നൽകുകയും വേണം.

സമൃദ്ധമായ പുൽമേടുകളിൽ തഴച്ചുവളരുന്ന പുല്ലുതിന്നു മാത്രമാണ് ആദ്യകാലങ്ങളിൽ മൃഗങ്ങൾ വളർന്നിരുന്നത്. ഇന്ന് ആ സ്ഥിതി മാറി പുല്ലിന്റെ ലഭ്യത കുറവായി. ഇന്നു മൃഗങ്ങളെ വളർത്തുന്നതു കാലിത്തീറ്റയും പിണ്ണാക്കും നൽകിയാണ്. പശുക്കളാണു പഞ്ചായത്തിലെ പ്രധാനമൃഗം. നാടനും സങ്കരയിനങ്ങളും പഞ്ചായത്തിലുണ്ട്. ഇറച്ചിക്കായി മറ്റു സംസ്ഥാനത്തുനിന്നു മൃഗങ്ങളെക്കൊണ്ടുവന്നാണ് ആവശ്യം നിറവേറ്റുന്നത്. കോഴിവളർത്തൽ ഫാമുകൾ നാലെണ്ണം പഞ്ചായത്തിലുണ്ടെങ്കിലും വീടുകളിൽ വളർത്തുന്നവയാണ് കൂടുതൽ. ആട് നല്ലരീതിയിൽ വളരുന്ന ഒരു പഞ്ചായത്താണിത്. ശാസ്ത്രീയമായല്ലാതെ വീടുകളിൽ ഒറ്റയായി വളർത്തുന്നവയാണ് ആടുകൾ എല്ലാം. നമ്മുടെ ഉപഭോഗത്തിന് ആവശ്യമായരീതിയിൽ മാംസമോ മുട്ടയോ ലഭിക്കാത്ത നിലയിലാണ് ഇന്നുള്ളത്.

അത്യുൽപാദനശേഷിയുള്ള പശുക്കൾ ഉണ്ട് എങ്കിലും കൃത്യമായ പരിചരണത്തിന്റെയും ശാസ്ത്രീയമായ അറിവിന്റെയും അഭാവത്തിൽ ഉൽപാദനം കുറവാണ്. പുല്ലിന്റെ അഭാവവും കാലിത്തീറ്റ പോലുള്ളവയുടെ വിലവർധനവും കൃഷിക്കാരെ പുറകോട്ടടിപ്പിക്കുന്നു. വേണ്ടരീതിയിലുള്ള ചികിത്സാസൗകര്യത്തിന്റെ അഭാവവും ഈ പഞ്ചായത്തിലെ മിക്ക വാർഡുകളിലും അനുഭവപ്പെടുന്നു.

കാള, എരുമ, പോത്ത് മുതലായ മൃഗങ്ങൾ അപൂർവമായാണു പഞ്ചായത്തിൽ കാണുന്നുള്ളൂ.

പയ്യാവൂർ ഗ്രാമപഞ്ചായത്ത്

60%-ത്തിലധികം വീടുകളിലും പട്ടിയെ വളർത്തുന്നു. ഇവയെ കൃത്യമായി പേവിഷത്തിനെതിരേയുള്ള കുത്തിവയ്പ് എടുക്കാൻ ജനങ്ങൾ തയാറാകുന്നില്ല. ഇപ്പോൾ ചെറിയതോതിൽ നടക്കുന്നു. അറിവില്ലായ്മയാണ് ഇതിനു പ്രധാനകാരണം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികൾ ധാരാളമുണ്ട്.

ആശുപത്രിയുടെ സേവനം

പൈസക്കരിയിലാണ് പയ്യാവൂർ പഞ്ചായത്തിലെ ഏക മൃഗാശുപത്രി. 1983 ജൂലൈമാസത്തിൽ ആരംഭിച്ച ആശുപത്രിയിൽ ഇന്നും ആവശ്യമായ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഒരു ലൈവ്സ്റ്റോക്ക് അസിസ്റ്റന്റ്, പാർട്ട്ടൈം സ്വീപ്പർ തസ്തികകൾ ഇന്നും ഒഴിഞ്ഞുകിടക്കുന്നു. സർക്കാർ വക സ്ഥലം ലഭിച്ചിട്ടുണ്ട് എങ്കിലും ഇന്നും കെട്ടിടം നിർമിച്ചിട്ടില്ല. പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യംപോലും ഇന്നും ഇല്ല. മലയോരമേഖലയിലെ ഈ പഞ്ചായത്തിന്റെ വിവിധമേഖലയിലേക്ക് എത്തിപ്പെടാൻ ഗതാഗതസൗകര്യക്കുറവ് ഒരുപരിധിവരെ ആസ്പത്രി പ്രവർത്തനത്തെ ബാധിക്കാറുണ്ട്. ഡോക്ടറും അറ്റന്ററുംമാത്രമാണ് ഇന്നുള്ളത്. ഇവർക്ക് പഞ്ചായത്തിൽ പൂർണ്ണമായ സേവനമെത്തിക്കാൻ കഴിയുന്നില്ല പ്രതിരോധകുത്തിവയ്പ് നടത്താനുള്ള പ്രാഥമിക സൗകര്യങ്ങൾ ഇല്ല കൃത്രിമ ബീജസങ്കലനത്തിനായി ആസ്പത്രിക്ക് പുറമേ പയ്യാവൂരിലും, ചന്ദനക്കാംപാറയിലും രണ്ട് അപ്കോഡ് സൊസൈറ്റികൾ പ്രവർത്തിക്കുന്നു.

പട്ടിക -1

മൃഗാശുപത്രിയിൽ റിപ്പോർട്ട്ചെയ്ത രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആട്	മറ്റുള്ളവ
1	ദഹനസംബന്ധം	440	140	223	23	6	5720	-	-	-	-
2	ശ്വാസകോശ സംബന്ധം	12	-	24	2	-	3011	-	-	-	-
3	ഉപാപചയസംബന്ധം	264	14	154	32	-	-	-	-	-	-
4	ത്വക്ക് രോഗങ്ങൾ	396	41	596	16	-	2210	-	-	-	40
5	പൊതുലവണങ്ങളുടെ അഭാവം	106	16	122	12	51	1360	-	-	-	461
6	പരാദരോഗങ്ങൾ	1364	846	1518	940	199	7860	-	-	-	461
7	പ്രത്യുൽപാദനപരം	550	212	196	36	-	-	-	-	-	40
8	വന്ധ്യത	-	-	-	-	-	-	-	-	-	
9	അകിടുവീക്കം	105	2	94	26	-	-	-	-	-	-
10	മുടന്തൻപനി	38	-	4	-	-	-	-	-	-	-
11	പകർച്ചവ്യാധികൾ	211	-	461	-	-	6302	-	-	-	2

അവലംബം: പൈസക്കരി മൃഗാശുപത്രി റിപ്പോർട്ട്
1-95to 10-96

പട്ടിക -2

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തു മൃഗം	ഇനം	ആകെ എണ്ണം	ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	സങ്കരയിനം		234	30
	നാടൻ		12	10
കിടാരി	സങ്കരയിനം		197	46
	നാടൻ	-	-	
എരുമ	മൂറാ	-	42	6

പട്ടിക -3 പേവിഷബാധ പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധകുത്തിവയ്പു നൽകിയവയുടെ എണ്ണം	-	-	-	962	-	-
കുടിയേറ്റത്തിനുശേഷം കുത്തിവയ്പു നടത്തിയവയുടെ എണ്ണം	2	-	-		-	-

ക്ഷീരസംഘങ്ങളുടെ പ്രവർത്തനം

നാലു ക്ഷീരസഹകരണ സംഘങ്ങളാണു പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ഈ സംഘങ്ങൾ പാൽ ശേഖരിക്കുകയും കയറ്റിവിടുകയും അല്ലാതെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കോ മറ്റു പരിപാടികൾക്കോ നേതൃത്വം നൽകാറില്ല.

കോഴി, പന്നി, ആട് മുതലായവ വളർത്തുന്നതിനു നല്ല സാധ്യതയുള്ള പഞ്ചായത്താണ് എങ്കിലും സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ശാസ്ത്രീയമായ അറിവു നേടിക്കൊടുക്കുന്നതോടൊപ്പം ബോധവൽക്കരണവും നടത്തേണ്ടതുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ മുട്ട, ഇറച്ചി എന്നിവ ഉൽപാദിപ്പിക്കാൻ ഇതുവഴി സാധിക്കും.

പ്രധാന പ്രശ്നങ്ങൾ

1. പുല്ലിന്റെ ലഭ്യതക്കുറവ്
2. കാലിത്തീറ്റയുടെ വിലവർധനവും ഗുണനിലവാരമില്ലായ്മയും
3. കർഷകർക്ക് ബോധവൽക്കരണ ക്ലാസുകളുടെ അഭാര്യാപ്തത.
4. മൃഗാശുപത്രിയുടെ സൗകര്യക്കുറവ്
5. ക്ഷീരസഹകരണ സംഘങ്ങളുടെ കാര്യക്ഷമതയില്ലാത്ത പ്രവർത്തനം.
6. മൃഗാശുപത്രിയിലെത്താനുള്ള യാത്രാസൗകര്യക്കുറവ്.
7. മൃഗങ്ങളെ വാങ്ങുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള യഥാസമയം ധനസഹായം ലഭിക്കാത്തത്.
8. തീറ്റപ്പുൽകൃഷി നടത്താൻ സ്ഥലസൗകര്യക്കുറവ്.
9. അത്യുൽപാദനശേഷിയുള്ള കോഴി, പന്നിക്കുഞ്ഞുങ്ങൾ മുതലായവയുടെ ലഭ്യതക്കുറവ്.
10. മരുന്നുകളുടെ ലഭ്യതക്കുറവ്
11. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികൾ പേവിഷബാധയുണ്ടാക്കുന്നത്.
12. പാലിന്റെ വിലക്കുറവ്
13. മൃഗസംരക്ഷണത്തിനാവശ്യമായ തൊഴുത്തുകളുടെ അഭാവം.
14. പ്രാദേശി രോഗങ്ങളെക്കുറിച്ചുള്ള ഗവേഷണ

ത്തിന്റെ അഭാവം.

സാധ്യതകൾ

1. പൈസക്കരി മൃഗാശുപത്രിക്കു കെട്ടിയം പണിയുക.
2. ഗുണനിലവാരമുള്ള കാലിത്തീറ്റ വിതരണം സഹകരണസംഘങ്ങൾ വഴി നടത്തുക
3. പഞ്ചാത്തിൽ മൃഗസംരക്ഷണവകുപ്പിന്റെ കീഴിൽ വിജ്ഞാനവ്യാപനവും കർഷക പരിശീലനവും നടത്തുക.
4. കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ ഓരോ വാർഡുകളിലും സ്ഥാപിക്കുക. 5. കന്നുകാലികളെ നിർത്തി പരിശോധിക്കുവാൻ ഇടുക്ക് തൊഴുത്ത് നിർമിക്കുക.
6. പേവിഷബാധയ്ക്കുള്ള കുത്തിവയ്പും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിർമാർജനം ചെയ്യലും.
7. ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ, ജനപ്രതിനിധികൾ, ബാങ്ക് ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ മൃഗസംരക്ഷണ സമിതി രൂപവൽക്കരിച്ച് പ്രവർത്തിക്കാവുന്നതാണ്.
8. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിൽ എല്ലാ കന്നുകുട്ടികളെയും കാലാകാലം ഉൾപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കുക.
9. ഇറച്ചിക്കോഴി, ആട്, മുതലായവയുടെ വളർത്തൽ കാര്യക്ഷമമാക്കുക.
10. പന്നിവളർത്തൽ പരിപോഷിപ്പിക്കുന്നതിനു അത്യുൽപാദനശേഷിയുള്ള പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
11. മൃഗങ്ങളെ വാങ്ങുന്നതിനും സംരക്ഷണത്തിനും ഉദാരമായ വായ്പകൾ നൽകുക.
12. കന്നുകാലികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.
13. വീടുകളിൽ മുട്ടക്കോഴികളെ വളർത്താൻ സൗകര്യം ചെയ്തുകൊടുക്കുക. അത്യുൽപാദനശേഷിയുള്ള കുഞ്ഞുങ്ങളെ നൽകുക. 14. സ്കൂൾ പൗൾട്രി ക്ലബുകളുടെ പ്രവർത്തനം ഊർജിതപ്പെടുത്തൽ.
15. വാർഡുകളിൽ ഏഗ്ഗർ നേഴ്സറി സ്ഥാപിക്കൽ.
16. കോഴിത്തീറ്റ, കാലിത്തീറ്റ എന്നിവ ഉൽപാദിപ്പിക്കുന്നതിനായി സഹകരണസംഘങ്ങൾ രൂപവൽക്കരിക്കുക.
17. ബ്രോയിലർ കോഴികളുടെ വ്യാപനം ത്വരിതപ്പെടുത്തുക. ഇറച്ചി വാങ്ങി വിൽക്കുന്നതിനായി സഹകരണസംഘം രൂപവൽക്കരിക്കുക.
18. പന്നിവളർത്തൽ യൂണിറ്റ് ആരംഭിക്കുക.
19. പഞ്ചായത്തിലെ മുഴുവൻ പട്ടികളെയും പേവിമുക്തമാക്കുക. കുത്തിവയ്പിനു തയാറാകാത്ത പട്ടികളെ നശിപ്പിക്കുക.
20. കാടവളർത്തൽ പരിപോഷിപ്പിക്കുക.
21. മുയൽവളർത്തുന്നതിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ ചെയ്യുക.
22. ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ധനസഹായങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കൽ.
23. സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വഴിയോരത്ത് വച്ചുപിടിപ്പിച്ചിരിക്കുന്ന തണൽമരങ്ങൾ ഘട്ടം ഘട്ടമായി മാറ്റി കാലിത്തീറ്റയ്ക്കു പറ്റിയ തണൽമരങ്ങളായ സുബാബുകൾ, പ്ലാവ് മുതലായവ വച്ചുവപിടിപ്പിക്കുന്നതിനുള്ള നീക്കം പരിഗണിക്കപ്പെടേണ്ടതാണ്.
24. വനഭൂമിയിലെ പാഴായിക്കിടക്കുന്ന ഒഴിവുള്ള സ്ഥലങ്ങൾ തീറ്റപ്പുൽ കൃഷിക്കായി നീക്കിവയ്ക്കുക.
25. വാർഡുകൾതോറും പാലുൽപ്പാദക സഹകരണസംഘം രൂപവൽക്കരിക്കുക.

മത്സ്യകൃഷി

പയ്യാവൂർ പഞ്ചായത്ത് തികച്ചും ഒരു മത്സ്യ ഉപഭോക്തൃ പ്രദേശം എന്നു പറയുന്നതു തികച്ചും ശരിയാണ്. ടൺകണക്കിനു കടൽമത്സ്യങ്ങൾ പച്ചയും ഉണക്കയും ആയി പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നു. അയില, മത്തി, കിളിമീൻ എന്നിവയാണിതിൽ പ്രധാനം. പുഴമത്സ്യങ്ങൾ വിലയ്ക്കു വാങ്ങുന്നതിനുപോലും ലഭ്യമല്ല. ഭൂരിഭാഗം ആളുകളും മത്സ്യം ഉപയോഗിക്കുന്നവരും കൂടിയേ കഴിയൂ എന്നു നിർബന്ധമുള്ളവരുമാണ്.

വെള്ളം കെട്ടിക്കിടക്കുന്ന ജലാശയങ്ങളോ വയൽപ്രദേശമോ ഈ പഞ്ചായത്തിൽ തീരെയില്ല. സ്വന്തം ആവശ്യത്തിനു കുഴിക്കുന്ന ചെറു കുളങ്ങളിലാവട്ടെ ജനുവരിമുതൽ ജലനിരപ്പു താഴുന്നു. ജലസേചനത്തിന് ഉപയോഗിക്കാൻ ആവശ്യത്തിന് വെള്ളം ഇല്ലാത്ത അവസ്ഥയാണ്. അതിനാൽ കുളങ്ങളിലും തുടർച്ചയായി നീണ്ടുനിൽക്കുന്ന മത്സ്യകൃഷി സാധ്യമല്ല. എന്നാൽ, ജൂലൈമുതൽ ഡിസംബർവരെ നീണ്ടുനിൽക്കുന്ന ജലസേചനം തുടങ്ങുന്നതുവരെയുള്ള സമയങ്ങളിൽ നമ്മുടെ സ്വകാര്യകുളങ്ങളിൽ ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ജലസേചനത്തിനും ജലനിരപ്പു താഴുന്നതിനും

മുമ്പു വിളവെടുക്കുന്ന രീതി നടപ്പിലാക്കുന്നതിനു സാധിക്കും.

ഇതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങൾ ഇപ്പോൾ മത്സ്യ കർഷക ഏജൻസിയിൽ പേരു രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് സഹായധനത്തോടെ ലഭിക്കുന്നുണ്ട്. എങ്കിലും യഥാസമയം കിട്ടുന്നില്ല എന്നതു പോരായ്മയാണ്.

ഇതിനാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആവശ്യക്കാർ പേരു രജിസ്റ്റർ ചെയ്യേണ്ട സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ കുഞ്ഞുങ്ങളെ പഞ്ചായത്ത് യഥാസമയം എത്തച്ചു കൊടുക്കുകയും ശാസ്ത്രീയ മത്സ്യകൃഷി പരിശീലന ക്യാമ്പ് പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുകയും ചെയ്തു സ്വന്തം ആവശ്യത്തിനുള്ള മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യത ഏറെയുണ്ട്. ■



വ്യവസായം

ആധുനികലോകത്തിൽ ഏതു പ്രദേശത്തിന്റെയും പുരോഗതി അവിടുത്തെ വ്യാവസായിക വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ വ്യവസായത്തിന്റെ നില വളരെ ശോചനീയമാണ്.

ബഹുഭൂരിപക്ഷം കുടിയേറ്റകർഷകർ അധിവസിക്കുന്ന മലയോര മേഖല എന്ന നിലയിൽ വ്യാവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിത്. ഈ പഞ്ചായത്തിന്റെ മാത്രമല്ല, മലയോര കുടിയേറ്റ മേഖലയുടെ ആകെ ചിത്രമാണിത്. കൃഷി മാത്രമറിയാവുന്ന പഴയ തലമുറയുടെ ലക്ഷ്യവും ജീവനോപാധിയുമായ കാർഷികവൃത്തി അഭിവൃദ്ധി പ്രാപിക്കുകയും ഒരു പരിധിവരെ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുപയോഗിച്ച് സമ്പന്നമാക്കുകയും ചെയ്യുന്നുണ്ട്.

കാർഷിക മേഖലയുടെ അഭിവൃദ്ധിക്കും മൃഗ സംരക്ഷണത്തിനും ഉതകുന്ന വ്യവസായങ്ങൾക്ക് ഇവിടെ ധാരാളം സാധ്യതകളുണ്ടായിരുന്നെങ്കിലും അനുബന്ധ ഘടകങ്ങളുടെ അഭാവത്താൽ ആ മണ്ഡലങ്ങളിൽ പുരോഗതി നേടാനായില്ലെന്നു ഇന്നത്തെ ഈ തിരിച്ചറിവ് വരും കാലമാറ്റത്തിന് വേഗത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്ന എന്ന മുന്നറിയിപ്പ് കൂടിയാണ്.

ഈ പശ്ചാത്തലത്തിലാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി ഇവിടെ പ്രസക്തമാവുന്നത്. ഭാരതത്തിന്റെ ആത്മാവ് സ്ഥിതിചെയ്യുന്നത് അതിന്റെ ആനേകായിരം ഗ്രാമങ്ങളിലാണെന്നു ഓരോ ഗ്രാമവും സ്വായശ്രയത്തിലൂന്നി അഭിവൃദ്ധിപ്പെട്ട് സ്വയം പൂർണ്ണമാകണമെന്നു അങ്ങിനെ ഗ്രാമസ്വാരാജ് നേടിയെടുക്കണമെന്നും ഗാന്ധിജി വിഭാവനം ചെയ്തു മുരടിപ്പിലെത്തി നിൽക്കുന്ന കേന്ദ്രീകരണ ആസൂത്രണത്തിന്റെ കാലഘട്ടമവസാനിപ്പിച്ചുകൊണ്ട് ആസൂത്രണത്തിന്റെ വികേന്ദ്രീകരണമാണ് നമ്മുടെ പ്രദേശത്തിന്റെ വികസനത്തിന്റെയടിസ്ഥാന ഘടകമെന്നത് കൂടുതൽ അനുഭവങ്ങളിലൂടെ ബോദ്ധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

വ്യവസായിക സംരഭങ്ങളിലൂടെ മുന്നേറുന്നതിന് വേണ്ടുന്ന ആദ്യഘടകം തനിവോടുകൂടിയ ഇഛാശക്തിയാണ്. ഭാവിയിലേക്ക് നോക്കാനുള്ള കഴിവും, അനുഭവജ്ഞാനവും, വിദ്യാഭ്യാസവും സ്ഥിരോത്സാഹവും കൂടി ചേർത്തുള്ള പ്രവർത്തനമാവണം.

അടുത്തകാലത്തായി ചെറുകിട വ്യവസായ മേഖലയിലേക്ക ആശാവഹമായ ചില പുതിയ കാൽവയ്പുകൾ ഉണ്ടായിട്ടുണ്ട്.

1.കൊപ്രയാട്ടുമില്ലുകൾ
2.ധാന്യം പൊടിക്കുന്ന മില്ലുകൾ
3.ബേക്കറികൾ
4.പ്രിന്റിംഗ് പ്രസുകൾ
5.സോമിൽ
6.ചെങ്കല്ല്, കരിങ്കല്ല് ക്വാറികൾ
7.ഫർണിച്ചർ നിർമ്മാണം

അസംഘടിത മേഖലയായ വ്യാവസായ മേഖലയിൽ 500 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു. തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ചെങ്കല്ല്, കരിങ്കല്ല്, മരവ്യവസായ മേഖലകളിൽ പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ

1.ഒരു വ്യവസായ സംസ്കാരത്തിന്റെ അഭാവം
2.കേരളത്തിന്റെ പൊതുവായ പ്രത്യേകിച്ച് മലയോര മേഖലയിലെ അതിരൂക്ഷമായ ഊർജ പ്രതിസന്ധി.
3.സാങ്കേതിക പരിജ്ഞാനകുറവ്.
4.ആളുകളെയല്ല ഉൽപന്നങ്ങളെയാണ് കയറ്റിയയ ക്കേണ്ടതെന്ന് നമുക്കുള്ള അറിവില്ലായ്മ.
5. ധനകാര്യ സ്ഥാപനങ്ങളുടെ അഭാവം, നാമമാത്രമായിട്ടുള്ളവയുടെ നിഷ്ക്രിയത്വവും.
6. വ്യവസായ ലോകവുമായിട്ടുള്ള സമ്പർക്കകുറവ്.
7. ഗതാഗത സൗകര്യമില്ലായ്മ.
8.ഭൂപ്രകൃതിയുടെ പ്രാതികൂല്യം
9.സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം.
10.വ്യവസായ സംരംഭകരുടെ മനസ്സ് മുട്ടിക്കുന്ന സാങ്കേതികതയുടെയും ചുവപ്പുനാടയുടെയും കുരുക്കുകൾ
11. കുത്തകകളുടെ വൻ പരസ്യകോലാഹലങ്ങൾ ബോധപൂർവ്വം സൃഷ്ടിച്ചെടുത്ത ഉപഭോക്തൃ സംസ്കാരത്താൽ അനാകർഷകമാക്കപ്പെട്ട ചെറുകിട കുടിൽ വ്യവസായങ്ങളുടെ അവസ്ഥ.
12. പണം മുടക്കാനുള്ള കർഷകരുടെ താൽപര്യക്കുറവ്.
13. അപരിചിത മേഖലയിലേക്കു കടന്നുകയറാനുള്ള തന്റേടക്കുറവ്.

സാദ്ധ്യതകൾ

ഇന്ന് പാഴായിപ്പോകുന്നതും പരിതസ്ഥിതി നാശം വരുത്തുന്നതുമായ പല കാർഷിക, കാർഷികേതര വസ്തുക്കൾ വർദ്ധിത മൂല്യമുള്ള ഉൽപന്നങ്ങളുടെ നിരകളാക്കിമാറ്റാം. കാർഷിക മേഖലയെ അടിസ്ഥാനമാക്കിയ പലവ്യവസായങ്ങൾക്കും ഇവിടെ വമ്പിച്ച വികസന സൗകര്യങ്ങളും സാദ്ധ്യതകളുമുണ്ട്.

റബർ:

ചെറുകിട റബർ തോട്ടങ്ങൾ ധാരാളമുള്ള ഈ മേഖലയിൽ റബറടിസ്ഥാനമാക്കിയുള്ളതും ചെറുകിട, കുടിൽ വ്യവസായ മേഖലയിൽ നടത്താവുന്നതും നിലവിലുള്ള സാങ്കേതിക വിദ്യകൾ മതിയാവുന്നതുമായ ബലൂൺ, ഗ്ലൗസ്, റബർ ബാൻഡ്, വിരലുകൾക്കുള്ള ഉറ എന്നിവ നിർമിക്കാം. സ്പോഞ്ചു റബർ റീട്രഡിംഗ് കോമ്പൗണ്ട്, പാദരക്ഷകൾക്കുള്ള സോൾ, മായ്കുന്ന റബർ, റബർ ബ്രഷ്, (കസേര മുതൽ മോട്ടർ വരെ) എയർ ബ്ലോവർ, റബർ ട്യൂബ്, എലാസ്റ്റിക് എന്നിങ്ങനെ ആ വ്യവസായം വികസിപ്പിക്കാവുന്നതാണ്. ചകിരിനാരും, റബറും ചേർന്ന റബറൈസ്ഡ് കൊയർ നല്ല സാധ്യതയുള്ളതാണ്.

കശുവണ്ടി

ലോകത്തിലെ തന്നെ ഏറ്റവും നല്ല കശുവണ്ടി ലഭിക്കുന്ന ഈ പ്രദേശത്ത് കശുവണ്ടി സംസ്കരണം തുടങ്ങിയാൽ ഏറ്റവും കൂടിയ നിരക്കിൽ (ഹോൾ ബോൾ) പൂർണ്ണാകൃതിയിലുള്ള കശുവണ്ടി ലബിക്കുമെന്നു മാത്രമല്ല ഏറ്റവും കൂടിയ വിലയിൽ വിൽക്കാവുന്ന മുന്തിയ ഇനമായിരിക്കുമതെന്നത് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാണ്.

കശുമാമ്പഴം

കശുമാങ്ങായുടെ മൊത്തം തൂക്കത്തിൽ എട്ടിൽ ഒന്നുവരുന്ന കശുവണ്ടി ഉരിഞ്ഞെടുത്ത് പോഷക ഗുണവും ഔഷധ വീര്യവുമുള്ള പതിനായിരം ടൺ കശുമാങ്ങയെങ്കിലും കേരളത്തിൽ പ്രതിവർഷം പാഴായിപോവുന്നുണ്ട്.

പരിസര മലിനീകരണം സൃഷ്ടിക്കുക മാത്രമാണിതു ചെയ്യുന്നത്. അച്ചാറുകൾ സ്കാഷ്, വിന്നാഗിരി, കാൻഡി തുടങ്ങിയവ ഇതിൽ നിന്നുമുണ്ടാക്കാം. ഉണങ്ങിയ മുന്തിരിങ്ങയ്ക്കു പകരം നിൽക്കുന്നതാണ് കറകളഞ്ഞ സൂര്യപ്രകാശത്തിൽ നന്നായി ഉണക്കിയെടുത്ത കശുമാങ്ങ. ഒരു വർഷം വരെ കേടുകൂടാതെ സൂക്ഷിക്കാമെന്ന് തൃശൂരിൽ നടത്തിയ പരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. ധാരാളം ഇരുമ്പും, വൈറ്റമിൻസും അടങ്ങിയതാണ് കശുമാങ്ങ.

കശുമാങ്ങചാർ പുളിപ്പിച്ച് 6 മാസം വരെ സൂക്ഷിക്കാവുന്നതിനാൽ വ്യവസായികവും അല്ലാത്തതുമായി സ്പിരിറ്റ് നിർമിക്കാവുന്നതാണ്.

പഴസംസ്കരണം

ചക്ക:

കശുമാങ്ങാപോലെ തന്നെയല്ലെങ്കിലും സീസണിൽ വളരെയധികം നഷ്ടപ്പെടുത്തിക്കളയുന്ന ഒരു ഫലമാണ് ചക്ക. ചക്കച്ചുളകൾ വറ്റൽ പോലെ വറുത്ത് പായ്ക്കറ്റുകളിലാക്കി വിപണനം നടത്താവുന്നതാണ്.

നല്ല മധുരമുള്ള ചക്കപ്പഴം പലതരത്തിലും സംസ്കരിച്ചെടുക്കാവുന്നതാണ്. ഇതിൽ നിന്നും ജാം ഉണ്ടാക്കുന്നതിന് മറ്റ് ഫലങ്ങൾക്കാവശ്യമായ അളവിൽ പഞ്ചസാര ആവശ്യമില്ലാത്തതിനാൽ ഇത് ആകർഷകമായ ഒരു വാണിജ്യ വസ്തുവാക്കുന്നതിന് സാധിക്കും.

വാഴപ്പഴം

ഞാലിപ്പൂവൻ പോലെയുള്ള വാഴപ്പഴങ്ങൾ തോൽനീക്കി നല്ല സൂര്യപ്രകാശത്തിൽ ഉണങ്ങി പഞ്ചസാര ലായനിയിൽ സൂക്ഷിച്ചാൽ ആകർഷകമായ ഒരു ഭക്ഷ്യ വസ്തുവാണ്.

നേന്ത്രക്കായ്

നേന്ത്രവാഴകൃഷി ധാരാളമുള്ള ഈ പ്രദേശത്ത് നേന്ത്രകുല ബാഹ്യശക്തികൾ നിയന്ത്രിക്കുന്ന വിലക്കു നൽകേണ്ട ഗതികേടിലാണ് കർഷകർ. നല്ല വിളഞ്ഞ കായ് വെയിലിൽ ഉണക്കിപ്പൊടിച്ചാൽ നല്ല പോഷകഗുണമുള്ള ശിശു ഭക്ഷണമാക്കാം. പണ്ട് ശിശുക്കൾക്ക് കൊടുത്തിരുന്ന പ്രധാന ഭക്ഷണം ഇതായിരുന്നു. വർദ്ധിത മൂല്യമുള്ള ഉൽപന്നമാക്കി വിൽക്കാം. പൊടിക്കാനെടുക്കുന്നകായ് തോൽ കന്നുകാലികൾക്കുള്ള ഭക്ഷണത്തിൽ ചേർക്കാം. പച്ചക്കറിയായും ഇതുപയോഗിക്കാം.

റാഗിയും മാർട്ടും നേന്ത്രക്കായ്പൊടിയും ചേർത്ത് സന്തുലിത പോഷകഹാരം നിർമ്മിക്കാം. പഴവർഗ്ഗങ്ങൾ പലതും സുലഭമായ ഇവിടെ പഴം സംസ്കരണത്തിന് നല്ല സാദ്ധ്യതയുണ്ട്.

നാളികേരം

നാളികേരത്തെ ആസ്പദമാക്കിയ നിരവധി ഉൽപന്നങ്ങൾ നിർമ്മിക്കാൻ അനന്ത സാദ്ധ്യതകളാണുള്ളത്. മഴക്കാലത്തു പുകരാശി ഏൽക്കാത്ത കൊപ്ര ഉണങ്ങുന്നതിന് വികസിപ്പിച്ചെടുത്തിട്ടുള്ള ഡയറ്റുകൾ ഉപയോഗിച്ച് മേൽത്തരം കൊപ്ര ചുരുങ്ങിയ ഇന്ധനചെലവിൽ നിർമ്മിക്കുന്നതും ഉൾപ്പെടെ കാലിതീറ്റ നിർമ്മാണം തുടങ്ങിയവയിൽ ആവശ്യമായ പരിശീലനം നൽകിയാൽ സ്വകാര്യ സംരംഭകർ ഈ വഴിക്കു തിരിയുകതന്നെ ചെയ്യും.

ചകിരി ഉപയോഗിച്ച് വിവിധതരം ഉൽപന്നങ്ങളുണ്ടാക്കുകയും ചകിരിചോറ് ജൈവവളമായി ഉപയോഗിച്ചുകൊണ്ട് പൂച്ചട്ടികളിൽ നട്ടുവളർത്തുന്ന ചെടികളുടെ ആകർഷണീയത വർദ്ധിപ്പിക്കാൻ സാധിക്കും.

ചിരട്ട

ചിരട്ടകൊണ്ടുള്ള ആകർഷകമായ കലാവസ്തുക്കൾ നിർമ്മിക്കാം. ജില്ലാതലത്തിൽ സമ്മാനം നേടിയ ഒരു കലാകാരൻ പയ്യാവൂരിൽ ഉണ്ടെന്നുള്ളത് നമുക്ക് അഭിമാനകരമാണ്. നല്ല ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ വേണ്ട പ്രോത്സാഹനം നൽകിയാൽ സ്വയം തൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്നവർക്കൊരു വഴികാട്ടിയായ് തീരാൻ ഈ ചെറുപ്പക്കാരനു സാധിക്കും. ചിരട്ടക്കരി, ആജിവേറുഡ് ചാർക്കോൾ ആക്കി മാറ്റി ഉന്നതമൂല്യമുള്ള ഉൽപന്നമാക്കി മാറ്റാൻ സാധിക്കും.

കരിക്കിൻ സ്റ്റാൾ

ശീതള പാനീയമായി ഉപയോഗിക്കാവുന്ന കരിക്കിൻ വെള്ളം ഔഷദമൂല്യം നിറഞ്ഞ രോഗപ്രതിരോധ ശക്തി വർധിപ്പിക്കുന്ന പാനിയമാണ് ഉണർവിനും ഉന്മേഷത്തിനും പ്രകൃതിയിൽ നിന്നും കിട്ടാവുന്ന ഏറ്റവും നല്ല പാനീയമാണ് കരിക്ക്. നിരവധി മിശ്രിതങ്ങൾ ചേർത്ത് ആകർഷക നിറങ്ങളിലും രുചിയിലുമായി കൃത്രിമമായി നിർമിച്ച സോഫ്റ്റ് ഡ്രിംഗ്സ് വൻ പ്രചാരണവും വലിയ വിലയും കൊടുത്തവാങ്ങേണ്ടി വരുന്നവർക്കു കരിക്കിൻവെള്ളത്തിലെ പോഷകഘടകങ്ങളുടെ വിലയറിയുമ്പോൾ അത്ഭുതപ്പെടുകതന്നെ ചെയ്യും.

ജീവദായകമായ ഈ അമൃത് പ്രകൃതിയുടെ ഒരു വരദാനമാണ്. കരിക്കായി തെങ്ങിൽനിന്ന് വിളവെടുത്താൽ ഇരട്ടി ഫലം ലഭിക്കുമെന്നാണ് അനുഭവസ്ഥരായ കേരകർഷകർ അവകാശപ്പെടുന്നത്. ശരിയായ ബോധവൽക്കരണം നടത്തിയാൽ വ്യാപകമായ പ്രചരണത്തിലൂടെ കരിക്കിൻ സ്റ്റാളുകളുടെ എണ്ണം വർദ്ധിപ്പിച്ച് നല്ല വിപണ സാദ്ധ്യത കൈവരിക്കാനും കൃഷിക്കാർക്കും ചെറുകിട കച്ചവടക്കാർക്കും ഒരുപോലെ ഗുണം ലഭിക്കുകയും ചെയ്യു

മെന്നത് തർക്കമറ്റ വസ്തുതതന്നെ.

പാരമ്പര്യ വ്യവസായം

ആദിവാസി മേഖലകളിൽ പാരമ്പര്യമായി നടന്നുവന്നിരുന്ന കൊട്ട, വട്ടി, മുറം, നെയ്ത്ത്, ചൂരൽ, മുള, തുടങ്ങിയ വസ്തുക്കളുടെ നിർമ്മാണം അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യംവും മറ്റു പ്രായോഗിക ബുദ്ധിമുട്ടുകളാലും നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്.

ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്കാവശ്യമായ ഈറ്റ, ചൂരൽ, മുള തുടങ്ങിയവ ലഭ്യമാക്കുന്നതിന് അവയുടെ സംരക്ഷണം നൽകാൻ ഈ വനവിഭവങ്ങളുടെ മത്സരിച്ചുള്ള ചൂഷണം നിയന്ത്രിക്കതന്നെ വേണം. അധികാരികൾ തന്നെ നിയമവ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട ഈ വിഭവങ്ങളെ അതാതു തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക് യഥാസമയം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

ഈ വിഭാഗത്തിൽപ്പെട്ട പാരമ്പര്യ വ്യവസായങ്ങളേയും തേനീച്ച വളർത്തൽ കേന്ദ്രങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് ഖാദി ബോർഡിന്റെയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയും സഹകരണവും ഉണ്ടാകേണ്ടിയിരിക്കുന്നു.

ടൂറിസ്റ്റ് വ്യവസായം

വലിയ വികസന സാദ്ധ്യതകളുൾക്കൊള്ളുന്ന ഒരു നൂതന വ്യവസായമാണ് ടൂറിസം സഞ്ചാരികളെ ആകർഷിക്കുന്ന വളരെ വിശാലമായ ഒരു മേഖലയാണ്. കേരളത്തിന്റെ വടക്കേയറ്റം നിർദ്ദിഷ്ടമായ ബേക്കൽ കോട്ട നാവിക വികസന കേന്ദ്രങ്ങളോടൊപ്പം, പൈതൽമല, ചന്ദനക്കാംപാറ, കാഞ്ഞിരക്കൊല്ലി കുന്നത്തൂർ പാടി പ്രദേശങ്ങൾ വിദേശ സ്വദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന ഒരു വിനോദ സഞ്ചാര മേഖല വളർത്തിയെടുക്കാവുന്നതാണ്. കുന്നത്തൂർപാടി ഉത്സവത്തിനും, കുംഭം 10-ന്റെ പയ്യാവൂർ ഊട്ടുൽസവവും ടൂറിസവുമായി ബന്ധപ്പെടുത്തിയാൽ പഞ്ചായത്തിനു തന്നെ നല്ല വരുമാനം ലഭിക്കാവുന്നതാണ്.

റെഡിമെയ്ഡ്

ഗവൺമെന്റിന്റെ വിവിധ സഹായ പദ്ധതി പ്രകാരം തുന്നൽ പരിശീലനവും തയ്യൽ മെഷീനുകളും ലഭിച്ച ധാരാളം വനിതകൾ ഈ പ്രദേശത്തുണ്ട്. നീർമറി വികസന പദ്ധതിപ്രകാരം 15 മിഷനുകളും പരിശീലനവും ലഭിച്ച 15 വനിതകൾ ചന്ദനക്കാംപാറയിൽ തന്നെയുണ്ട്. പൈസക്കരിയിൽ തലശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 25-ൽ പരം മെഷീനുകൾ നൽകിയിട്ടുള്ളതും പരിശീലന കേന്ദ്രത്തിൽ പരിശീലനവും വനിതകൾക്കു നൽകുന്നുണ്ട്. എംബ്രോയിഡറി മിഷനിൽ പരിശീലനം പയ്യാവൂരിൽ നൽകിവരുന്നു.

വനിതകളുടെ ക്ഷേമത്തിനും അവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അന്യസംസ്ഥാനങ്ങളിലേക്കൊഴുക്കിപ്പൊയ്ക്കൊണ്ടിരിക്കുന്ന വൻതുകകൾ നമ്മുടെ വനിതകളുടെ ക്ഷേമത്തിനുപമിക്കത്തവിധം തിരിച്ചുവിടാവുന്നതാണ്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം സൊസൈറ്റി രൂപീകരിച്ച് സാമ്പത്തിക സഹായവും പരിശീലനവും കൂടുതൽ നൽകിയാൽ ചെറുകിട വസ്ത്ര നിർമ്മാണ രംഗത്ത് പ്രവചനാതീതമായ മാറ്റം നമ്മുടെ മേഖലയിൽ സൃഷ്ടിക്കാൻ സാധിക്കുമെന്നതിൽ സംശയമില്ല.

മൃഗാവശിഷ്ടങ്ങൾ-ജൈവവള വ്യവസായം

പച്ചക്കറി വെയ്സ്റ്റ് നമ്മുടെ പഞ്ചായത്തിലുള്ള അറവുശാലകളിൽ വിലപിടിച്ച പല ജൈവാവശിഷ്ടങ്ങളും വ്യർത്ഥമായിപ്പോവുകയും ജലാശയങ്ങൽക്കും നീരൊഴുക്കുകൾക്കും ഭീഷണിയായിരിക്കുകയും ചെയ്യുന്നു. ഈ വക വെയ്സ്റ്റുകൾ സംഭരിച്ച് സംസ്കരിച്ച് ജൈവവളം നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് പഞ്ചായത്തിൽ തന്നെ സ്ഥാപിക്കേണ്ടതാണ്.

പഴയ കടലാസു പൾപ്പ് വ്യവസായം

നോട്ടുബുക്കുകൾ,പാഴ് കടലാകുകൾ പത്രക്കടലാസുകൾ മുതലായവ അരച്ചു പൾപ്പാക്കി,കൗതുക വസ്തുക്കൾ, കാർഡുകൾക്കും ഹാർഡ് ബോർഡുകൾക്കും മറ്റ് വിവിധോദ്ദേശ്യങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ ഇന്ന് പാഴാക്കിക്കളയുന്ന ഒരു പാഴ്വസ്തുവിനെ (റീസൈക്കിൾ) പുനഃചംക്രമണം നടത്തുന്നതിനും പരിസ്ഥിതി സംരക്ഷണത്തിനും സഹായിക്കുന്ന ഒരു തൊഴിൽ മേഖലയാക്കി മാറ്റാവു


ന്നതാണ്.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം നമ്മുടെ കാർഷിക, മൃഗസംരക്ഷണ മേഖലകളെ നല്ലനിലയിൽ സംരക്ഷിക്കാൻ ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകൾ സഹായകരമാകും. കമ്പോളത്തിൽ നിന്നും വാങ്ങുമ്പോൾ അധികം കൊടുക്കേണ്ടിവരുന്ന തുക ലാഭിക്കാനും അതുവഴി വികസനരംഗത്തേക്കു തിരിച്ചുവിടാനും സാധിച്ചാൽ മലയോരമേഖലയായ നമ്മുടെ പഞ്ചായത്തിന്റെ മൊത്തം സ്ഥിതിതന്നെ മാറ്റിയെടുക്കാം. ആസൂത്രണ പ്രക്രിയയിൽ ഈ പങ്കാളിത്തം ഉറപ്പുവരുത്തക്കവിധമുള്ള പദ്ധതികളുടെ നടത്തിപ്പിന് നേതൃത്വപരമായ പങ്ക് വഹിക്കാൻ പഞ്ചായത്തിനു സാധിക്കണം. വികസനോന്മുഖമായ പരിപാടികൾ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന 9-ാം പഞ്ചവത്സര പദ്ധതികൾ ജനകീയപദ്ധതിയായി മാറുകതന്നെ ചെയ്യും.

പാക്ക് വെട്ട് വ്യവസായം

ധാരാളം കമുങ്ങ് ഉള്ള ഈ പഞ്ചായത്തിൽ പാക്ക് ലഭ്യമാണ്. അതുപയോഗിച്ച് പാക്ക്വെട്ട് വ്യവസായം ആരംഭിക്കാൻ സാധിക്കും.

വ്യവസായ ആവശ്യത്തിനുള്ള പ്രാഥമിക സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, വാർത്താവിനിമയം, ബാങ്കിങ്ങ്, ജലം മുതലായ എല്ലാ സ്ഥലത്തും ലഭ്യമല്ല. ഇതിനാൽ സൗകര്യം ഉള്ള സ്ഥലങ്ങളിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ചെറിയ ഇൻഡസ്ട്രിയൽ യൂണിറ്റ് സ്ഥാപിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും.



ഊർജ്ജം

സമഗ്രവികസനം സാധ്യമാകണമെങ്കിൽ ഊർജ്ജം അത്യാവശ്യമാണ്. വികസനപ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ഒരു ഘടകമാണ് ഊർജ്ജം. നാടിന്റെ വികസനം അളക്കുന്ന അളവുകോലായി നാം ഉപയോഗിക്കുന്ന ഊർജ്ജം മാറിയിരിക്കുന്നു. ഗാർഹിക ഉപയോഗം ജീവിതസൗകര്യങ്ങളെ കുറിക്കുമ്പോൾ വ്യവസായ ഉപയോഗം തൊഴിലവസരങ്ങളുടെ ലഭ്യത നിർണ്ണയിക്കുന്നു. വ്യവാസയ വിപ്ലവത്തോടുകൂടി പുതിയ ഊർജ്ജ സ്രോതസുകൾ കണ്ടെത്തുകയും പെട്രോൾ, വൈദ്യുതി എന്നിവയുടെ ആവിർഭാവത്തോടുകൂടി മനുഷ്യപുരോഗതി അഭൂതപൂർവമായ കുതിച്ചുചാട്ടം നടത്തുകയും ചെയ്തു.

വൈദ്യുതി ഉപയോഗത്തിൽ പിന്നിൽനിൽക്കുന്ന ജില്ലയാണ് കണ്ണൂർ എന്ന് നമ്മുക്കറിയാം. പയ്യാവൂർ പഞ്ചായത്തിന്റെ സ്ഥിതി ഇതിലും എത്രയോ ദയനീയമാണ്. 5293 വീടുകളുള്ളതിൽ 694 വീടുകൾ മാത്രമാണ് വൈദ്യുതി സ്വീകരിച്ചത്. വ്യാപാര ആവശ്യത്തിനായി 124, വ്യവസായ ആവശ്യത്തിനായി 10ഉം കാർഷിക ആവശ്യത്തിനായി 32ഉം കണക്ഷനുകൾ ഉണ്ട്. ഈ കണക്കുകളിൽനിന്നും നമ്മുടെ പഞ്ചായത്തിന്റെ ദയനീയ സ്ഥിതി മനസിലാക്കാവുന്നതാണല്ലോ.

67.34 ച.കി.മീ. വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്തിൽ വൈദ്യുതീകരണം ത്വരിതപ്പെടുത്തുന്നതിനായി പ്രഖ്യാപിതി വഞ്ചിയം ജലവൈദ്യുതപദ്ധതി ഉടൻ പ്രവൃത്തി ആരംഭിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. 1983-ലാണ് ഈ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതിയെത്തിയത്. മട്ടന്നൂർ സബ്സ്റ്റേഷനിൽ നിന്നുമാണ് ഇന്നും വൈദ്യുതി പയ്യാവൂർ പഞ്ചായത്തിൽ എത്തുന്നത്. പഞ്ചായത്തിൽ ഉപയോഗിക്കുന്നതിൽ പ്രധാന ഊർജ്ജം വിറകാണ്. കാർഷിക പ്രദേശമായയ ഇവിടെ വിറക് ധാരാലം ലഭിച്ചിരുന്നു. എങ്കിലും ഇപ്പോൾ ദൗർലഭ്യം അനുഭവപ്പെട്ട് തുടങ്ങിയിരിക്കുന്നു.

ഊർജ്ജം പ്രതിസന്ധി പരിഹരിച്ചുമാത്രമേ മുന്നോട്ടു പോകാൻ സാധിക്കുകയുള്ളൂ. പുതിയ പദ്ധതികൾ നിർമിക്കുകയും ലഭ്യമായ ഊർജ്ജത്തെ പരമാവധി കാര്യക്ഷമതയോടുകൂടി ഉപയോഗിക്കുകയും ചെയ്താൽ നമ്മുക്ക് പ്രതിസന്ധി പരിഹരിക്കാൻ കഴിയും. അധികോപയോഗത്തെയും ദുരുപയോഗത്തെയും ഒഴിവാക്കി കഴിയുന്നതും ഇന്ധനം സംരക്ഷിക്കുകയും ദക്ഷതയോടുകൂടി ഉപയോഗിക്കുകയും ചെയ്താൽമാത്രമേ നമ്മുടെ വികസന സ്വപ്നങ്ങൾ ഫലമണിയൂ.

പയ്യാവൂർ പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും വിറകടുപ്പാണ് ഉപയോഗിക്കുന്നത്. ഇതുതന്നെ സാധാരണ രീതിയിലുള്ളതും ദക്ഷതകൂടുയതോ, പുകയില്ലാത്തതോ ആയ അടുപ്പുകൾ ഉപയോഗിക്കുന്ന വീടുകൾ ഇല്ലെന്നുതന്നെ പറയാം. മണ്ണെണ്ണ, ഗ്യാസ് മുതലായവ ഉപയോഗിക്കുന്ന വീടുകൾ ചുരുക്കമാണ്. 70 ഗ്യാസ് കണക്ഷനുകൾ ഇന്ന് പഞ്ചായത്തിൽ ഉണ്ട്. 13 പട്ടികജാതി-പട്ടികവർഗ്ഗ കോളനിയും 2 ലക്ഷംവീട് കോളനിയും ഈ പഞ്ചായത്തിൽ ഉണ്ട്. എങ്കിലും ഒരു കോളനിമാത്രമാണ് വൈദ്യുതീകരണം നടപ്പാക്കിയതായുള്ളൂ. 8 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വോൾട്ടേജ്ക്ഷാമം അതിരൂക്ഷമാണ്. അമിതമായ സ്റ്റെപ്പപ്പുകളുടെ ഉപയോഗം പാവപ്പെട്ടവർക്ക് വോൾട്ടേജ് ഒരു സ്വപ്ന

മാക്കി മാറ്റുന്നു. ദക്ഷതയോടുകൂടിയ അനർട്ടിന്റെയും പരിഷത്തിന്റെയും അടുപ്പുകൾക്ക് നല്ല പ്രചാരണം നൽകി ഉർജ്ജനഷ്ടം ലഘൂകരിക്കേണ്ടത് അത്യാവശ്യമാണ്. ഒരു യൂണിറ്റ് വൈദ്യുതി ലഭിക്കുന്നത് 1.25 യൂണിറ്റ് വൈദ്യുതി നിർമ്മിക്കുന്നതിന് തുല്യമാണ്.

വൈദ്യുതി ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ

നിലവിലുള്ള ഉപഭോക്താക്കൾ

ഗാർഹികം	–694
വ്യാപാരം	–124
വ്യവസായം	–10
കാർഷികം	–32

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം	–	300
സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം		60 വാട്ട്–15
40 വാട്ട്	–	12
സ്ട്രീറ്റ് ലൈറ്റുകൾക്കുവേണ്ടി പഞ്ചായത്ത് പ്രതിമാസം അടയ്ക്കുന്ന തുക	–	582 രൂപ
വൈദ്യുതീകരിച്ച ഹരിജൻകോളനി (വാതിൽമട)	–	1
കണക്ഷൻ	–	13
സൗജന്യസ്ലാബിൽ വൈദ്യുതി ഉപയോഗം–		10
പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ എണ്ണം	–	8

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ചില വാർഡുകളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല.
2. വോൾട്ടേജ്ക്ഷാമം അതിരൂക്ഷമായി അനുഭവപ്പെടുന്നു.
3. 12 കോളനികളിൽ വൈദ്യുതീകരിച്ചിട്ടില്ല.
4. ഗ്യാസ് കണക്ഷൻ ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
5. അമിതമായ സ്റ്റെപ്പപ്പ് ഉപയോഗം വോൾട്ടേജ്ക്ഷാമത്തിന് കാരണമാകുന്നു.
6. ബോർഡ് അധികൃതരുടെ അനാസ്ഥകൊണ്ട് വൈദ്യുതി വിതരണം തകരാറിലാകുന്നു.
7. പൈസക്കരി, ചന്ദനക്കാംപാറ പ്രദേശത്തുള്ള മിനി മംഗ്യാരന്റി ഒപ്പുവച്ചവർക്കും, സി.ഡി.അടച്ചവർക്കും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

സാധ്യതകൾ

1. ശ്രീകണ്ഠപുരം സബ്സ്റ്റേഷന്റെ പണിപൂർത്തീകരിച്ച് പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കാം.
2. വൈദ്യുതി എത്താത്ത പ്രദേശത്ത് ജനപങ്കാളിത്തവും ബോർഡിന്റെ സഹായവും ചേർത്ത് നിർവഹിക്കാവുന്നതാണ്.
3. വൈദ്യുതി ഉപയോഗം നിയന്ത്രിക്കാൻ ഇലക്ട്രോണിക്ചോക്ക് സബ്സിഡി നൽകി വ്യാപകമായി പ്രചരിപ്പിക്കുക.
4. വൈദ്യുതിയുടെ ഉപയോഗം കുറച്ച് കൂടുതൽ പ്രകാശം നൽകുന്ന കോംപാക്ട് ഫ്ളൂറസെന്റ് ലാബുകൾ പ്രചരിപ്പിക്കാവുന്നതാണ്.
5. ദക്ഷതകൂടിയതും പുകയില്ലാത്തതുമായ അടുപ്പുകളുടെ പ്രചാരണം.
6. പ്രഷർകുക്കർ, കാപ്പിച്ചെടി എന്നിവ വ്യാപകമായി പ്രചരിപ്പിക്കുക.
7. പരമാവധി ഗോബർഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കൽ.
8. വഞ്ചിയം ജലവൈദ്യുതപദ്ധതി പണിപൂർത്തിയാക്കിയാൽ പയ്യാവൂർ, എരുവേശി പഞ്ചായത്തുകൾക്ക് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതാണ്.
9. ഹരിജൻകോളനികളിൽ അനർട്ടിന്റെ സൂര്യറാന്തലുകൾ സ്ഥാപിക്കുക.
10. പയ്യാവൂർ പഞ്ചായത്തിലെ പ്രധാന ടൗണുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.
11. കറണ്ട്ഫീ വാങ്ങുന്നതിന് പഞ്ചായത്തിൽ സംവിധാനമുണ്ടാക്കുക. ■



ഗതാഗതം

ഏതൊരു നാടിന്റെയും വികാസത്തിൽ പ്രധാനപങ്ക് വഹിക്കുന്നവയാണ് തനതായ ഗതാഗത ശൃംഖല. എല്ലാ വികസനത്തിന്റെയും അടിസ്ഥാന ഘടകമായി പ്രവർത്തിക്കുന്നതും ഇതുതന്നെയാണ് എന്നതിൽ തർക്കമില്ല. മലകൾ മാത്രം നിറഞ്ഞ നമ്മുടെ പഞ്ചായത്തിലും റോഡുകളുടെ ഒരു നല്ല ശൃംഖല തന്നെയുണ്ട് എന്നതിൽ തർക്കമില്ല.

കന്നിമണ്ണ് തേടി ദക്ഷിണ കേരളത്തിൽനിന്ന് ഉത്തരകേരളത്തിലെ വിശാലമായ മലഞ്ചെരുവുകളെയും കൃഷിഭൂമികളെയും ലക്ഷ്യമാക്കിത്തിരിച്ച നമ്മുടെ കാരണവൻമാർ കഠിനാധ്വാനം ചെയ്ത് കാനനങ്ങളെ കനകഭൂമികളാക്കി. ആദരീണയമായ കൂട്ടായ്മയും അന്യാദൃശ്യമായ പരസ്പര സഹകരണവുംവഴി തങ്ങളുടെ സമൂഹത്തെയും സാമൂഹിക ജീവിതത്തെയും സമ്പന്നമാക്കി. തളിപ്പറമ്പിലും ചെങ്ങളായിയിലും വന്നിറങ്ങി സംഘം ചേർന്ന് നടന്നുപോയ്ക്കോണ്ടിരിക്കുന്ന അവർ തങ്ങളുടെ എല്ലാ വികസനത്തിന്റെയും അടിസ്ഥാനം ഗതാഗതസൗകര്യമാണ് എന്നു മനസിലാക്കി. സങ്കേതികവും ശാസ്ത്രീയവുമായ അറിവുകൾ ഇല്ലാതിരുന്നിട്ടും നാട്ടറിവുകളുടെയും അനുഭവജ്ഞാനത്തിന്റെയും വെളിച്ചത്തിൽ റോഡുകൾക്ക് രൂപകൽപ്പന ചെയ്തു.

തങ്ങളുടെ ആരാധനാലയങ്ങൾ കേന്ദ്രമാക്കി സംഘടിക്കുകയും ആഴ്ചയിലൊരുദിവസം തങ്ങളുടെ സാമൂഹ്യനന്മക്കായി ശ്രമദാനം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. ഒരു ഉത്സവസ്ഥലത്തേക്കെന്നവണ്ണം അധ്വാനത്തിന്റെ സംഗീതവുമായി പണിസ്ഥലങ്ങളിലേക്ക് മാർച്ച് ചെയ്തു. മലകളെ വെട്ടിനിരത്തിയും ചരിവുകളെ കെട്ടിനിരത്തിയും പാറ പൊട്ടിച്ചും അവർ മുന്നേറി. അവരുടെ അധ്വാന വിജയങ്ങളെ ഓരോ ഘട്ടത്തിലും ആഘോഷിച്ചുകൊണ്ടാടി.

അങ്ങനെ നാമിന്നനുഭവിക്കുന്ന സൗകര്യങ്ങളെ അവർ ഊട്ടിവളർത്തി. ഈ മലയോര പുരോഗതിക്കെല്ലാം നാം കടപ്പെട്ടിരിക്കുന്നത് സർക്കാരിന്റെ സൗജന്യങ്ങളെക്കാൾ നമ്മുടെ പൂർവികന്മാരുടെ ക്രാന്തദർശത്തോടുകൂടിയുള്ള കഠിനാധ്വാനത്തിനാണ്. ഒരു കണക്കിൽപറഞ്ഞാൽ ജനകീയാസൂ

ത്രണം ഈ പ്രദേശങ്ങളിൽ 1950 കളിലെ കുടിയേറ്റ ക്കാലത്തുതന്നെ ആരംഭിച്ചിരുന്നു. ഇതിനു നേതൃത്വം കൊടുത്തത് പള്ളികളിലെ ബഹുവൈദീകരും സാമൂഹികപ്രവർത്തകരുമാണ്.

1976-ൽ പഞ്ചായത്ത് ആരംഭിക്കുമ്പോൾ ഒരു സെന്റീമീറ്റർ പോലും ടാറിംഗ് റോഡ് ഇല്ലായിരുന്നു. 1974-ൽ പാറക്കടവ് പാലം പണിപൂർത്തിയായതോ ടുകൂടിയാണ് പയ്യാവൂരിലേക്കുള്ള ഗതാഗതസൗക ര്യത്തിന് തുടക്കംകുറിച്ചത്. ഇതോടെ പയ്യാവൂർ നാട്ടിൽ ബസ് എത്തി.

1987-ലെ ഗ്രാമോത്സവകാലത്ത് പയ്യാവൂർ പൈസക്കരി 5 കി.മി. റോഡിന്റെ ടാറിംഗ് പ്രവൃത്തി എം.എൽ.എ ശ്രീ കെ.സി. ജോസഫ് ഉദ്ഘാടനം ചെയ്തതോടെയാണ് ടാർ റോഡുകളുടെ ചരിത്രം ആരംഭിക്കുന്നത്.

പഞ്ചായത്തിൽ യാത്രാസൗകര്യം വർധിപ്പിക്കു ന്നതിനായി അടുത്തകാലത്ത് പഞ്ചായത്ത് ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് (പയ്യാ വൂർ)-ന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതല്ലാതെ വർധിച്ച തോതിൽ ഓട്ടോ, ടാക്സി മുതലായ വാഹ നങ്ങൾ ഓടുന്നുണ്ട്. എങ്കിലും ഇവയ്ക്ക് പാർക്ക് ചെയ്യാൻ സൗകര്യം ഒന്നുംതന്നെ ഉണ്ടാക്കിയിട്ടില്ല.

നിലവിലുള്ള ടാർ ചെയ്ത റോഡുകൾ

പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡുക ളുടെ നീളം 35.700 കി.മി ആണ്. ഇതിൽ 23 കി.മി. പി.ഡബ്ല്യു.ഡി.യും 12.700 കി.മി റോഡ് പഞ്ചായത്തും ടാർ ചെയ്തതാണ്.

ടാർ റോഡുകൾ

നം.	വാർഡ് നം.	റോഡിന്റെ പേര്	ടാറിംഗ് പ്രവൃത്തി നടത്തുന്നത്	നീളം(കി.മി.)	വീതി	ബസ് സൗകര്യം
1	1,9,5,6,7,10	പാറക്കടവ്-ചാപ്പക്കടവ്	പി.ഡബ്ല്യു.ഡി	10	8	ഉണ്ട്
2	1,2,4,5	പയ്യാവൂർ-കുന്നത്തൂർപാടി	"	7	7	"
3	1,2,3	പയ്യാവൂർ-ചമതച്ചാൽ	"	6	7	"
4	9	പയ്യാവൂർ-വെമ്പുവ	പഞ്ചായത്ത്	1	5	ഇല്ല
5	2	പാറക്കടവ്-ഈരൂട്	"	500മീ.	5	"
6	5,7	ചതിരമ്പുഴ-ചീത്തപ്പാറ	"	"	"	"
7	7,	മാവുന്തോട്-പാടാൻകവല	"	"	"	"
8	7,10	ചന്ദനക്കാംപാറ-ഷിമോഗകോളനി	"	"	"	"
9	10	ചാപ്പക്കടവ്-ആടാമ്പാറ	"	600മീ	"	"
10	4	കുന്നത്തൂർ-കുഞ്ഞിപ്പറമ്പ്	"	500മീ	"	"
11	1,2	പൊന്നുംപറമ്പ്-വാതിൽമട	"	1.400കി.മീ.	"	"
12	4,3	വാതിൽമട-ആനയടിപ്പറമ്പ്	"	1.കി.മീ.	"	"
13	3	ചമതച്ചാൽ-ഉപ്പുവടന്ന	"	500മീ.	"	"
14	8	കാഞ്ഞിരക്കൊല്ലി എസ്റ്റേറ്റ്ബംഗ്ലാവ്-കുട്ടിമാവ്		600മീ	"	ഉണ്ട്
15	8	ശാന്തിനഗർ-കൊട്ടാടിക്കവല	"	"	"	"
16	5	പൈസക്കരി-കുന്നത്തൂർ	"	2 കി.മീ.	"	ഇല്ല
17	6	പൈസക്കരി-ഏറ്റുപാറ	"	2.500 കി.മീ.	"	"

പണി നടന്നുകൊണ്ടിരിക്കുന്ന ടാറിംഗ് റോഡുകൾ

നം.	വാർഡ് നം.	റോഡിന്റെ പേര്	ടാറിംഗ് പ്രവൃത്തി നടത്തുന്നത്	നീളം	വീതി
1.	6	ചാപ്പക്കടവ്-വഞ്ചിയം	പി.ഡബ്ല്യു.ഡി.	2400	8
2.	5, 7, 8	പയ്യാവൂർ-കാഞ്ഞിരക്കൊല്ലി (രണ്ടാംഘട്ടം)	പി.ഡബ്ല്യു.ഡി.	5.	8

പണി നടന്നുകൊണ്ടിരിക്കുന്ന JRY റോഡുകൾ

നം.	വാർഡ് നം.	റോഡിന്റെ പേര്	നീളം	വീതി
1	4		1.കി.മീ	5
2	10	ഒന്നാംപാലം-ആടാൻപാറ	2.കി.മീ.	5

പ്രശ്നങ്ങൾ

വർധിച്ച ആവശ്യത്തിനനുസരിച്ച് ഗുണപ്രദമായ റോഡുകൾ നമുക്കില്ല. നിലവിലുള്ള റോഡുകളുടെ നില ശോചനീയവുമാണ്. ശോചനീയാവസ്ഥയ്ക്ക് കാരണം ആവശ്യമനുസരിച്ചുള്ള കലുങ്കുകളുടെയും ഓടകളുടെയും അഭാവമാണ്. കൃത്യമായ രീതിയിൽ അറ്റകുറ്റപ്പണി നടത്താത്തതും റോഡിനു മുടക്കുന്ന ഫണ്ടിലെ ചോർച്ചയും ഇതിനു കാരണമാകുന്നു. ആവശ്യമായ വീതികുറവും ഗുണനിലവാരത്തെ കാര്യമായി ബാധിക്കുന്നു.

സാധ്യതകൾ

കുന്നുകൾ നിറഞ്ഞ മലയോര പഞ്ചായത്ത് എന്ന നിലയിൽ ഗതാഗതസൗകര്യത്തിനു പ്രാധാന്യം നൽകിക്കൊണ്ടുള്ള നിർദേശങ്ങളാണ് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളത്. ഈ പ്രവൃത്തികൾക്കെല്ലാം നല്ല രീതിയിലുള്ള സന്നദ്ധപ്രവർത്തനം വാഗ്ദാനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

1. ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള നിർദേശങ്ങൾക്ക് മുൻഗണനാക്രമം നൽകി ടാറിംഗ് ചെയ്ത് ഗതാഗതസൗകര്യം വർധിപ്പിക്കാം.
2. കുഞ്ഞിപ്പറമ്പ്, ആടാംമ്പാറ, കാഞ്ഞിരക്കൊല്ലി പോലുള്ള അവികസിത പ്രദേശങ്ങൾക്ക് മുൻഗണന നൽകി റോഡുകൾ നിർമിച്ച് ടാറിംഗ് നടത്തി ഗതാഗതസൗകര്യം വർധിപ്പിക്കാവുന്നതാണ്.
3. മടക്കൽ പണി ആരംഭിച്ച റെഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി ഉടൻ പൂർത്തികരിക്കുന്നതിന് പഞ്ചായത്ത് വേണ്ടത് ചെയ്യേണ്ടതാണ്.
4. പുതിയ റോഡുകൾ നിർമിക്കുന്നതിനായി ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദേശങ്ങൾക്ക് മുൻഗണനാക്രമം നൽകി നടപ്പിൽവരുത്താവുന്നതാണ്.
5. പയ്യാവൂരിൽനിന്നും കാഞ്ഞിരക്കൊല്ലിക്കുള്ള റോഡ് ഹിൽ ഹൈവേയാക്കി ഗതാഗതസൗകര്യം വാർധിപ്പിച്ചാൽ ടൂറിസ്റ്റുകളെ ആകർഷിക്കാം.
6. പയ്യാവൂർ -ചന്ദനാക്കാംപാറ-വഞ്ചിയം റോഡ് ഗതാഗതസൗകര്യം വർധിപ്പിച്ചാൽ ടൂറിസ്റ്റ് കേന്ദ്രമായ പൈതൽമലയിലേക്ക് പോകുന്നതിന് എളുപ്പമാണ്.
7. റോഡപകടങ്ങൾ ഒഴിവാക്കാൻ സിഗ്നൽ ബോർഡുകൾ സ്ഥാപിക്കാവുന്നതാണ്.

നിർദേശങ്ങൾ

1. മലപ്പട്ടം മുനമ്പുകടവ് പാലം നിർമിച്ചാൽ പയ്യാവൂരിൽനിന്ന് ജില്ലാ ആസ്ഥാനത്തേക്ക് എത്തുന്നതിന് വളരെ എളുപ്പമാണ്. അത് ഉടൻ ചെയ്യുക
2. കൂടുതൽ യാത്രയ്ക്ക് ഉപയോഗിക്കുന്നതും ഗതാഗതസൗകര്യം കുറഞ്ഞതുമായ കുന്നത്തൂർ–ആനയടിപ്പറമ്പ് റോഡ്, ചന്ദനക്കാംപാറ – ആടാമ്പാറ റോഡ്, ചന്ദനക്കാംപാറ–കാഞ്ഞിരക്കൊല്ലി റോഡ് എന്നിവയ അടിയന്തിരമായി ടാറിംഗ് ചെയ്യേണ്ടതാണ് എന്ന് ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്.
3. റോഡുപണിക്കായി മുതൽമുടക്കുന്ന തുക പൂർണമായി റോഡിനുവേണ്ടി ഉപയോഗിക്കുന്നുണ്ടോ എന്ന് ജനകീയ കമ്മിറ്റികളിലൂടെ പരിശോധിക്കാൻ കഴിയണം.
4. റോഡുകളിൽ ഉണ്ടാകുന്ന ചെറിയ തകരാറുകൾ നന്നാക്കുന്നതിനായി ഉപഭോക്താക്കളുടെ സംരക്ഷണ സമിതി രൂപവൽക്കരിക്കാവുന്നതാണ്.
5. റോഡിലേക്ക് 3 മീറ്ററിൽ അടുത്തായി കെട്ടിടങ്ങൾ പണിയുന്നതിന് പഞ്ചായത്ത് തടയേണ്ടതാണ്.
6. റോഡരികിൽ കല്ലുകൾ, തടി മുതലായവ ഇറക്കി റോഡ് തകരാറാക്കുന്നവരെ പഞ്ചായത്ത് തടയേണ്ടതാണ്.
7. റോഡിന്റെ സംരക്ഷണത്തിനു സ്ഥാപിക്കുന്ന ഓടകൾ നശിപ്പിക്കുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കുക.
8. റോഡുകളുടെ പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തി ഓരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുക.
9. ആടാമ്പാറപുഴയ്ക്ക് റെഗുലേറ്റർ കം ബ്രിഡ്ജ് പണിത് ഗതാഗതസൗകര്യം വർധിപ്പിക്കണം.
10. ആവശ്യമായ കലിങ്കുകളോടും ഓടകളോടും കൂടി മാത്രമേ റോഡുകൾ നിർമിക്കാനും ടാർ ചെയ്യാനും പാടുള്ളൂ.
11. ഗ്രാമസഭകളിൽനിന്ന് ടാർചെയ്യുന്നതിനും പുതിയതായി പണിയുന്നതിനും ധാരാളം നിർദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതു വാർഡ് അടിസ്ഥാനത്തിൽ ചുവടെ കൊടുക്കുന്നു.

പുതുതായി നിർമിക്കേണ്ട റോഡുകൾ

വാർഡ് നമ്പർ	ക്രമനമ്പർ	റോഡിന്റെ പേര്	ദൂരം(കി.മി)
1	1	മുണ്ടയാട് ജംഗ്ഷൻ–കുന്നത്തൂർ റോഡിലേക്ക്	1
4	2	ആനയടി–മടക്കൽ	3
9	3	വണ്ണായിക്കടവ്–കരിങ്കൽകുന്ന്	1.5
"	4	വണ്ണായിക്കടവ്–ഏറ്റുപാറ	3
10	5	ആടാമ്പാറ–മതിലേരി–കാഞ്ഞിരക്കൊല്ലി	5
"	6	എർത്തോട്ടയിൽ മാത്യുവിന്റെ വീടുമുതൽ ചാപ്പവരെ	1.500

ടാർ ചെയ്യേണ്ട റോഡുകൾ

വാർഡ് നം.	ക്രമ നമ്പർ	റോഡിന്റെ പേര്	ദൂരം (കി.മി)
1	1.	പയ്യാവൂർ-കാട്ടിക്കണ്ടം	.500
"	2.	കാട്ടിക്കണ്ടം-കോയിപ്ര	.900
"	3.	മാർക്കറ്റ്-പൊന്നുംപറമ്പ്	1
"	4.	പൈറ്റടിപ്പറമ്പ്-കുന്നത്തൂർ	3
"	5.	വണ്ണായിക്കടവ്-ചാണാക്കുണ്ട്	1
2	6.	പാറക്കടവ്-പൊന്നുംപറമ്പ് (രണ്ടാംഘട്ടം)	.800
"	7.	ഈരൂട്-കണ്ടകശേരി	1
"	8.	കാക്കത്തോട്-ഉപ്പുവടന്ന	1
"	9.	കാക്കത്തോട്-പൊന്നംപറമ്പ്	1
"	10.	ഈരൂട്-കമ്പിപ്പാലം	.400
"	11.	കണ്ടകശേരി-കൂട്ടുപുഴ	1
3	12.	മുണ്ടാനൂർ-വാതിൽമട-ഉപ്പുവടന്ന	2
"	13.	ഉപ്പുവടന്ന-പൊന്തംകുഴി	1
"	14.	ചമതച്ചാൽ-വാതിൽമട	2
"	15.	വാതിൽമട-വാഴവെച്ചകുന്ന്	1
4	16.	കുന്നത്തൂർ-ആനയടിപ്പറമ്പ്	1.500
"	17.	ആലിൻചുവട്-ശരണക്കുഴി	1
"	18.	മുത്താരിക്കുളം-കൂലാട്-വാതിൽമട	1.200
"	19.	കുന്നത്തൂർപാടി-കോട്ടപ്പാറ	1.500
"	20.	എലിക്കുളം ലക്ഷംവീട് കോളനി	.500
"	21.	മുത്താരിക്കുളം-പാലവെച്ചകുന്ന്	2
"	22.	ആനയടിപ്പറമ്പ് കോളനി റോഡ്	1
5	23.	ചീത്തപ്പാറ കോളനിറോഡ്	1.500
"	24.	പൈസക്കരി-പാലയാട്	2
"	25.	പൈസക്കരി-കോളയാട്	2
"	26.	പൈസക്കരി-പാടുവിലങ്ങ്	2
"	27.	പൈസക്കരി-ശരണക്കുഴി	1.500
"	28.	ചതിരമ്പുഴ-പാലയാട് കോളനി	2
6	29.	ചന്ദനക്കാംപാറ-വഞ്ചിയം-കുടിയാന്മല	5
"	30.	മാവുന്തോട്-ഏറ്റുപാറ-കോട്ടക്കുന്ന്	4
"	31.	ചാപ്പക്കടവ്-ഏറ്റുപാറ-കോട്ടക്കുന്ന്	4
"	32.	ചാപ്പക്കടവ്-മാവുഞ്ചാൽ	2.500
"	33.	വഞ്ചിയം-അരീക്കമല	.650
"	34.	ഏറ്റുപാറ-വണ്ണായിക്കടവ്	2
"	35.	ചാപ്പക്കടവ്-പുളിമരംചീത്ത	2.400
"	36.	വഞ്ചിയം കോളനിറോഡ്	1
7	38.	മാവുന്തോട്-പാടാൻകവല	3
"	39.	ചതിരമ്പുഴ-പാടാൻകവല	5
"	40.	മണിക്കടവ്-കാഞ്ഞിരക്കൊല്ലി	4
"	41.	കൊട്ടാടിക്കവല-ചിറ്റാരി	2.500
8	42.	ശാന്തിനഗർ-ചിറ്റാരി കോളനി	5
"	43.	കുട്ടിമാവ്-ഏലപ്പാറ	4
"	44.	പയ്യാവൂർ-കരിമ്പക്കണ്ടി റോഡ്	2.500
"	45.	വണ്ണായിക്കടവ്-നെല്ലിക്കുറ്റി	.900
9	46.	പാറക്കടവ്-കുറിച്ചീലക്കടവ്	.500
"	47.	ചന്ദനക്കാംപാറ-ആടാമ്പാറ	5
"	48.	ചന്ദനാക്കാംപാറ-ഷിമോഗ കോളനി-പാടാൻകവല	4
10	49.	ഉതടപ്പാൻകവല-ആടാമ്പാറ	1
"	50.	പാറക്കടവ്-തർക്കൻചീത്ത	2



വിദ്യാഭ്യാസം

കണ്ണൂർ ജില്ലയുടെ കിഴക്കുഭാഗത്തായി കർണാടകസംസ്ഥാനത്തോടു ചേർന്നുകിടക്കുന്ന കുടിയേറ്റ ഗ്രാമമാണ് പയ്യാവൂർ പഞ്ചായത്ത്. വിദ്യാഭ്യാസരംഗത്ത് എടുത്തുപറയാവുന്ന നേട്ടങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും മോശമല്ലാത്ത നിലവാരം പുലർത്താൻ സാധിച്ചിട്ടുണ്ട്. ഗതാഗതസൗകര്യത്തിന്റെ കുറവു മൂലം ഉന്നതവിദ്യാഭ്യാസത്തിന് പോകുന്നവർ ചുരുക്കമായിരുന്നു ആദ്യനാളുകളിൽ. വാഹനസൗകര്യം വർധിച്ചതോടുകൂടി ഉന്നതവിദ്യാഭ്യാസത്തിനായി നഗരങ്ങളിലേക്ക് കൂടുതൽ പേർ പോകുവാൻതുടങ്ങി. വിദ്യാഭ്യാസരംഗത്ത് നിലവാരം ഉയരുന്നതിന് ഇത് കാരണമായി. കോഴിക്കോട് സർവകലാശാലയുടെ ഭാഗമായിരുന്ന പയ്യാവൂർ പഞ്ചായത്ത് ഇന്ന് കണ്ണൂർ സർവകലാശാലയുടെ ഭാഗമാണ്.

സേവനത്തുറകളിലും, സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിലും അത്യാവശ്യമായി വർത്തിക്കുന്ന ഘടകമാണ് വിദ്യാഭ്യാസം. അതില്ലാതെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളൊന്നുംതന്നെ സാധ്യമല്ല. അഞ്ചുവയസായ ഓരോ കുട്ടിയെയും നിർബന്ധിത വിദ്യാഭ്യാസം ചെയ്യിക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. സാക്ഷരതാ നിലവാരം ഉയർന്ന പഞ്ചായത്തുകളിൽ ഒന്നാണ് പയ്യാവൂർ എങ്കിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഇന്നും നിരക്ഷരത നിലനിൽക്കുന്നു. സാമൂഹികമായും സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന കോളനിവാസികളുടെയിടയിലെ അജ്ഞതയും അന്ധവിശ്വാസങ്ങളും ഇതിന് ദൃഷ്ടാന്തമാണ്.

സാമൂഹികമായി ജനങ്ങൾ പല വാർഡുകളിലും പിന്നോക്കജീവിതം നയിക്കുന്നവരാണ്. ജീവിതബോധമില്ലാത്ത ഒരു വിഭാഗം ജനങ്ങൾ അവരുടെ കുട്ടികളെ ഉയർന്നവിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ഇന്നും പിറകിലാണ്. വിദ്യാഭ്യാസകമ്പോളത്തിന്റെ വാണിജ്യവൽക്കരണവും, തൊഴിലില്ലായ്മയും ഒരു വിഭാഗക്കാരെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേക്കോ അതിനുപരിയായി സെക്കൻഡറിതലത്തിലുള്ള വിദ്യാഭ്യാസം അവസാനിപ്പിച്ച് മറ്റു തൊഴിൽ തേടിപ്പോകുന്നതിനോ പ്രേരിപ്പിക്കുന്ന സാഹചര്യമൊരുക്കുന്ന വിദ്യാഭ്യാസം ഒരു ജോലി ലക്ഷ്യമാക്കി മാത്രമോ,

പരീക്ഷ ലക്ഷ്യമാക്കി മാത്രമോ ഉള്ള നിലയാണ് ഇന്നുള്ളത്. മാനുഷിക വിഭവം ചൂഷണം ചെയ്യാനുള്ള ഉപാധിയാണ് വിദ്യാഭ്യാസം.

സ്കൂൾ വിദ്യാഭ്യാസം മാത്രമായാൽ വിദ്യാഭ്യാസം പൂർണമാകുന്നില്ല. വിദ്യാഭ്യാസം പൂർണമായാൽ മാത്രമേ അക്രമങ്ങളും അസാന്മാർഗിക പ്രവർത്തനങ്ങളും അവസാനിക്കുകയുള്ളൂ.

വിദ്യാഭ്യാസരീതിയും അധ്യാപനരീതിയും പഠനമാധ്യമങ്ങളും സമൂലമായ പരിഷ്കരമണം ആവശ്യമാണ്. കോരിക്കുടിപ്പിക്കുന്നതാവരുത് ഇരുത്തി ചിന്തിപ്പിക്കുന്ന വിദ്യാഭ്യാസമാണ് വേണ്ടത്. ഗാന്ധിജി ലക്ഷ്യമാക്കിയ തൊഴിലധിഷ്ഠിതവിദ്യാഭ്യാസം ആവശ്യമാണ്. 1966-ലെ കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ ഗുണവശങ്ങൾ സ്വീകരിക്കുകയും വേണം.

ആദ്യ സ്കൂൾ സമ്പ്രദായം നേഴ്സറി സ്കൂളും എൽ.കെ.ജി. സ്കൂളിലേക്കും മാറിയിരിക്കുന്നു. ഗുരുകുല സമ്പ്രദായമല്ല പരിഷ്കരണ വിദ്യാലയമാണിന്നുള്ളത്. പഴയ കുടിപ്പള്ളിക്കൂടങ്ങൾ ഇന്ന് മഹാപ്രസ്ഥാനങ്ങളായി വളർന്നിരിക്കുന്നു.

പഞ്ചായത്തിൽ ആദ്യമായി ആരംഭിച്ച മലബാർ സ്കൂൾ പയ്യാവൂർ ഗവ.യു.പി.സ്കൂളാണ്. 1917-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഒരു എൽ.പി.സ്കൂളായി പ്രവർത്തനമാരംഭിച്ചു. ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ വികസനത്തിൽ ഈ നൂറ്റാണ്ടിന്റെ മധ്യത്തിൽ മധ്യതിരുവിതാകൂറിൽനിന്നുമുള്ള ക്രിസ്ത്യൻ കുടിയേറ്റം നിർണ്ണായപങ്കുവഹിച്ചു. 1948-ൽ ഈരുഡ് കേന്ദ്രമാക്കി കോട്ടയം ബിഷപ് സ്കൂൾ സ്ഥാപിച്ചു. 1956 ജനുവരി ഒന്നിന് യു.പി. സ്കൂളായും 1962-ൽ ഹൈസ്കൂളായും ഉയർത്തി. 1952-ൽ പൈസക്കരി യു.പി.സ്കൂളും 1976- ൽ ദേവമാതാ ഹൈസ്കൂളും നിലവിൽ വന്നു. ചന്ദനക്കാംപാറ ഹൈസ്കൂളും. ഖാദർഹാജി മെമ്മോറിയൽ യു.പി.സ്കൂളും എസ്.എൻ.ഡി.പി. സ്കൂൾ ചാമക്കാൽ, ഗവ.എൽ.പി.സ്കൂൾ ചമക്കാൽ ഗവ.എൽ.പി.സ്കൂൾ ചമതച്ചാൽ എന്നിവയുമാണ് മറ്റ് സ്കൂളുകൾ.

പട്ടിക2 കാണുക

സ്വാതന്ത്ര്യത്തിന് ശേഷംമാത്രമാണ് ഇന്നത്തെ രീതിയിലുള്ള എല്ലാ വിഭാഗം കുട്ടികൾക്കും ഒന്നിച്ചിരുന്ന് പഠിക്കുന്നതിനും കളിക്കുന്നതിനു സാഹചര്യം ഉണ്ടായത്. താഴ്ന്ന ജാതിയിൽപ്പെട്ട അധ്യാപകൻ പഠിപ്പിച്ചു എന്നതുകൊണ്ട് കുട്ടികൾ വൈകുന്നേരം വീട്ടിൽ കയറണമെങ്കിൽ കുളിക്കണമായിരുന്നു. ഈ രീതിയിലുള്ള ജാതിവ്യത്യാസം ഇവിടെ ഉണ്ടായിരുന്നു. അയിത്തോച്ചാടന പരിപാടിയുടെയും സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ഇത്തരം പിന്തിരിപ്പൻ നയങ്ങളെ പരാജയപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

പയ്യാവൂർ പഞ്ചായത്തിൽ ഗവ.സ്കൂളുകളുടെ എണ്ണം കുറവാണ് രണ്ട് എൽ.പി.സ്കൂളുകളും ഒരു യു.പി.സ്കൂളുമാണ് നിലവിലുള്ളത്. ബാക്കിയുള്ള വയെല്ലാംതന്നെ മാനേജ്മെന്റ് സ്കൂളുകളാണ്. ഒരു എൽ.കെ.ജി. സ്കൂളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നവോദയാ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള കുട്ടികളുടെ ഒഴുക്കിന് വർഷങ്ങൾകഴിയുന്തോറും വർധിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഉന്നതവിദ്യാഭ്യാസത്തിനായി കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ, ശ്രീകണ്ഠപുരം എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന കോളേജുകളിലാണ് പ്രധാനമായും പോകുന്നത്. ദൂരസ്ഥലങ്ങളിൽപോയി താമസിച്ചുപഠിക്കുന്നവരും ഇല്ലാതില്ല. വൻതുകകൾ മുടക്കി അയൽ സംസ്ഥാനങ്ങളിൽ പോയി ബിരുദം നേടുന്നവരും ഈ പഞ്ചായത്തിൽ ഉണ്ട്.

വർഷംതോറും ഏകദേശം 450 ഓളം കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നുണ്ട്. ഇവരിൽ 150 കുട്ടികൾക്ക് മാത്രമാണ് റഗുലർ കോളജുകളിൽ അഡ്മിഷൻ ലഭിക്കുന്നത്. മറ്റു കുട്ടികൾ ചന്ദനക്കാംപാറ, പയ്യാവൂർ, ശ്രീകണ്ഠപുരം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പാരലൽ കോളേജുകളിലാണ് അഭയം പ്രാപിക്കുന്നത്. പഞ്ചായത്തിലെ രണ്ട് പാരലൽ കോളേജുകളിലും പ്രിഡിഗ്രി മാത്രമാണ് നിലവിലുള്ളത്.

പട്ടിക 5 കാണുക

പയ്യാവൂരിൽ പ്രവർത്തിക്കുന്ന രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലായി 60- ൽ അധികംപേർ പരിശീലനം നേടുന്നു. ഷോട്ട് ഹാൻഡും പഠിപ്പിക്കുന്നുണ്ടെങ്കിലും ഗൗരവമായി പരിശീലനം നേടുന്നവർ ചുരുക്കമാണ്. കമ്പ്യൂട്ടർ പോലുള്ള അതിനൂതനമായ വിദ്യഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. അംഗൻവാടികൾ എല്ലാ വാർഡിലും സജീവമായി പ്രവർത്തിക്കുന്നു. ചുരുക്കം സ്ഥലങ്ങളിൽ നേഴ്സറികളും പ്രവർത്തി

ക്കുന്നുണ്ട്.

1990-ൽ നടന്ന സാക്ഷരതായജ്ഞം നല്ലരീതിയിൽ നടപ്പിലാക്കിയ ഒരു പഞ്ചായത്താണ് പയ്യാവൂർ. 95% പേരെയും സാക്ഷരരാക്കാൻ സാധിച്ചിരുന്നു. പുനർ വിദ്യാഭ്യാസപരിപാടിയുടെ അഭാവം മൂലം സാക്ഷരതാ നിലവാരം ഇന്ന് താഴ്ന്നിരിക്കുകയാണ്. കോളനികളിലാണ് സാക്ഷരതാനിരക്ക് തീരെ കുറവ്.

ഗുരുകുലം

കണ്ണൂർ ജില്ലയിലെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി ജില്ലാപഞ്ചായത്ത് രൂപം നൽകിയ പരിപാടിയാണ് ഗുരുകുലം. 1996 മാർച്ച് മാസത്തിൽ പൈസക്കരി ദേവമാതാ ഹൈസ്കൂൾ കേന്ദ്രമാക്കി പഞ്ചായത്ത് ഗുരുകുലം കമ്മിറ്റി രൂപവൽക്കരിക്കുകയും കമ്മിറ്റികൾ സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

എസ്.എസ്.എൽ.സി. പരീക്ഷാനിലവാരം ഉയർത്തുന്നതിനായി അവധിക്കാലത്ത് പഞ്ചായത്തിലെ ഹൈസ്കൂളുകളിൽ കുട്ടികൾക്ക് സ്പെഷ്യൽ ക്ലാസുകൾ എടുക്കുകയുണ്ടായി. ജൂൺ,. ജൂലൈ മാസങ്ങളിൽ പരീക്ഷ നടത്തുകയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകമായി പരിശീലനം നൽകുകയും ചെയ്യുന്നു. ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുകയും ശ്രമിക്കുകയും ചെയ്തു. വാർഡുതല സമിതികളും അയൽക്കൂട്ടങ്ങളും പ്രവർത്തിച്ചുവരുന്നു. വാർഡുസമിതികളുടെയും അയൽക്കൂട്ടങ്ങളുടെയും പ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്.

പി.ടി.എ.

എല്ലാ സ്കൂളിലും പി.ടി.എ. സജീവമായി പ്രവർത്തിക്കുന്ന ക്രിസ്ത്യൻ മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളുടെ കെട്ടിടവും ബൗദ്ധികസാഹചര്യങ്ങളും പൂർണ്ണമായ ജനപങ്കാളിത്തത്തോടെ നടത്തിയതാണ്. ചന്ദനക്കാംപാറ, പൈസക്കരി സ്കൂളുകളിൽ ബാസ്ക്കറ്റ്ബോൾ കോർട്ട് നിർമ്മിച്ചതും സേക്രട്ട് ഹാർട്ട് സ്കൂൾ ഗ്രൗണ്ട് നിർമ്മിച്ചതും പി.ടി.എകളാണ്. ഗവ.സ്കൂളുകളിൽ ബൗദ്ധികസാഹചര്യങ്ങൾ കുറവാണ് എങ്കിലും പി.ടി.എകൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

സ്കൂൾതലങ്ങളിലെ കുട്ടികളുടെ ശാസ്ത്രീയ പഠനനിലവാരം ഉയർത്തുന്നതിനായി ശാസ്ത്രസാഹിത്യപരിഷത്ത് നടത്തുന്ന പരിപാടികൾ നല്ലരീതിയിൽ സ്കൂളുകളിൽ നടക്കുന്നു. ഒരുപരിധിവരെ കുട്ടികളുടെ ശാസ്ത്രീയ അവബോധം വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കുട്ടികൾക്ക് പഠിക്കുന്നതിന് താൽപര്യം വർധിപ്പിക്കുന്നതിനായി പഞ്ചായത്ത്തലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കൂടുതൽ മാർക്ക് നേടുന്നവർക്കും നാല്, ഏഴ് ക്ലാസുകളിൽ കൂടുതൽ മാർക്കു നേടുന്നവർക്കും ക്യാഷ് അവാർഡ് നൽകുന്നതാണ്.

പഞ്ചായത്തിലെ പത്തു ഗ്രാമസഭകളിലും വിദ്യാഭ്യസത്തെക്കുറിച്ച് സജീവമായ ചർച്ചകൾ നടന്നു. പഠനനിലവാരത്തെക്കുറിച്ചും, അധ്യാപനരീതിയെക്കുറിച്ചുമെല്ലാമുള്ള സമഗ്രചർച്ചയിൽ നിന്നും ഉയർന്നുവന്ന നിർദേശങ്ങളും ദ്വതീയശേഖരണത്തിന്റെയും അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

പട്ടിക 6

എസ്.എസ്.എൽ.സി.വിജയശതമാനം കുറഞ്ഞുവരുന്നത് ആശങ്കാജനകമായതിനാൽ ഇതിനെക്കുറിച്ച് പഠനം നടത്തുകയും വിജയശതമാനം കുറഞ്ഞുവരുന്ന സ്കൂളുകളിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർഥികളുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ വിജയശതമാനം ഉയർത്തുന്നതിന് ശ്രമിക്കേണ്ടതാണ്. കൂട്ടായ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നത് സന്തോഷകരമാണ്.

പ്രശ്നങ്ങൾ

1.നമ്മുടെ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വിജയശതമാനം മുൻവർഷങ്ങളേക്കാൾ കുറഞ്ഞുവരുന്നു.

2. പാഠപുസ്തകങ്ങൾ യഥായസമയത്ത് ലഭിക്കുന്നില്ല.

3. ഈരൂഡ്, പൈസക്കരി എന്നിവിടങ്ങളിൽ മാത്രമാണ് കളിസ്ഥലങ്ങൾ ഉളളത്.

4. കക്കൂസ്, മൂത്രപ്പുര അടക്കമുള്ള ഭൗതികസാഹചര്യങ്ങളുടെ കുറവ്

5. നിശ്ചിത ദൂരപരിധിയിൽ വിദ്യാലയങ്ങൾ ഇല്ല.

6. പ്രൈമറി വിദ്യാഭ്യാസത്തിനായി 7 കിലോമീറ്ററും ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി 10 കിലോമീറ്ററും ചില സ്ഥലങ്ങളിൽനിന്ന് കുട്ടികൾക്ക് സഞ്ചരിക്കേണ്ടിവരുന്നു.

7 സ്വകാര്യവിദ്യാലയങ്ങൾക്ക് ഗവൺമെന്റ് നൽകുന്ന ഗ്രാന്റ് അപര്യാപ്തമാണ്.

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക 3

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ST കുട്ടികളുടെ എണ്ണം			തോറ്റു പഠിക്കുന്നവർ SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവർ SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
1	224	200	424	17	19	36	–	–	–	–	–	–	–	–	–	22	26	48	48
2	205	217	422	23	19	42	3	2	5	14	14	28	2	1	3	16	10	26	29
3	234	218	452	21	20	41	6	4	10	16	9	25	–	1	1	5	8	13	14
4	209	231	440	21	24	45	2	6	8	15	11	26	2	1	3	–	–	–	3
5	248	226	474	17	15	32	–	–	–	13	8	21	2	–	2	8	4	12	14
6	243	225	468	19	27	46	2	1	3	21	8	28	2	1	3	5	1	6	9
7	287	246	533	24	23	47	3	5	8	25	14	39	–	–	–	13	10	23	23
8	318	279	597	22	16	38	4	2	6	49	24	73	1	–	1	16	7	23	24
9	259	306	565	6	23	29	–	3	3	48	18	66	1	1	2	14	11	25	27
10	206	252	458	6	7	13	–	–	–	–	–	–	–	–	–	4	2	6	6
ആകെ	2433	2428	4835	176	193	369	20	23	43	201	316	307	10	5	15	83	79	182	197

കുട്ടികളുടെ പൊതുനിലവാരം

പട്ടിക 4

ക്ലാസ്	ആകെ	30% താഴെ മാർക്കു നേടുന്നവർ	30–40 % മാർക്കു നേടുന്നവർ	40–50% മാർക്കു നേടുന്നവർ	50–60% മാർക്കു നേടുന്നവർ	60% കൂടുതൽ മാർക്കു നേടുന്നവർ
1	2	3	4	5	6	7
3	450	68	98	101	85	98
4	432	60	85	82	67	138
5	515	66	140	102	91	118
6	453	74	101	103	87	88
7	533	92	126	132	107	82
8	602	162	157	130	95	56
9	565	137	155	135	80	58
10	453	57	103	145	75	73

ഹൈസ്കൂളുകളിലെ S.S.L.C. വിജയശതമാനം

(യഥാക്രമം 92–93, 93–94,94–95,95–96 വർഷങ്ങളിൽ)


01	86.8	79	68	49
02	84.35	63.86	77.47	72.03
10	90	80	80	76

അക്കാദമിക് സൗകര്യങ്ങൾ

	സ്കൂളിന്റെ പേര്	ലൈബ്രറി ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല.	ലബോറട്ടറി/സയൻസ് കോർണർ ഉണ്ട് ഇല്ല പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല	പഠനോപകരണങ്ങൾ (മാപ്പ്, ഗ്ലോബ്, ചാർട്ടുകൾ, തൂക്കുപാത്രങ്ങൾ തുടങ്ങിയവ) ഉണ്ട്/ ഇല്ല	ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ—എണ്ണം			ബ്ലാക്ക് ബോർഡ്						
					റേഡിയോ	ടെലിവിഷൻ		ആകെയുള്ളത്	നിലവിലുള്ളത്	ആകെ വിസ്തീർണ്ണം ച.മീ. ൽ	സ്കൂളിലേക്കുള്ള ദൂരം	കുടിവെള്ള സൗകര്യം ഉണ്ട്/ ഇല്ല	ടോയ്ലറ്റ് സൗകര്യം ഉണ്ട്/ ഇല്ല	മാലിന്യസംസ്കരണ സജീവം/ സജീവമല്ല	ക്ലാസ് റൂം ചി.ടി.എ കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല
		ഉണ്ട്								195					
01	ദേവമാതാ H.S.പൈസക്കരി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ടി.വി. സെറ്റ്	11	11	194	ഇല്ല	ഇല്ല	സജീവം	പ്രവർത്തിക്കുന്നു
02	ചെറുപുഷ്പ H.S. ചന്ദനക്കാംപാറ	പ്രവർത്തിക്കുന്നു	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്		ഇല്ല	12	193	ഇല്ല	4	സജീവം	പ്രവർത്തിക്കുന്നു
03	ഗവ.L.P സ്കൂൾ ചാമക്കാൽ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	2	വി.സി.ആർ/വി.സി.പി.	2	3	192.5	ഇല്ല	5	സജീവം	ഇല്ല
04	ഖാദർഹാജി മെമ്മോറിയൽ എയ്ഡഡ് യു.പി.സ്കൂൾ കാഞ്ഞിരക്കൊല്ലി	ചെറിയതോതിൽ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	സിനിമാ പ്രൊജക്ടർ	11	14	194	ഇല്ല	7.5	സജീവം	ഭാഗികം
05	ചെറുപുഷ്പ L.P.സ്കൂൾ ചന്ദനക്കാംപാറ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്		12	12	194	1	ഇല്ല	സജീവം	ഇല്ല
06	S.H.A.L.P.സ്കൂൾ പയ്യാവൂർ	ഉണ്ട്	സയൻസ് കോർണർ	ഉണ്ട്	ഇല്ല	ഉണ്ട്	സ്ലൈഡ് പ്രൊജക്ടർ	8	8	190	–	6	സജീവം	പ്രവർത്തിക്കുന്നു
		ഇല്ല	പ്രവർത്തിക്കുന്നു	ഇല്ല		ഇല്ല	ഓവർ ഹെഡ്പ്രൊജക്ടർ	4	2	194.5	ഇല്ല	ഇല്ല	സജീവം	ഇല്ല
07	ഗവ.L.P. സ്കൂൾ ചമതച്ചാൽ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	കമ്പ്യൂട്ടർ	23	23	191	ഇല്ല	45	സജീവം	പ്രവർത്തിക്കുന്നില്ല
		ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല		10	10	193	3	–	സജീവം	പ്രവർത്തിക്കുന്നു
08	St.മേരീസ് U.P.S.പൈസക്കരി	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല		5	13	193	അരദിവസം	–	അല്ല	ഇല്ല
09	ചെറുപുഷ്പ U.P.S.ചന്ദനക്കാംപാറ	ഉണ്ട്	ഇല്ല	വേണ്ടത്ര ഇല്ല	ഇല്ല	ഇല്ല		30	30	196	ഇല്ല	ഇല്ല	സജീവം	പ്രവർത്തിക്കുന്നു
10	ഗവൺമെന്റ് U.Pസ്കൂൾ, പയ്യാവൂർ	പ്രവർത്തിക്കുന്നു	ഉണ്ട്		ഉണ്ട്	ഇല്ല								
11	സേക്രട്ട് ഹാർട്ട് H.S.പയ്യാവൂർ	ഉണ്ട്	ഇല്ല		വേണ്ടത്ര ഇല്ല									
12	S.V. U.P.S. Kottiyattoor	പ്രവർത്തിക്കുന്നു												

നിർദേശങ്ങൾ

1. പയ്യാവൂർ ഗവൺമെന്റ് യു.പി. ഹൈസ്കൂളായി ഉയർത്തുക.
2. എല്ലാ സ്കൂളുകളിലും വെള്ളവും കക്കൂസുകളും ഏർപ്പെടുത്തുക.
3. ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുക.
4. പഞ്ചായത്തിലെ 3 ഹൈസ്കൂളുകളിലും തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.
5. സ്കൂളുകളിലെ കളിസ്ഥലങ്ങൾ വിപുലപ്പെടുത്തുക.
6. സേക്രട്ട് ഹാർട്ട് ഹൈസ്കൂളിൽ കമ്പ്യൂട്ടർ കോഴ്സ് ആരംഭിക്കുക
7. ചമതച്ചാൽ ഗവ.എൽ.പി.സ്കൂൾ കെട്ടിടം പുതുക്കിപണിയുകയും യു.പി.സ്കൂളായി ഉയർത്തുകയും ചെയ്യുക.
8. കുഞ്ഞിപ്പറമ്പ്, ആടാംപാറ, ചീത്തപ്പാറ, ശാന്തിനഗർ, ഏറ്റുപാറ, പാലയാട്, വെമ്പുവ, എന്നിവിടങ്ങളിൽ എൽ.പി.സ്കൂൾ സ്ഥാപിക്കുക.
9. കാഞ്ഞിരക്കൊല്ലി യു.പി.സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തുക.
10. സ്കൂളുകളിലെ അധ്യാപകക്ഷാമം അടിയന്തരമായി പരിഹരിക്കുക
11. എല്ലാ സ്കൂളുകളിലും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ വർധിപ്പിക്കുക.
12. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.
13. ഓൾ പ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കുക.
14. സാമ്പത്തിക പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സഹായം നൽകുക.
15. മലയോരമേഖല കേന്ദ്രീകരിച്ച് പയ്യാവൂർ ആസ്ഥാനമാക്കി ഗവ.കോളജ് സ്ഥാപിക്കുക.
16. അധ്യാപകർക്ക് പ്രത്യേകമായ പുനപരിശീലനം നൽകുക.
17 വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ നിർമ്മിക്കുക.
18. വ്യക്തിഗത ശ്രദ്ധ കൂട്ടുന്നതിനായി വിദ്യാർഥി-അധ്യാപക അനുപാതം കുറയ്ക്കുക.
19. സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് വർധിപ്പിക്കുക.
20. ഗുരുകുലം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക.
21. സാഹിത്യസമാജം, അസംബ്ലി, പഠനയാത്ര, മാസ് ഡ്രിൽ തുടങ്ങിയ പാഠ്യാനുബന്ധപ്രവർത്തനങ്ങൾ ചിട്ടയായി നടപ്പിലാക്കുക.
22. അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിക്കുക.
23. ചമതച്ചാൽ പുഴയ്ക്ക് റഗുലേറ്റർ കം ബ്രിഡ്ജ് നിർമിച്ചാൽ പുഴക്ക് മറുകരയുള്ള വിദ്യാർഥികൾക്ക് ചമതച്ചാൽ സ്കൂളിൽ എത്താൻകഴിയും.



സംസ്കാരം

ഉത്തര കേരളത്തിൽ ഏറ്റവും വടക്കുകിഴക്കായി കുടകുമലനിരകളോടു ചേർന്നുകിടക്കുന്നതും അത്യന്തം പ്രകൃതീ രമണീയവും പുരാണപുരുഷന്മാരുടെ പാദസ്പർശമേറ്റ പുണ്യഭൂമിയുമാണ് പയ്യാവൂർ. നിരവധി കാട്ടാറുകളും, തോടുകളും പുഴകളും കളകളാരവം പൊഴിച്ചൊഴുകുന്ന ഈനാട് അത്യന്തം മനോഹാരിയും നാടൻകലകളുടെ ഈറ്റില്ലവുമെന്ന് വിശേഷിപ്പിക്കാം. വിവിധ സംസകാരങ്ങളുടെ സമന്വയനം ഇവിടെ ദർശിക്കാവുന്നതാണ്.

പയ്യാവൂരിലെ ജനത സാംസ്കാരികമായ താരതമ്യേന മുന്നോക്ക ഗതിയിലാണ്. നിരവധി സാംസ്കാരിക പത്രമാസികൾ പയ്യാവൂർ പഞ്ചായത്തിലെ വായനശാലാ, ഗ്രന്ഥാലയം എന്നിവിടങ്ങളിൽ പ്രചാരത്തിലുണ്ട്. വിവിധ സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണങ്ങളും ദിനപ്പത്രങ്ങളും, വിശേഷാൽ വാർഷികപ്പതിപ്പുകളും പയ്യാവൂരിൽ പ്രചാരത്തിലുണ്ട്. ബിരുദധാരികളും അധ്യാപകരുമായ ഒരുന്നത സാംസ്കാരിക ജനത പയ്യാവൂരിനവകാശപ്പെടാം. നിരവധി അധ്യാപകരെയും ഉയർന്ന ഉദ്യോഗസ്ഥന്മാരെയും സാംസ്കാരിക നായകന്മാരെയും സ്വാതന്ത്ര്യ സമര സേനാനികളെയും സംഭാവന ചെയ്യുവാൻ പയ്യാവൂരിന് ഇതഃപര്യന്തം സാധിച്ചിട്ടുണ്ട് എന്നത് അഭിമാനകരമാണ്. നിരവധി വായനശാലകളും ഗ്രന്ഥാലയങ്ങളും സാംസകാരിക വളർച്ചയുടെ ഭാഗമായി നിലകൊള്ളുന്നു.എന്നാൽ ഒരു ഗവൺമെന്റ് കോളജും പയ്യാവൂരിലില്ലയെന്നുള്ളത് ദുഃഖകരമാണ്.

പത്രമാസികകളുടെ ഫലമായി പയ്യാവൂരിലെ ജനതയുടെ ജീവിതത്തെ സർവപ്രകാരേണയും മാറ്റിമറിച്ചു. നവോത്ഥാന കാലമാകുമ്പോഴേക്കും പയ്യാവൂരിൽ ദേശീയ പ്രബുദ്ധത അലയടിച്ചതിന്റെ ഫലമായി ജന്മിത്വ- ഭൂപ്രഭുത്വ പ്രസ്ഥാനങ്ങൾ തകർന്നു. കരിവെള്ളൂർ- കാവുമ്പായി രണഭൂമികളുടെ സ്വാധീനവും സർവോപരി ദേശീയവികാരവും പയ്യാവൂരിന്റെ സാംസ്കാരിക ചരിത്രത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ട്.

കുടിയേറ്റ ഭൂമിയിൽ കനകംകൊയ്ത കർഷക

രാണ് പയ്യാവൂർ പഞ്ചായത്തിൽ ഭൂരിഭാഗവും. സാക്ഷരതാ പ്രസ്ഥാനം സമ്പൂർണ വിജയമായിരുന്നു. നിരക്ഷരതയെ തുടച്ചുമാറ്റുവാൻ ദേശീയ പ്രബുദ്ധരായ വിദ്യാഭ്യാസ വിചക്ഷണർ കഠിന പ്രയത്നം ചെയ്തിട്ടുണ്ട് എന്നത് വിസ്മരിച്ചുകൂടാ. പഞ്ചായത്തിൽ 95% ജനത സാക്ഷരരായി എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്.

എന്നാൽ ഇവയിൽ നിന്നെല്ലാം വ്യത്യസ്തമായി പയ്യാവൂരിലെ ഏകപ്രശ്നം സാംസ്കാരിക സംഘടനകളുടെയും സ്ഥാപനങ്ങളുടെയും അപചയമാണ്. നാളിതേവരെ തർക്കമറ്റതും, ഊർജസ്വലമായതുമായ സംഘടന ഈ രംഗത്ത് ശോഭിച്ചിട്ടില്ല. കേരള ശാസ്ത്ര സാഹിത്യപരിഷത്തും പരിസ്ഥിതി പഠന സംഘവും തീരെ അവരുടെ പങ്ക് കൈകാര്യം ചെയ്തിട്ടില്ലാത്തതിനാൽ അവഗണിക്കപ്പെട്ടുകഴിഞ്ഞു.

നിരവധി കൊമേഴ്സ്യൽ സംഘടനകൾ പയ്യാവൂരിലുണ്ട്. നല്ല നാടക സംഘമോ, സാഹിത്യസംഘമോ, നാടൻകലാ സാഹിത്യസംഘമോ, സാംസ്കാരിക സംഘമോ ഒന്നുംതന്നെ പയ്യാവൂരിനവകാശപ്പെടാനില്ല. എന്നാൽ അടുത്തകാലത്ത് 'PAS' എന്ന ഒരു പുതിയ സാംസ്കാരിക സംഘടന പയ്യാവൂരിൽ രൂപം കൊണ്ടിട്ടുണ്ട് എന്നത് അഭിമാനാർഹമായ കാര്യമാണ്.

എല്ലാകാര്യത്തിലുമുള്ള തികഞ്ഞ സഹകരണവും കൂട്ടായ്മയും ഉള്ളവരാണ് ഇന്നാട്ടുകാർ. ഉപരിപ്ലവ ചിന്താഗതിക്കാരാണ് ചെറുപ്പക്കാർ എന്നതിനാൽ അവർ ആഴത്തിൽ ഗതിവിഗതികളെ കാണുന്നില്ല. അതിന് ആകെയുള്ള പഞ്ചായത്തു സ്ഥാപനം പയ്യാവൂർ സെൻട്രൽ ലൈബ്രറി മാത്രമാണ്.

പണ സമ്പാദനം മാത്രമായി ജീവിതത്തെ കാണുന്നവരും കുറവല്ല. ഗൾഫുപണത്തിന്റെ കടന്നുകയറ്റം പയ്യാവൂരിലെ സാധാരണക്കാരന്റെ ജീവിതത്തെ ഒരു പരിധിവരെ ദുരിതപൂർണമാക്കി. സ്ഥാവര-ജംഗമ സ്വത്തുകളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില കുത്തനെ കയറുവാനിടയായി. തൊഴിൽ ഉള്ളവർ കുറവായതിനാൽ വൈകുന്നേരങ്ങളിൽ നിരവധി വിദ്യാസമ്പന്നർ ടൗണിൽ ഇറങ്ങുക പതിവാണ്. പകുതിയിലധികം ചെറുപ്പക്കാർ തൊഴിലുംതേടി കേരളത്തിനകത്തും പുറത്തും ജോലി തേടി പുറപ്പെട്ടുപോയവരാണ്. ആയതിനാൽ ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും തൊഴിലവസരങ്ങൾ ഉറപ്പാക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നു.

ജാതിമതഘടനയിൽ നാനാത്വത്തിൽ ഏകത്വം കൽപിക്കുന്നവരാണ് പയ്യാവൂർകാർ. ഇന്നാട്ടിലെ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഏതാണ്ട് അംഗസംഖ്യയിൽ തുല്യമാണ്. ഇന്നാട്ടിലെ ഹൈന്ദവരെ കൂടാതെ തിരുവിതാംകൂറിൽ നിന്നു കുടിയേറിയ ഭൂരിഭാഗം നായന്മാരും, ഈഴവരും പയ്യാവൂരിലുണ്ട്. മൂന്നാം സ്ഥാനത്തുമാത്രമാണ് മുഹമ്മദീയർ.

ജാതി-മത വർഗഘടനയിൽ തീരേ അവശതയും കഷ്ടപ്പാടും അനുഭവിക്കുന്നവരാണ് ഇവിടുത്തെ ഹൈന്ദവർ. ഉത്സവങ്ങളിലും ആഘോഷങ്ങളിലും കൂട്ടായ്മ എന്നെന്നും നിലനിന്നുവരുന്നു. ഹൈന്ദവ ക്ഷേത്രവും പള്ളിയും, മുസ്ലീം വിഹാരവും അടുത്തടുത്ത് മതസൗഹാർദ ചിഹ്നമായി പരിലസിക്കുന്നു.

ആചാരങ്ങളും -അനുഷ്ഠാനങ്ങളും:

ആചാരാനുഷ്ഠാനങ്ങൾ കൂട്ടായ്മയോടെയും ഏകോദര മനോഭാവത്തോടെയുമാണ് ഇന്നാട്ടുകാർ കൈകാര്യം ചെയ്തിരിക്കുന്നത്. ഓണാഘോഷങ്ങളും ക്രിസ്തുമസ് നവവത്സരാഘോഷങ്ങളും കെങ്കേമമായി ആഘോഷിക്കുന്നു. കൂടാതെ പ്രത്യേക മതാചരങ്ങളായ വിഷു, ഈസ്റ്റർ, നബിദിനം, ശ്രീകൃഷ്ണ ജയന്തി, ശ്രീനാരായണഗുരു ജയന്തി, ശിവരാത്രി, സെന്റ് തോമസ് ദിനം, മിലാദി ഷെറീഫ് എന്നീ പരമ്പരാചാരങ്ങൾ ഭംഗിയായും ചിട്ടയായും ആഘോഷിച്ചുവരുന്നു.

മാതാചാരമനുസരിച്ച് വിവാഹചടങ്ങുകളും മരണാനന്തര ക്രിയകളും ചിട്ടയായി നടത്തപ്പെടുന്നു. പ്രാകൃത കലാരൂപമായ തെയ്യവും തിറയും പയ്യാവൂർ ജനതയുടെ രക്തത്തിൽ അലിഞ്ഞുചേർന്നവയാണ്. തനതായ നാടൻ കലാരൂപങ്ങൾ ആദികാലം മുതൽക്കുതന്നെ ഇന്നാട്ടുകാർ ആഘോഷിച്ചുവന്നിരുന്നു. പുതിയ തലമുറയ്ക്ക് പ്രാകൃത കലാരൂപങ്ങൾ അന്ധ്യജാതമാണ്. എങ്കിലും അവയിൽ ഒട്ടുമിക്ക തെയ്യംകോലങ്ങളും പയ്യാവൂരിലെ വിവിധ ഭഗവതി കാവുകളിൽ ഇന്നും കെട്ടിയാടപ്പെടുന്നുണ്ട്. പ്രധാനമായും എടുത്തുപറയേണ്ട പയ്യാവൂരിലെ നാടൻ കലകൾ തെയ്യം, തിറ, തിരുവാതിരക്കളി, ഒപ്പന, മാർഗംകളി, വില്ലടിപ്പാട്ട് എന്നിവയാണ്.

തെയ്യക്കോലങ്ങൾ തന്നെ വിവിധ പേരുകളിലും വിവിധ സന്ദർഭത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത്. കർക്കിടകത്തിലെ വേടകം ചിങ്ങത്തിലെ ചോതിയും, പുള്ളുവനും കർക്കിടകത്തിലെ തന്നെ പൊട്ടിയും

ശ്രീപോതിയും പ്രാധാന്യമർഹിക്കുന്നു. തൊട്ടുതീണ്ടായ്മക്കെതിരേ ആദ്യമായി പ്രതികരിച്ച പൊട്ടൻതെയ്യവും, കാലനില്ലാ കാലത്ത് കാലനായി അവതരിച്ച ഗുളികൻ ദൈവവും, പുതിയോതിയമ്മ ദേവവും, വീരൻ, ധർമൻ, ചാമുണ്ഡിയും സവിശേഷ ശ്രദ്ധയർഹിക്കുന്നവയാണ്.

ഉദാഹരണമായി, ഉച്ചനീചത്വത്തിനെതിരായി നിലകൊണ്ട ഒരു ഈരടിയിതാ..

'' ഏടാ രാമാപ്പോന്ന്
തെയ്യം കെട്ടാൻപ്പോന്ന്
എന്ന്... രാമതെയ്യം
ചെണ്ടീം കൊണ്ട് വെള്ളാട്ടം''– എന്നതിൽ നിന്ന് വെള്ളാട്ടത്തെപ്പറ്റി മനസിലാക്കാമല്ലോ. വിവിധ മത വിഭാഗങ്ങളെ പ്രതിനിധീകരിച്ച തെയ്യക്കോലങ്ങളും പ്രചാരത്തിലുണ്ട്. തെയ്യത്തിന് പയ്യാവൂരിൽ ഇന്നു പഴയ പ്രചാരം ഉണ്ട് എന്നത് സന്തോഷമുളവാക്കുന്നു.

ഉത്സവാഘോഷങ്ങളിൽ ഏറ്റവു പ്രാധാന്യമർഹിക്കുന്നത്, ശ്രീ പയ്യാവൂർ ക്ഷേത്രത്തിലെ ഈട്ടു മഹോത്സവമാണ്. കുടകരുടെയും പരമ്പരാഗത അവകാശികളുടെയും സഹകരണത്തോടെ കുംഭമാസത്തിലെ ഉത്സവം ആനന്ദലഹരിയിൽ ആറാടിക്കുന്നു. പ്രസ്തുത മഹോത്സവത്തിൽ അയൽപ്രദേങ്ങളിൽ എന്ന് ജനങ്ങൾ ജാതിമതഭേദമന്യേ ഒഴുകുകയാണ് പതിവ്. വ്യത്യസ്ഥ ജാതിമത വിഭാഗങ്ങളുടെ സർവോപരി നാട്ടുകാരുടെയും സമന്വയമാണ് ഈ ഉത്സവം.

രണ്ടാമതായി പയ്യാവൂരിൽനിന്ന് ആറുകിലോമീറ്റർ കിഴക്ക് സ്ഥിതിചെയ്യുന്ന ശ്രീ കുന്നത്തൂർ പാടി മുത്തപ്പൻ ദേവസ്ഥാനം ഒരു മാസം നീണ്ടു നിൽക്കുന്ന ഉത്സവമാണ്. വടക്കുകിഴക്കൻ ശബരിമല എന്നു വിശേഷിപ്പിക്കപ്പെട്ട പാടി, സമുദ്രനിരപ്പിൽ നിന്ന് 3000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. പരമ്പരാഗതമായി അവകാശമുള്ള എള്ളരിഞ്ഞിയിലെ കരക്കാട്ടിടം നയനാരാണ് ഉത്സവം നടത്തിക്കുന്നത്. പാടികുറ്റിയമ്മൽ നിന്നും മുത്തപ്പൻ തെറ്റിപ്പിരിഞ്ഞ് പുരളിമല പിന്നിട്ട് ആസ്ഥാനമുറപ്പിച്ച ദിവ്യഭൂമിയാണ് ദേവസ്ഥാനം. പല മിത്തുകളും ഇതിനെപ്പറ്റി പ്രചാരത്തിലുണ്ട്. പ്രാകൃതമായ വനഭൂമിയാണിവിടം. പതിനായിരക്കണക്കിനു ജനങ്ങൾ ഇവിടെ ദർശനം നടത്തുന്നു. മുത്തപ്പൻ തുരുവപ്പന വെള്ളാട്ടവുമാണിവിടെ പ്രധാനം. വനദൈവവും, നായാട്ടുദൈവവുമാണ് ശ്രീമുത്തപ്പൻ. ഉത്സവകാലത്ത് അയൽജില്ലകളിൽ നിന്നുപോലും വാഹന ഗതാഗതം ഇവിടേക്കുണ്ട്. ധനുമാസത്തിലാണ് ഉത്സവാഘോഷം.

പൈസക്കരി പള്ളിതിരുനാളും പയ്യാവൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളി തിരുനാളും, ചമതച്ചാൽ സെന്റ് സ്റ്റീഫൻസ് പള്ളിത്തിരുനാളും കേൾവി കേട്ടവയാണ്. കൂടാതെ ചന്ദനക്കാംപാറ വെമ്പുവ, ഏറ്റുപാറ ദേവാലയ തിരുനാൾ മേന്മകൂടിയവയുമാണ്. നിരവധി കലാ സാംസ്കാരിക പരിപാടികൾ ആഘോഷത്തിനോടനുബന്ധിച്ച് നടത്തിവരുന്നു. കൂടാതെ എടുത്തു പറയേണ്ട പയ്യാവൂരിലെ ആഘോഷങ്ങൾ പൈസക്കരി കാവിലെ മീനഭരണി മഹോത്സവും, കോയിപ്ര ശ്രീ സുബ്രഹ്മണ്യ ക്ഷേത്ര തൈപ്പൂയ്യം ഉത്സവവും, പാറക്കടവ് കല്ലാകോട്ടും ഭഗവതി ക്ഷേത്ര ഉത്സവവും, പയ്യാവൂർ ടൗൺ ഭഗവതി ക്ഷേത്ര ഉത്സവവും, മാങ്ങാടംവയൽ തെയ്യവും സവിശേഷ ശ്രദ്ധയർഹിക്കുന്നവയാണ്. ഈ തിരുനാളുകളിലും ഉത്സവകാലങ്ങളിലും ജാതി മത ഭേദമന്യേ ജനങ്ങൾ പങ്കെടുത്തു.

തെയ്യം കലാകാരന്മാരുടെ ശ്രദ്ധാകേന്ദ്രമാണ് കുംഭം 25–ാം തീയതിയിലെ പയ്യാവൂർ കല്ലാക്കോട്ടത്തെ തെയ്യം എന്നാൽ ക്ലാസിക് കലകൾ തീരെ പുരോഗമിച്ചിട്ടില്ല. ക്ലാസിക് കലാരൂപങ്ങളായി കഥകളി, കൂത്ത്, തുള്ളൽ തുടങ്ങിയവ ഉത്സവത്തോടനുബന്ധിച്ച് നടത്തിവരാറുണ്ട്. പക്ഷെ, അവയെ ശ്രദ്ധയോടെ ഉൾക്കൊള്ളാൻ ഇന്നാട്ടുകാർക്കാവില്ല. ഒരു നാടകസംഘം പഴയകാലത്ത് നിലവിലിരുന്നു. ക്ഷേത്രാനുഷ്ഠാനങ്ങൾ ചിട്ടയോടെ പാലിക്കപ്പെട്ടു പോരുന്നു. AIR–ൽ കലാകാരനായ പയ്യാവൂർ ഉണ്ണികൃഷ്ണൻ മികച്ച തായമ്പക വിദ്വാനാണ്.

സിനിമകൾ, ടി.വി. മാധ്യമങ്ങളുടെ അതിപ്രസരം എന്നിവ യുവാക്കളെ മടിയന്മാരാക്കി തീർത്തിരിക്കുന്നു. പഞ്ചായത്തിൽ ആകെ ഒരു സിനിമാ ശാലയാണുള്ളത്. നൃത്ത– ഭജന സംഘങ്ങൾ വേണ്ടുമോളമുണ്ട്. നാട്ടിപ്പാട്ടും വയക്കുപാട്ടും, ഓണപ്പാട്ടും, നാട്ടിപാട്ടും നിലവിലുണ്ട്. എല്ലാ വാർഡുകളും സാംസ്കാരിക രംഗത്ത് സമാനഗതിയിയിലാണ്. പഞ്ചായത്തിന് പൊതുപരിപാടി നടത്താൻ ഒരു കമ്മ്യൂണിറ്റിഹാൾ ഇല്ല എന്നതാണ് ഏറ്റവും വലിയ പ്രശ്നം.

സാംസ്കാരിക സ്ഥാപനങ്ങൾ


ക്രമനമ്പർ	വാർഡ് നമ്പർ	പേര്
1	I	പയ്യാവൂർ ആർട് സൊസൈറ്റി
2	I	ചെന്താര ആർട് ക്ലബ്ബ്
3	VI	ഡയാനാമോസ് ആർട് & സ്പോർട്സ് ക്ലബ്ബ്
4	IV	ന്യൂസ്റ്റാർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്
5	III	യുവശക്തി കലാസമിതി വാതിൽമട
6	V	പി.ടി.ചാക്കോ മെമ്മോറിയൽ ആർട്സ് സ്പോർട്സ് ക്ലബ്ബ് പൈസക്കരി
7	V	ഇന്ദിരാജി മെമ്മോറിയൽ യൂത്ത് ക്ലബ്ബ് പൈസക്കരി
8	V	സംസ്കാര ആർട്സ് ക്ലബ്ബ് പൈസക്കരി
9	VI	ഗോൾ ആർട് & സ്പോർട്സ് ക്ലബ്ബ് പൈസക്കരി
10	VII	Y.M.C.A. ചന്ദനക്കാംപാറ
11	IX	സീച്ചാസീയ ആർട്സ് ക്ലബ്ബ്
12	IV	ഭാവന ആർട്സ് & സ്പോർട്സ് ക്ലബ്ബ്

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ I,VV,VI വാർഡുകളിൽ മാത്രമാണ് ലൈബ്രറിയുള്ള ത്.
2. സാക്ഷരതാ പ്രവർത്തനവും, ബോധവൽക്കരണ ക്ലാസുകളോ നടക്കുന്നില്ല.
3. പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നില്ല.
4. സ്കൂൾ ലൈബ്രറികൾ നാമമാത്രമായി മാത്രമാണ് പ്രവർത്തിക്കുന്നത്.
5. കലാസാംസ്കാരിക സംഘടനകളിലെ വാണിജ്യ വൽക്കരണം.
6. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിനുള്ള ആളുകളുടെ അമിത താൽപര്യം.
7. നിലവാരമുള്ള പുസ്തകങ്ങളുടെ അപര്യാപ്തത.
8. ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ വായനാശീലത്തിൽനിന്നും യുവാക്കളെ പിൻതിരിപ്പിക്കുന്നു.

സാധ്യതകൾ

1. ഗ്രന്ഥാലയങ്ങൾ ഇല്ലാത്ത II,III, IV, VII,VIII,IX, X, വാർഡുകളിൽ അടിയന്തിരമായി അവ സ്ഥാപിക്കുക.
2. പഞ്ചായത്ത് തലത്തിൽ യുവജനോത്സവങ്ങൾ കാരയക്ഷമമാകും.
3. പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുകയും സഹായവും നൽകുക.
4. സ്കൂൾ യുവജനോത്സവങ്ങളിൽ സമ്മാനം നേടുന്ന കുട്ടികളെ പഞ്ചായത്ത് തലത്തിൽ ആദരിക്കുക.
5. തുടർ സാക്ഷരതാ പ്രവർത്തനം ത്വരിതപ്പെടുത്തുക.
6. പഞ്ചായത്തിന്റെ ആസ്ഥാനമായ പയ്യാവൂർ സാംസ്കാരിക നിലയം പണിയുക.
7. 9-ാം വാർഡിലെ വായനശാല ഉടൻ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.
8. പഞ്ചായത്ത് വായനശാലയിൽ കൂടുതൽ പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും ലഭ്യമാക്കണം.
9. സ്വന്തമായി കെട്ടിടമുള്ള വായനശാലകൾക്ക് ടി.വി.സെറ്റ് നൽകുക.
10. വായനാശീലം വർധിപ്പിക്കുന്നതിനായി ബോധവൽക്കരണം നടത്താവുന്നതാണ.
11. കണ്ടകശേരി വായനശാലയെ പുനരുദ്ധരിക്കുക.
12. പൈസക്കരി, ചന്ദനക്കാംപാറ, ആനയടിപ്പറമ്പ്, കുഞ്ഞിപ്പറമ്പ് എന്നിവിടങ്ങളിൽ വായനശാല സ്ഥാപിക്കുക.
13. III-ാം വാർഡിൽപ്പെട്ട ചമതച്ചാലിൽ പണി പൂർത്തിയാകാത്ത സാംസകാരിക നിലയം പൂർത്തിയാക്കുക.



കായികരംഗം

കായികരംഗത്ത് അഭിമാനകരമായ നേട്ടങ്ങളുണ്ടാക്കിയിട്ടുള്ള ഒരു പഞ്ചായത്താണ് പയ്യാവൂർ. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ദേശീയതലത്തിൽപ്പോലും അംഗീകാരം നേടിയിട്ടുള്ള നിരവധി പ്രതിഭകളെ സംഭാവനചെയ്യാൻ പയ്യാവൂരിനു കഴിഞ്ഞിട്ടുമുണ്ട്. സബ്ജില്ല, ജില്ല, സംസ്ഥാനതല മത്സരങ്ങളിൽ ഈ പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികൾ പങ്കെടുക്കുകയും സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്. പയ്യാവൂർ സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ, പൈസക്കരി ദേവമാതാ ഹൈസ്കൂൾ ചന്ദനക്കാംപാറ ചെറുപുഷ്പം ഹൈസ്കൂൾസ പൈസക്കരി, ചന്ദനക്കാംപാറ, യു.പി.സ്കൂളുകൾ എന്നിവ കായികരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ബാസ്കറ്റ്ബോൾ രംഗത്ത് വീരേതിഹാസം രചിച്ച സ്കൂളാണ് ചന്ദനക്കാംപാറ ഹൈസ്കൂൾ. സംസ്ഥാനതലത്തിലുള്ള നിരവധി മത്സരങ്ങളിൽ അവർ വിജയിച്ചിട്ടുണ്ട്. ഇന്ത്യൻ യൂത്ത് ടീമിൽ അംഗമായിരുന്ന ഐ.വി.ചെറിയാൻ, പയ്യാവൂർ പഞ്ചായത്തിലെ ചന്ദനക്കാംപാറ സ്വദേശിയാണെന്നുള്ളത് അഭിമാനകരമാണ്. നിരവധി കുട്ടികൾക്ക് തൊഴിൽ ലഭിക്കാൻ ഈ മേഖല സഹായകരമായിട്ടുണ്ട്. ചന്ദനക്കാംപാറ സ്കൂളിലെ സ്പോർട്സ് തല്പരരായ വിദ്യാർത്ഥികൾക്ക് വിദഗ്ധ പരിശീലനം നൽകിവരുന്ന പാറമ്പുഴ സണ്ണിമാസ്റ്ററെയും സ്കൂൾ അധികൃതരേയും സ്പോർട്സ് താരങ്ങളായ വിദ്യാർത്ഥികളെയും അഭിനന്ദിക്കുകയും വിജയാശംസകൾ നേരുകയും ചെയ്യുന്നു.

കായികരംഗത്ത് നാടൻ പന്തുകളി, കുട്ടിയും കോലും കളി എന്നിവ മറഞ്ഞുകഴിഞ്ഞു പകരം ഗ്രാമങ്ങളിലെ ഓരോ മൂലയിലും സജീവമായിക്കൊണ്ടിരുന്ന വോളിബോൾ കളിയും പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുന്നു. പുതിയതലമുറ ക്രിക്കറ്റ് ജ്വരബാധിതരായിത്തീർന്നിരിക്കുകയാണ്.

പ്രശ്നങ്ങൾ

1. സ്കൂളുകളിൽ കായികാധ്യാപകരുടെയും കളിസ്ഥലങ്ങളുടെയും അപര്യാപ്തത.
2. മത്സരങ്ങളെ മാത്രം മുന്നിൽക്കണ്ടുകൊണ്ടുള്ള പരിശീലന പരിപാടികൾ.

3. ചടങ്ങിനുവേണ്ടിമാത്രം നടത്തുന്ന പഞ്ചായത്ത് മേളകളും ഓണം സ്പോർട്സ് മത്സരങ്ങളും.

4. കായികരംഗത്തെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തത.

5. ചെറുപ്പത്തിലേതന്നെ കായികപ്രതിഭകളെ കണ്ടെത്തി പരിശീലനം കൊടുക്കുന്നതിലെ ശ്രദ്ധക്കുറവ്.

സാധ്യതകൾ

1.എല്ലാ സ്കൂളുകളിലും കായികാധ്യാപകരെ നിയമിക്കുകയും കളിസ്ഥലങ്ങൾ നിർമ്മിക്കുകയും ചെയ്യുക.

2. നന്നേ ചെറുപ്പത്തിലേതന്നെ പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുക.

3. പഞ്ചായത്തിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുക.

4. കായികരംഗത്ത് മികച്ച് പ്രവർത്തനം കാഴ്ചവയ്ക്കുന്ന ക്ലബ്ബുകൾക്ക് പ്രോത്സാഹനവും അംഗീകാരവും നൽകുക.

5. പഞ്ചായത്ത് മേളകൾ, ഓണം സ്പോർട്സ് തുടങ്ങിയവ ജനകീയ മേളകളാക്കി മാറ്റുക.

■



ആരോഗ്യം, കുടിവെള്ളം, പരിസരശുചിത്വം

ഏതൊരു നാടിന്റെയും സമ്പത്ത് ആരോഗ്യമുള്ള ജനതയാണ്. ആരോഗ്യമുള്ള ജനത ഉണ്ടാകണമെങ്കിൽ ശുദ്ധവായ, ശുദ്ധജലം എന്നി അത്യന്താപേക്ഷിതമാണ്. ഇവ ലഭിക്കണമെങ്കിൽ പരിസരശുചിത്വവും ബോധവൽക്കരണത്തിനു താൽപര്യമുള്ള ജനതയും ഉണ്ടായിരിക്കണം. പയ്യാവൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് ഇവ രണ്ടും വളരെ പിന്നോക്കാവസ്ഥയിലാണ്. എങ്കിലും ജനങ്ങൾ ആരോഗ്യരംഗത്ത് ശരാശരി നിൽക്കുന്നു. പരിമിതികൾ ധാരാളം ഉണ്ടായിരുന്നിട്ടും.

പഞ്ചായത്തിലെ 90% കുടുംബങ്ങളും തിരുവിതാംകൂർ ഭാഗത്തുനിന്നും കുടിയേറിയവരാണ്. നൂല് ജപിച്ചുകെട്ടൽ, മന്ത്രവാദം തുടങ്ങി പ്രാകൃതമായ രീതികൾ ഇന്നു നിലവിൽ ഇല്ല. അന്നു നിലനിന്നിരുന്ന പരമ്പരാഗത ആയുർവേദചികിത്സാവിധികൾ, ആദിവാസി ചികിത്സാരീതികൾ എന്നിവ ഇന്നു പ്രചാരത്തിൽ ഇല്ല. 1966-ൽ ചന്ദനക്കാംപാറയിൽ ഒരു ദൈവാര ചികിത്സാകേന്ദ്രം ആരംഭിച്ചു. പ്രസ്തുത ചികിത്സാകേന്ദ്രം 1979-ൽ ഒരു റൂറൽ ചികിത്സാകേന്ദ്രമാക്കി ഉയർത്തി. 1986-ൽ സ്വതന്ത്രചുമതലുള്ള ഒരു ചികിത്സാ കേന്ദ്രമാക്കി ഉയർത്തി. ഇന്ന് ദിവസേന ധാരാളം രോഗികൾ ചികിത്സക്കായി എത്തുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 22198 ആണ് (1996-97 എലിജിബിൾ കപ്പിൾ സർവേ പ്രകാരം) അതിൽ സ്ത്രീകൾ 7804 ഉം പുരുഷന്മാർ 8012 ഉം കുട്ടികൾ 6382 ഉം ആണ്.

പട്ടിക-1

ആകെ ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ	പട്ടികജാതി പുരുഷന്മാർ	സ്ത്രീകൾ	ആകെ	പട്ടികവർഗ്ഗം പുരുഷന്മാർ	സ്ത്രീകൾ	ആകെ
22198	11002	11196	423	360	317	148	169	783

പഞ്ചായത്തിലെ പൊതുജനനനിരക്കും മരണനിരക്കും സംസ്ഥാന ശരാശരിക്ക് തുല്യമാണ്. കഴിഞ്ഞ 3 വർഷങ്ങളിൽ ശിശുമരണങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. അതുപോലെതന്നെ മാതൃമരണങ്ങളും മേൽപറഞ്ഞ വർഷങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

പഞ്ചായത്തിലെ യോഗ്യതാ ദമ്പതികൾ 2768 ആണ്. ഇതിൽ കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ച ദമ്പതിമാർ 1977 ആണ്. വീടുകളിൽ വച്ചുള്ള പ്രസവങ്ങൾ സാധാരണ നടക്കുന്നില്ല. എന്നാൽ ആദിവാസി കോളനികളിൽ അപൂർവ്വമായി നടന്നുവരുന്നു.

സ്ഥായിയായ രോഗങ്ങൾ

സ്ഥായിയായ രോഗങ്ങളിൽ പ്രഥമസ്ഥാനം രക്തസമ്മർദ്ദത്തിനാണ് 151. പ്രമേഹം-128, ക്യാൻസർ-13, ഹൃദ്രോഗം-86 എന്നിങ്ങനെയാണ്. കാൻസർ രോഗികൾ പഞ്ചായത്തിൽ അടുത്തകാലത്ത് കൂടിവരുന്നതായി കാണുന്നു. കൂടുതലും സ്ത്രീകൾക്കാണു കാൻസർ ബാധിക്കുന്നത്.

പകർച്ചവ്യാധികൾ

പ്രാണിജന്യമായ മമ്പനി 1995-96-ൽ വർധിച്ചതായി കാണുന്നു. 19 പേർ രോഗബാധിതരായിട്ടുണ്ട്. വായുജന്യരോഗവിഭാഗത്തിൽപ്പെട്ട 116 രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും മുൻവർഷത്തേക്കാൾ കുറവായി കാണുന്നു. ജലജന്യരോഗങ്ങളായ ടൈഫോയിഡ്, മഞ്ഞപ്പിത്തം, വയറിളക്കരോഗങ്ങൾ എന്നിവ വളരെ കുറഞ്ഞതോതിൽ കണ്ടുവരുന്നു. 1996-ൽ 48 കേസുകൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്.

പരിസരജന്യരോഗങ്ങൾ

പരിസരജന്യരോഗങ്ങളായ ചൊറി, വിരബാധ മുതലായവ ആദിവാസികൾക്കിടയിൽ കാണപ്പെടുന്നുണ്ട്. കക്കൂസുകൾ ഉപയോഗിക്കുന്നവരുടെ എണ്ണം പഞ്ചായത്തിൽ വളരെ കുറവാണ്. അതിന്റെ വിശദവിവരങ്ങൾ പട്ടിക രണ്ടിൽ കൊടുത്തിട്ടുണ്ട്

കക്കൂസുകൾ ഉപയോഗിക്കുന്ന വീടുകൾ പട്ടിക-2

സാനിട്ടറി കക്കൂസുകൾ	ഇ.എസ്.പി. കക്കൂസുകൾ	കുഴി കക്കൂസുകൾ	കക്കൂസുകൾ ഇല്ലാത്തവ	ആകെ വീടുകൾ
47	878	1364	3004	5293

പഞ്ചായത്തിലെ 58% ത്തോളം വീടുകൾക്കും കക്കൂസുകൾ ഇല്ല. 26% വീടുകളിലും കുഴികക്കൂസുകളാണ്. ഇത് ആരോഗ്യരംഗത്ത് ഒരു പ്രശ്നം തന്നെ സൃഷ്ടിക്കുന്നു. വെറും 16% വീടുകളിൽ മാത്രമാണ് ശരിയായ കക്കൂസുകൾ ഉപയോഗിക്കുന്നത്.

ദാരിദ്ര്യജന്യരോഗങ്ങൾ

ദാരിദ്ര്യജന്യരോഗമായ പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങൾ ആദിവാസികളിലും പട്ടികജാതിക്കാരിലും വ്യാപകമായി കണ്ടുവരുന്നു. പോഷകാഹാരക്കുറവുമൂലമുണ്ടാകുന്ന ഗോയിറ്റർ അപൂർവമായി കണ്ടുവരുന്നു.

തൊഴിൽജന്യരോഗങ്ങൾ

തൊഴിൽജന്യമായ രോഗങ്ങൾ പൊതുവെ കാണപ്പെടുന്നില്ല. എങ്കിലും സിമന്റ് തുടങ്ങിയവ ഉപയോഗിച്ചുള്ള പണിക്കുപോകുന്നവരിൽ അലർജി തുടങ്ങിയ രോഗങ്ങൾ കണ്ടുവരുന്നു.

പഞ്ചായത്തിൽ ക്ഷയരോഗികൾ 26 എണ്ണം റിപ്പോർട്ടുചെയ്തിട്ടുണ്ട്. കുഷ്ഠരോഗം 2 എണ്ണം മാത്രമാണുള്ളത്. ഇതിൽ 1 കേസ് കഴിഞ്ഞമാസമാണ് കണ്ടുപിടക്കപ്പെട്ടത്. ഒരു സ്കൂൾ കുട്ടിയിലാണ്. വ്യാപകമായ തുക്ക് പരിശോധനക്യാമ്പുകൾ ചിലപ്പോൾ കൂടുതൽ കേസുകൾ കണ്ടെത്താൻ സാധിച്ചേക്കും.

വൈകല്യനിരക്ക്

പഞ്ചായത്തിൽ അംഗവൈകല്യമുള്ളവർ 110 ആണ്. അതായത് 0.43% പേർക്കാണ് അംഗവൈകല്യം. വിശദവിവരങ്ങൾ പട്ടിക 3-ൽ പെടുത്തിയിട്ടുണ്ട്.

പട്ടിക-3

വൈകല്യങ്ങൾ	അന്ധർ	20
	ബധിരർ	13
	മൂകർ	4
	ബധിരമൂകർ	29
	ചലനവൈകല്യമുള്ളവർ	44
	ആകെ	110
മന്ദബുദ്ധികൾ	0 മുതൽ 5 വയസുവരെ	7
	6 മുതൽ 10 വരെ	2
	11 മുതൽ 15 വരെ	2
	16 നു മുകളിൽ	26
	ആകെ	40

പോഷണനിലവാരം

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള 178 ഗർഭിണികളിൽ ഏകദേശം 95% ത്തോളം പേർക്ക് പഞ്ചായത്തിൽ തന്നെയുള്ള അംഗൻവാടികളിൽനിന്നും അനുപൂരകപോഷണം ലഭിക്കുന്നു. ബാക്കിയുള്ളവർ അനുപൂരകപോഷണം വാങ്ങുവാൻ എത്താതിരിക്കുകയോ താൽപര്യക്കുറവ് കാണിക്കുകയോ ചെയ്യുന്നു.

ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രം 7-ാംവാർഡിൽ ആണ് സ്ഥിതിചെയ്യുന്നത്. ദിവസേന 25 മുതൽ 50 വരെ രോഗികൾ ചികിത്സയ്ക്ക് എത്തുന്നു. യാത്രാസൗകര്യത്തിന്റെ അഭാവത്തിൽ പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലെ രോഗികൾക്ക് എത്തിപ്പെടാൻ സാധിക്കുന്നില്ല. കൂടാതെ പഞ്ചായത്തിന് 2 ആയുർവേദ ആശുപത്രിക്കും, ഒരു സർക്കാർ ഹോമിയോ ആശുപത്രിയും 5 ഓളം സ്വകാര്യ അലോപ്പതി ക്ലിനിക്കുകളും 4 ഓളം സ്വകാര്യ ഹോമിയോ ക്ലിനിക്കുകളുമുണ്ട്. 1-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കുടുംബക്ഷേമ ഉപകേന്ദ്രംവഴി ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള പ്രതിരോധകുത്തിവയ്പുകളും വിറ്റാമിൻ എ വിതരണവും നടക്കുന്നു. കൂടാതെ പ്രാഥമികാരോഗ്യകേന്ദ്രത്തിലും പ്രതിരോധകുത്തിവയ്പുകൾ നടത്തപ്പെടുന്നു. അംഗൻവാടികളിലൂടെ പ്രഥമശുശ്രൂഷാ മരുന്നുകളും മറ്റ് നിസ്സാര രോഗങ്ങൾക്കുള്ള മരുന്നുകളും വിതരണം ചെയ്യപ്പെടുന്നു.

പട്ടിക-4

നം	സ്ഥാപനങ്ങളുടെ പേര്	കിടത്തിച്ചികിത്സാസൗകര്യമുള്ള കിടക്കകളുടെ എണ്ണം	സ്ഥിതിചെയ്യുന്ന വാർഡ്	സ്ഥാപിച്ച വർഷം
1	സർക്കാർ ആയുർവേദ ആശുപത്രി, പയ്യാവൂർ	4	1	1982
2	സർക്കാർ ആയുർവേദ ആശുപത്രി, പൈസക്കരി	4	5	1976
3	പ്രാഥമികാരോഗ്യ കേന്ദ്രം ചന്ദനക്കാംപാറ	21	7	1966
4	സർക്കാർ ഹോമിയോ ആശുപത്രി, കാഞ്ഞിരക്കൊല്ലി	3	8	–
5	കുടുംബക്ഷേമ ഉപകേന്ദ്രം, പയ്യാവൂർ	1	1	–

പരമ്പരാഗത ചികിത്സ

പഞ്ചായത്തിൽ ഗണ്യമായമായ രീതിയിലുള്ള പരമ്പരാഗതചികിത്സ നടക്കുന്നില്ല. എങ്കിലും മഞ്ഞപ്പിത്തം തുടങ്ങിയരോഗങ്ങൾക്ക് പരമ്പരാഗതചികിത്സ നടക്കുന്നുണ്ട്.

കഴിഞ്ഞ 4 കൊല്ലങ്ങളിൽ വിവിധ ആരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ചികിത്സ ലഭിച്ചവരുടെ എണ്ണം.

പ്രാഥമികാരോഗ്യകേന്ദ്രം ചന്ദനക്കാംപാറ പട്ടിക 5

വർഷം	ത്വക്കു രോഗം	വാത രോഗം	പകർച്ച വ്യാധികൾ	മറ്റു രോഗങ്ങൾ	ആകെ
1992–93	1804	2812	912	4484	9012
1993–94	1706	3012	718	2703	8139
1994–95	1612	4116	815	5867	12410
1995–96	1516	4812	712	6210	12250

ഗവ: ആയുർവേദ ഡിസ്പെൻസറി, പയ്യാവൂർ

1992–93	1530	13306	–	800	15336
1993–94	2812	1404	362	3460	8038
1994–95	1250	9554	–	2700	13504
1995–96	4000	1009	–	2070	16119

ഗവ.ഹോമിയോ ഡിസ്പെൻസറി, കാഞ്ഞിരക്കൊല്ലി

1992–93	3181	1708	218	6105	11212
1993–94	2812	1404	362	3460	8038
1994–95	3481	2812	488	2361	9142
1995–96	4281	3102	586	6013	13082

ഗവ.ആയുർവേദ ആശുപത്രി, പൈസക്കരി

1992–93	1581	9084	–	1139	11804
1993–94	1812	9046	–	1504	12362
1994–95	1719	8038	–	1000	10035
1995–96	1818	9042	–	1946	12806

കുടിവെള്ളം

കുടിവെള്ളത്തെക്കുറിച്ച്, കുടിവെള്ളത്തിന്റെ പ്രാധാന്യത്തെക്കുറിച്ച്, കുടിവെള്ള സംഭരണവും ഉപയോഗത്തെയും കുറിച്ച് ജനങ്ങളുടെ ഇടയിൽ വേണ്ടരീതിയിൽ പ്രാധാന്യം നൽകി വരുന്നുണ്ടെങ്കിലും ശുദ്ധജലക്ഷാമവും ശുദ്ധജലസ്രോതസ്സുകളായ കിണറുകളുടെ എണ്ണക്കുറവും ഒരു പ്രധാനപ്രശ്നമായിത്തന്നെ നിലനിൽക്കുന്നു. മഴക്കാലത്തു മാത്രം ജലം ലഭിക്കുന്ന ഓലികളും തോടുകളും മാത്രം ഉപയോഗിക്കുന്ന വീട്ടുകാരുടെ എണ്ണം വളരെയധികമാണ്. ഈ ജലം വേണ്ടത്ര ഗുണനിലവാരമുള്ളതായി കാണുന്നില്ല.

ശുദ്ധജലസ്രോതസ്സുകൾ

പട്ടിക 6

കിണറുകൾ				കുഴൽ കിണറുകൾ		ആകെ
പൊതു കിണറുകൾ		സ്വകാര്യ കിണറുകൾ				
സാധാരണ കിണറുകൾ	സാനിട്ടറി കിണറുകൾ	സാധാരണ കിണറുകൾ	സാനിട്ടറി കിണറുകൾ	സ്വകാര്യം	പൊതുവുക	
–	12	312	244	–	7	575

പഞ്ചായത്തിൽ ഉള്ള കിണറുകൾ ആകെ എണ്ണമാണ് പട്ടിക 6–ൽ ഉൾപ്പെടുത്തിരിയിരിക്കുന്നത്. ഏകദേശം 12 പൊതുകിണറുകളും 7 കുഴൽകിണറുകളും 556 സ്വകാര്യകിണറുകളും ഉണ്ട്. സ്വകാര്യ കിണറുകളിൽ വെറും 244 കിണറുകൾമാത്രമേ സാനിട്ടറി കിണറുകളായുള്ളൂ. ബാക്കിയുള്ള കിണറുകൾ അശാസ്ത്രീയമായി നിർമ്മിച്ചവയാണ്. കിണറുകളിൽ ജലം എല്ലാക്കാലത്തും ലഭിക്കുന്നുണ്ടെങ്കിലും സാധാരണ കിണറുകളിലെ ജലം ഗുണമേന്മ കുറഞ്ഞതായി കാണുന്നു.

പഞ്ചായത്തിൽ പമ്പ് കണക്ഷൻ ഉള്ള വീടുകൾ ആകെ 10 എണ്ണം മാത്രമാണ്. പൊതുകിണറുകളിലും പൊതുപൈപ്പുകളിൽനിന്ന് ജലം ഉപയോഗിക്കുന്നവർ 784 വീട്ടുകാർ മാത്രമാണ്. (പട്ടിക 6 കാണുക)

പഞ്ചായത്തിൽ ആകെ 27 പൊതുടാപ്പുകളേയുള്ളൂ. 1567 ചെറുകുളങ്ങളും (തോടുകൾക്കരികിലായി കുഴിക്കുന്ന ചെറുകുഴികൾ) 2344 ഓലികളും (ഉറവയിൽനിന്നും ഹോസ്സ് ഉപയോഗിച്ച് ദൂരങ്ങളിലേക്കു വെള്ളമെത്തിക്കുന്ന സമ്പ്രദായം) ഉണ്ട്.

കുടിവെള്ള സ്രോതസ്സുകൾ (ഉപയോഗിക്കുന്ന വീടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

പട്ടിക 7

കിണറുകൾ							
സാധാരണ കിണറുകൾ	സാനിട്ടറി കിണറുകൾ	ഹൗസ് കണക്ഷൻ	നദി	തോട് (തോടുകളുടെ അരികിലെ ചെറിയ കുളം)	ഓലി	തോട്, തോടുകളുടെ അരികിലെ ചെറിയ കുളം	ആകെ വീടുകൾ
312	244	10	32	784	2344	1567	5293

പൊതുലഭ്യതയും ഗുണനിലവാരവും

കിണറുകളിൽ കടുത്ത വരൾച്ച അനുഭവപ്പെടുന്ന കാലമൊഴികെ ജലം ലഭിക്കുന്നു. സാനിട്ടറി കിണറുകളിൽ ലഭിക്കുന്നത് ഗുണനിലവാരമുള്ള ജലംതന്നെയാണ്. സാധാരണ കിണറുകളിൽ ഒട്ടുമുക്കാൽ കിണറുകൾക്കും ഉയർന്ന രീതിയിലുള്ള ചുറ്റുമതിൽ ഇല്ലാത്തതുകൊണ്ടും ശരിയായി കൈകാര്യം ചെയ്യാത്തതിനാലും, അഴുക്കുവെള്ളമൊഴുകി പോകാനുള്ള സൗകര്യം ഇല്ലാത്തതിനാലും ഗുണനിലവാരംകുറഞ്ഞ ജലമാണ് ലഭിക്കുന്നത്. എന്നാൽ കുളങ്ങൾ, തോടുകൾ എന്നിവയിൽനിന്നും ലഭിക്കുന്ന ജലം തീരെ ഗുണനിലവാരമില്ലാത്ത ജലമാണ്. ഇതിനു പ്രധാനകാരണം കക്കൂസുകൾ ഇല്ലാത്തവരിൽ കൂടുതൽ പേരും തോടുകൾക്കരികിലും, പുഴയുടെ അരികിലുംകൂടെ ചരിഞ്ഞ പ്രദേശങ്ങളിലും മറ്റും മലവിസർജ്ജനം നടത്തുന്നു. ഇവ മഴവെള്ളത്തോടൊപ്പം ഒലിച്ച് പുഴകളിലും തോടുകളിലും എത്തുന്നതിനാലാണ്

പരിസരശുചിത്വം

പഞ്ചായത്തിന്റെ എല്ലാഭാഗത്തും പരിസരമലിനീകരണം സംഭവിക്കുന്നുണ്ട്. വ്യവസായങ്ങൾ കുറവായതിനാൽ ആ വഴിക്കുള്ള മലിനീകരണം നന്നേ കുറവാണ്. പ്രധാനമായും ഹോട്ടൽ, ഉണക്കമീൻ വിൽപന നടത്തുന്ന കടകൾ, പച്ചക്കറികടകൾ, മത്സ്യ വിൽപനക്കാർ, അശാസ്ത്രീയമായ കശാപ്പുശാലകൾ, (കശാപ്പുശാലകൾ മിക്കവയും പുഴയോരങ്ങളിലാണ്) എന്നിവ മൂലമുണ്ടാകുന്ന മാലിന്യങ്ങൾ റോഡിന്റെ ഇരുവശങ്ങളും പുഴയിലും തോടുകളിലുമൊക്കെ കുന്നുകൂടുന്നു. തൽഫലമായി ജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. മാവുതോട് ജംഗ്ഷൻ, പയ്യാവൂർ ടൗൺ മുതലായ സ്ഥലങ്ങളിൽ പരിസരമലിനീകരണം കൂടുതലാണ്. കൂടാതെ പയ്യാവൂർ ടൗണിൽ പൊതുകക്കൂസോ, മൂത്രപ്പുരയോ ഇല്ലാത്തതുകൊണ്ട് വളരെയേറെ പരിസരമലിനീകരണം നേരിടുന്നു.

ആരോഗ്യം പരിസരശുചിത്വ പ്രശ്നങ്ങൾ

1. അടിസ്ഥാനസൗകര്യങ്ങളായ കക്കൂസ്, ശുദ്ധജലം എന്നിവയുടെ ദൗർലഭ്യത.
2. കുഴികക്കൂസുകളുടെ അമിതമായ ഉപയോഗം.
3. ആരോഗ്യസ്ഥാപനങ്ങളുടെ കുറവ്.
4. ആരോഗ്യകേന്ദ്രത്തിലേക്കുള്ള യാത്രാസൗകര്യത്തിന്റെ അപര്യാപ്തത.
5. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ കുറവ്.
6. കിടത്തി ചികിത്സിക്കാനുള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിലെ സൗകര്യക്കുറവ്.
7. ആരോഗ്യകേന്ദ്രത്തിൽ ജീവൻരക്ഷാ ഔഷധങ്ങളുടെയും ശുദ്ധജലത്തിന്റെയും കുറവ്.
8. ആദിവാസികൾക്കിടയിലുള്ള നിരക്ഷരതയും അന്ധവിശ്വസവും
9. കോളനികളിലെ ശുദ്ധജല ലഭ്യതയുടെ അപര്യാപ്തത.
10 ഹോട്ടലുകൾ, ടീഷോപ്പുകൾ, കശാപ്പുശാലകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ അശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യൽ
11. പൊതു കക്കൂസുകളുടെയും മൂത്രപ്പുരകളുടെയും കുറവ്.
12. പ്രാഥമിക ആരോഗ്യകേന്ദ്രത്തിനുള്ള വാഹന സൗകര്യമില്ലായ്മ

കുടിവെള്ളം- പ്രശ്നങ്ങളും സാധ്യതകളും

പ്രശ്നങ്ങൾ

1. ജലസ്രോതസ്സുകൾ വേണ്ട രീതിയിൽ ഉപയോഗിക്കാത്തത്.
2. ശുദ്ധജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾക്കുള്ള അവബോധമില്ലായ്മ.
3. തോടുകൾ, പുഴകൾ, കുളങ്ങൾ എന്നിവയ്ക്കു സമീപം തുറസ്സായസ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനം.
4. പാഴായ് പോകുന്ന ജലസ്രോതസ്സുകളെ വേണ്ടരീതിയിൽ സംഭരിച്ച് വിതരണം ചെയ്യാനുള്ള സൗകര്യമില്ലായ്മ.
5. സാനിട്ടറി കിണറുകളുടെ കുറവും അങ്ങനെ നിർമ്മിക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ടും.
6. കിണർ, പമ്പ് ഹൗസ്, കുളങ്ങൾ എന്നിവ നിർമ്മിക്കാനുള്ള വായ്പകളെ സംബന്ധിച്ചുള്ള അവബോധവും, കിട്ടാനുള്ള സാങ്കേതിക തടസ്സവും.
7. എല്ലാ വാർഡുകളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം
8. വർഷകാലത്ത് നിറഞ്ഞൊഴുകുന്ന പുഴകളെയും തോടുകളെയും മാത്രം ആശ്രയിച്ച് ജലവിനിയോഗം നടത്തുന്നത്.
9. കുഴൽകിണറുകളിലെ വെള്ളത്തിനുള്ള രുചിവ്യത്യാസം.

സാധ്യകൾ

1. എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനി ഭാഗത്തും കുടിവെള്ള വിതരണ പദ്ധതി ഊർജ്ജിതപ്പെടുത്തുക.
2. കോയിപ്ര ക്ഷേത്രത്തിനടുത്തുള്ള കുളത്തിൽ നിന്നും മോട്ടോർ ഉപയോഗിച്ച് ജലസംഭരണം നടത്തുക.
3. തോടുകളിൽ നിന്നും ജലമെടുക്കുന്നതിന് സമയപരിധിവയ്ക്കുക. പാറക്കടവ് മുതൽ പൈസക്കരിവരെയുള്ള ഭാഗത്ത് പുഴയിൽ ആവശ്യമുള്ള സ്ഥലത്ത് തടയിണകളും ബണ്ടുകളും നിർമ്മിക്കുക.
4. ചമതച്ചാലിൽ പുഴയിൽനിന്ന് വെള്ളമെടുക്കുന്നതിന് തോണിക്കുഴി അന്നമ്മയുടെ സ്ഥലത്ത ടാങ്ക് നിർമ്മിക്കുക.
5. കൊട്ടാടി കവല, ഷിമോഗ കോളനി, 9-ാംവാർഡ് കരിങ്കൽക്കുന്ന് ഭാഗം, പാടോം കവല, കൊട്ടാടിക്കവല, ശാന്തിനഗർ കുരിശിങ്കൽ ഭാഗം എന്നീ സ്ഥലങ്ങളിൽ സ്ഥിരമായി ശുദ്ധജലം ലഭിക്കുന്ന സംവിധാനം ഉണ്ടാക്കുക.
6. കുന്നത്തൂർപാടി, മുക്കുഴി എന്നിവിടങ്ങളിൽ സ്ഥിരമായി വെള്ളം ലഭിക്കുന്ന സ്രോതസ്സുകളെ ഉപയോഗപ്പെടുത്തി തൊട്ടടുത്ത പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുക.
7. ചതിരംപുഴയിൽ പൊതുകിണർ സ്ഥാപിക്കുക.
8. പൊതുടാപ്പുകളുടെയും ജലവിതരണത്തിന്റെയും വ്യാപ്തി വർദ്ധിപ്പിക്കൽ
9. കക്കാട്ടുകാവിലെ ശുദ്ധജല സംഭരണിയിലെ പമ്പിംഗ് തടസ്സം നീക്കൽ (വോൾട്ടേജ് ക്ഷാമം പരിഹരിക്കൽ)
10. പഞ്ചായത്തിലെ എല്ലാ വീടുകളിലും കിണർ ഉറപ്പുവരുത്തുക.
11. ഇരൂഡ് സ്കൂളിനു സമീപം, മരുതംചാൽ, കേളൻകോടുമല എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കുകയും 1-ാം വാർഡിൽ കാട്ടിക്കണ്ടം കുഴൽകിണറിലെ പൈപ്പു മാറ്റിയിടുക.
12. കുഞ്ഞിപ്പറമ്പിലെ പൊതുസ്ഥലത്ത് കുളം നിർമ്മിക്കുക.
13. കുഴൽകിണറുകളിലെ ജി.ഐ. പൈപ്പുകൾക്കുപകരം പി.വി.സി. പൈപ്പുകൾ ഉപയോഗിക്കുക.

ആരോഗ്യം

പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡുതിരിച്ചുള്ള സ്ഥിതിവിശേഷവും

വാർഡ് സ്ഥാപനങ്ങൾ സർക്കാർ സ്വകാര്യം കാണപ്പെടുന്ന രോഗങ്ങൾ പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

1 ഒരു ആയുർവേദ ആശുപത്രിയും കുടുംബക്ഷേമ ഉപകേന്ദ്രവും ഒരു അലോപ്പതി ആശുപത്രിയും ഒരു ക്ലിനിക്കും വയറിളക്കം, വാതരോഗം, മലമ്പനി, പനി, ദന്തരോഗങ്ങൾ, ചെങ്കണ്ണ്, ത്വക്ക് രോഗങ്ങൾ ആയുർവേദ ആശുപത്രിയിൽ മുഴുവൻ സമയ ഡോക്ടർ ഇല്ല. കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല, മരുന്നുകൾ ഇല്ല. ഉപകേന്ദ്രത്തിൽ എല്ലാ മാസവും കുട്ടികൾക്ക് കുത്തിവയ്പ് നടക്കുന്നു. ആയുർവേദ ആശുപത്രി നിർദ്ദിഷ്ട

സ്ഥലത്തേക്കുമാറ്റി പത്തുകിടക്കകളോടുകൂടി സ്ഥാപിക്കുക. സ്ഥിരം ഡോക്ടറെ നിയമിക്കുക. ആരോഗ്യക്ഷേമ ഉപകേന്ദ്രത്തിൽ ആഴ്ചയിലൊരിക്കൽ ഡോക്ടർ പരിശോധന നടത്തുക.

2 ആരോഗ്യസ്ഥാപനങ്ങൾ ഒന്നുംതന്നെയില്ല
ആരോഗ്യസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല വയറിളക്കം, മലമ്പനി, ദന്തരോഗങ്ങൾ വാതരോഗങ്ങൾ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ലാത്തതിനാൽ രോഗികൾക്ക് വളരെദൂരം സഞ്ചരിച്ച് താലൂക്കാശുപത്രിയിൽ പോകേണ്ടിവരുന്നു സബ് സെന്റർ സ്ഥാപിക്കണം ബോധവൽക്കരണ ക്ലാസുകൾകൾക്ക് സന്നദ്ധസംഘടനകളുടെ സേവനം ഉറപ്പുവരുത്തുക 1–ാം വാർഡിലുള്ള ആരോഗ്യക്ഷേമ ഉപകേന്ദ്രത്തിൽ ആഴ്ചയിലൊരിക്കൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.

3 ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല
ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല വാതരോഗം, പനി, ദന്തരോഗങ്ങൾ, മലമ്പനി മലമ്പനി ,, ,, സബ് സെന്റർ സ്ഥാപിക്കുക. ആയുർവേദ ആശുപത്രിയിൽ കിടക്കയോടുകൂടി വാർഡ് പണിയുക.

4 ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല
ആരോഗ്യസ്ഥാപങ്ങൾ ഒന്നുമില്ല ടി.ബി. കാൻസർ മറ്റ് വാതരോഗങ്ങൾ ആസ്മ വയറിളക്കരോഗം, മലമ്പനി സബ്സെന്ററിനുവേണ്ടി ഒരു ചെറിയ വാടകമുറി ഉണ്ടെങ്കിലും യാതൊരു സൗകര്യവുമില്ല. കുട്ടികൾക്ക് കുത്തിവയ്പ് നടക്കാറില്ല. രോഗികൾ ചികിത്സക്കായി വളരെ ദൂരംയാത്ര ചെയ്യേണ്ടിവരുന്നു സൗകര്യങ്ങളൊടുകൂടിയ സബ് സെന്റർ പണിയുക. കുന്നത്തൂർപാടിക്ക് സമീപം പൊതു കക്കൂസും പൊതു കുളിമുറിയും മൂത്രപ്പുരയും സ്ഥാപിക്കുക.

5 ഒരു ഗവ.ആയുർവ്വേദ ആശുപത്രിയുണ്ട്
ഒരു ഹോമിയോ ക്ലിനിക്ക് ഉണ്ട് ത്വക് രോഗങ്ങൾ, വാതരോഗങ്ങൾ, പനി, മലമ്പനി, ദന്തരോഗങ്ങൾ ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ അംഗൻവാടികളിൽ നടക്കാറുണ്ടെങ്കിലും സന്നദ്ധസംഘടനകൾ സഹകരിക്കാറില്ല. ആയുർവ്വേദ ആശുപത്രിയിൽ ഡോക്ടറും മരുന്നും ഇല്ല. സബ് സെന്റർ സ്ഥാപിക്കു., സ്ഥിരം ഡോക്ടറെ നിയമിക്കുക, പൊതുജനാരോഗ്യ രംഗത്ത് സന്നദ്ധസംഘടനകളുടെ സേവനം ഉറപ്പുവരുത്തുക

6 ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല
ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല ത്വക് രോഗങ്ങൾ, വാതരോഗങ്ങൾ, വയറിളക്കരോഗങ്ങൾ, പനി, ദന്തരോഗങ്ങൾ അഞ്ചാം വാർഡിലെ ആയുർവ്വേദ ആശുപത്രിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുക. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മുഴുവൻസമയ ഡോക്ടറും കിടക്കകളോടു കൂടിയ വാർഡും ഇല്ല സബ് സെന്റർ സ്ഥാപിക്കുക, അംഗൻവാടികൾക്ക് കെട്ടിടം സ്ഥാപിക്കുക. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ മുഴുവൻസമയ ഡോക്ടറും, ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യതയും ഉറപ്പുവരുത്തുക.

7 ഒരു പ്രാഥമിക ആരോഗ്യകേന്ദ്രമുണ്ട്
വയറിളക്കം, മലമ്പനി, ത്വക് രോഗം, മറ്റ് പകർച്ചവ്യാധികൾ, പനി, ദന്തരോഗങ്ങൾ ആശുപത്രിയിൽ മുഴുവൻ സമയവും ഡോക്ടറില്ല, അവശ്യംവേണ്ട ജീവൻരക്ഷാ മരുന്നുകളില്ല, കിണറില്ല, കിടത്തിചികിത്സിക്കാനുള്ള സൗകര്യമില്ല, ആശുപത്രിയിലെ സ്ഥലസൗകര്യക്കുറവ്, ആശുപത്രിക്ക് സ്വന്തമായി വാഹന സൗകര്യമില്ല ആശുപത്രയിൽ മുഴുവൻസമയ ഡോക്ടറെ നിയമിക്കുക, ജീവൻ രക്ഷാ മരുന്നുകൾ ഉറപ്പുവരുത്തുക, വാഹനം, ശുദ്ധജലം എന്നിവ ഉറപ്പുവരുത്തുക.

8 ഒരു സർക്കാർ ഹോമിയോ ആശുപത്രി ഉണ്ട്
ഒന്നുമില്ല വയറിളക്കം, മഞ്ഞപ്പിത്തം,ത്വക് രോഗങ്ങൾ, മറ്റ് പകർച്ചവ്യാധികൾ, മലമ്പനി സബ്സെന്റർ ഇല്ലാത്തതിനാൽ അലോപ്പതി ചികിത്സാ സൗകര്യമില്ല, ഹോമിയോ ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമല്ല, കുട്ടികളെ കുത്തിവയ്പിനും രോഗികളെ ആശുപത്രിയിലേക്കും കൊണ്ടുപോകുന്നതിന് വളരെ ദൂരം യാത്ര ചെയ്യണം
സബ് സെന്റർ സ്ഥാപിക്കുക, ഹോമിയോ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, കോളനികൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുക. കുട്ടികൾക്കും ഗർഭിണികൾക്കുമുള്ള പ്രതിരോധകുത്തിവയ്പിനുള്ള സൗകര്യം ലഭ്യമാക്കുക.

9 ഒന്നും ഇല്ല ഒരു ഹോമിയോ ക്ലിനിക് ഉണ്ട്. അലോപ്പതിക് ക്ലിനിക് ഉണ്ട്. വയറിളക്കം, മലമ്പനി, ത്വക് രോഗങ്ങൾ, വാതരോഗങ്ങൾ, മറ്റ് പകർച്ചവ്യാധികൾ ബോധവൽക്കരണ ക്ലാസുകൾ നടക്കുന്നില്ല, ഹോട്ടലുകൾ, അറവുശാല, മത്സ്യമാർക്കറ്റ് എന്നിവ ശുചിയായി നടത്തപ്പെടുന്നില്ല,

ടൗണിൽ മാലിന്യം കുന്നുകൂടുന്നുണ്ട്. ആരോഗ്യബോധവൽക്കരണക്ലാസുകൾ നടത്തുക. മത്സ്യം മാർക്കറ്റിൽതന്നെ വിൽപന നടത്തുക. പഞ്ചായത്ത് അറവുശാല സ്ഥാപിക്കുക

10 ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല

ആരോഗ്യസ്ഥാപനങ്ങൾ ഒന്നുമില്ല വയറിളക്കം,മലമ്പനി, ത്വക് രോഗങ്ങൾ പോഷകാഹാരക്കുറവ്, മറ്റ് പകർച്ചവ്യാധികൾ ആരോഗ്യ ബോധവൽക്കരണക്ലാസുകൾ നടക്കുന്നില്ല. പോഷകാഹാരക്കുറവ് കാണപ്പെടുന്നു. രോഗികൾക്ക് വളരെ ദൂരം യാത്രചെയ്യേണ്ടിവരുന്നു. സബ് സെന്റർ സ്ഥാപിക്കുക, പൊതുജനാരോഗ്യ രംഗം ഊർജ്ജിതപ്പെടുത്തുക. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

സാധ്യതകൾ

1.ചിലവുകുറഞ്ഞ സാനിട്ടറി കക്കൂസുകളുടെ നിർമ്മാണത്തിന് ഗവൺമെന്റ് ഗവൺമെന്റേതര സ്ഥാപനങ്ങളുടെ സേവനം വിനിയോഗിച്ച് എല്ലാ വീടുകൾക്കും കക്കൂസ് ഉറപ്പുവരുത്തുക.

2. എല്ലാ വാർഡുകളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നിർമ്മിക്കുക

3. ആരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും മുഴുവൻ സമയ ഡോക്ടറുടെ സേവനവും ഉറപ്പുവരുത്തുക.

4. ഒരു വിഷ ചികിത്സാകേന്ദ്രം നിർമ്മിക്കുക.

5. ആദിവാസികൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നിരക്ഷരതാ നിർമ്മാർജ്ജനവും

6. ആദിവാസി കോളനികളിലെ മുടങ്ങിയ പണിയരുടെ സമഗ്ര വികസന പരിപാടിയുടെ പുനസംരഭം. കൂടാതെ പി.എച്ച്.സി.യിലെ ഡോക്ടറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തുക.

7. പൊതുജനാരോഗ്യ രംഗത്തെ സന്നദ്ധസംഘടനകളുടെ പങ്കാളിത്തം.

8. ആരോഗ്യകേന്ദ്രത്തിൽ ജീവൻരക്ഷാമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക. ആരോഗ്യകേന്ദ്രത്തിന് വാഹനസൗകര്യം ഉറപ്പവരുത്തു. ജെ.എച്ച്.ഐ. മാർക്കുവേണ്ടി എല്ലാ വാർഡിലും ഓഫീസ് ഉറപ്പുവരുത്തുക.

9. കാൻസർ തുടങ്ങിയ മാരകരോഗങ്ങൾ ബാധിച്ച രോഗികളെ സാമ്പത്തികമായി സഹായിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് തല സംവിധാനം.

10. ആരോഗ്യപ്രവർത്തകരുടെ ഫീൽഡ് ത്വരിതപ്പെടുത്തുക. പ്രാഥമികാരോഗ്യകേന്ദ്രം ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുക.

11. ഹോട്ടലുകൾ, ടീ ഷോപ്പുകൾ എന്നിവയുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ആരോഗ്യവകുപ്പു ജീവനക്കാരുടെ ഹോട്ടൽ പരിശോധന ത്വരിതപ്പെടുത്തുക.

12. ഓവുചാലുകളുടെ നിർമ്മാണവും മാലിന്യങ്ങളുടെ ശാസ്ത്രീയമായ നീക്കംചെയ്യലും നടപ്പിലാക്കുക

13. പയ്യാവൂർ ടൗണിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക

14. ക്യാൻസർരോഗം വളരെയധികം വ്യാപിച്ചുവരുന്നതിനാൽ മുമ്പ് സന്നദ്ധസംഘടനകൾ നടത്തിയ ക്യാൻസർ നിർണ്ണയ ക്യാമ്പുകളുടെ രണ്ടാംഘട്ട പരിപാടികൾ നടത്തുക.

15. ശാസ്ത്രീയമായ കശാപ്പുശാലാനിർമ്മാണവും മത്സ്യമാർക്കറ്റ് നിർമ്മാണവും

16.അംഗൻവാടികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുക

17. ആദിവാസി കുട്ടികൾക്ക് വേണ്ടി പ്രത്യേക പോഷകാഹാര പദ്ധതികൾ ആസൂത്രണം ചെയ്യുക

18. പൊതുശ്മശാനം നിർദ്ദിഷ്ട പഞ്ചായത്ത് സ്ഥലത്ത് പ്രവർത്തനമാരംഭിക്കുക. ■



വനിതാ ക്ഷേമം

വനികളിൽ ഏകദേശം 59% ത്തോളം പേരും അടുക്കള പണി, കുട്ടികളുടെ പരിചരണം, കൃഷി, മൃഗപരിപാലനം, മുതലായ ജോലികളിൽ ഏർപ്പെടുന്നു. 38 % ത്തോളം പേർ നിർമ്മാണ ജോലി, ടാപ്പിംഗ്, ടൈലറിംഗ് തുടങ്ങിയ മേഖലകളിലും 3% പേർ അധ്യാപനം, അംഗനവാടി സേവനം, ആതുര സേവനം മുതലായരംഗത്ത് പ്രവർത്തിക്കുന്നു. പൊതുപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്നവർ നന്നേ കുറവാണ്. ഏകദേശം 20% ത്തോളം പേർ സ്വന്തമായി കൂലിപ്പണി ചെയ്ത് കുടുംബം പോറ്റുന്നവരാണ്. ഇന്നത്തെ അവസ്ഥയിൽ കോളജ് വിദ്യാഭ്യാസത്തിനു പോകുന്നവരിൽ സ്ത്രീകളാണ് കൂടുതൽ എങ്കിലും ഇടയ്ക്കുവച്ച് പഠിത്തം മതിയാക്കുക എന്ന പ്രതിഭാസം കൂടുതലായി കാണുന്നു. 25–നും

45–നും ഇടയ്ക്കു പ്രായമുള്ള 80% ത്തോളം പേരും പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ളവരാണ്. സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളിൽ സ്ത്രീ ജീവനക്കാർ കുറവാണ്.

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള താൽപര്യക്കുറവ്
2. കുടുംബിനികൾ മറ്റു പണികളിൽ ഏർപ്പെടുന്നതകൊണ്ടുള്ള ബുദ്ധിമുട്ടുകൾ
3. തൊഴിൽ സാധ്യതകളുടെ കുറവ്
4. വിദ്യാഭ്യാസരംഗത്തുള്ള പിന്നോക്കാവസ്ഥ
5. വായനാശീലം കുറവ്
6. സാമൂഹിക സാമ്പത്തിക സുരക്ഷിതത്വ കുറവ്.
7. ആദിവാസി വനിതകൾക്കുള്ള പ്രത്യേക ബോധവൽക്കരണ സെമിനാറുകളുടെ കുറവ്.
8. ആംഗൻവാടി ജീവനക്കാർക്ക് ന്യായമായ ശമ്പളം കിട്ടാതെ വിഷമിക്കുന്നു. പൊതുരംഗത്തും കലാരംഗത്തും പ്രവർത്തിക്കുന്ന വനിതകളോട് സമൂഹത്തിനുള്ള തെറ്റായ കാഴ്ചപ്പാട്.

സാധ്യതകൾ

1. വനിതാ സമാജങ്ങൾ പോലുള്ള സാംസ്കാരിക സംഘടനകളുടെ സ്ഥാപിക്കൽ
2. സാമൂഹികരംഗത്ത് മികച്ചസേവനം കാഴ്ചവയ്ക്കുന്ന വനിതകളെ പ്രത്യേകം ആദരിക്കൽ.
3. വനിതാ സഹകരണ സംഘങ്ങൾ, അച്ചാർ യൂണിറ്റ്, ജില്ലി യൂണിറ്റ്, കരകൗശല കൈത്തറി യൂണിറ്റ്, പരമ്പരാഗത കുടിൽവ്യവസായ സംരംഭങ്ങൾ എന്നിവ സ്ഥാപിച്ച് തൊഴിൽ അവസരങ്ങൾ ഉറപ്പവരുത്തുക.
4. ആദിവാസി സ്ത്രീകൾക്ക് മാത്രമായുള്ള ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക
5. വിധവകൾക്കും അശരണരായ വനിതകൾക്കും പ്രായംചെന്ന സ്ത്രീകൾക്കു വേണ്ടിയുള്ള സർക്കാർ ആനുകൂല്യങ്ങൾ പരമാവധി ലഭ്യമാക്കുക
6. കാഞ്ഞിരക്കൊല്ലിയിൽ ഒരു വനിതാ സഹകരണ സംഘം സ്ഥാപിക്കുക.
7. പയ്യാവൂർ ആസ്ഥാനമാക്കി വനിതാ സഹകരണ സംഘം രൂപവൽക്കരിക്കുക.
8. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വനിതാ സഹകരണസംഘങ്ങൾ സ്ഥാപിച്ച് സ്ത്രീകളുടെ സമ്പാദ്യശീലം വളർത്തുക.

■



പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം

പയ്യാവൂർ പഞ്ചായത്തിൽ പട്ടികജാതി–പട്ടിക വർഗ്ഗത്തിൽപ്പെട്ട 1831 ജനങ്ങൾ ഉണ്ട്. 13 കോളനികൾ പഞ്ചായത്തിലുണ്ട്. എങ്കിലും 7 എണ്ണം മാത്രമാണ് അംഗീകരിക്കപ്പെട്ടത്. ബാക്കിയുള്ള കോളനികൾ അംഗീകാരത്തിനായി സർപ്പിക്കേണ്ടതുണ്ട്. അംഗീകരിക്കപ്പെട്ടതിൽ 3 കോളനികൾ ഐ.എച്ച്.ഡി.പി. ആനുകൂല്യം ലഭിക്കുന്നവയാണ്.

വിദ്യാഭ്യാസ സാമൂഹികസാംസ്കാരികമേഖലകളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനോ സാമ്പത്തികമായി അഭിവൃദ്ധിപ്രാപിക്കുവാനോ കോളനികളിലെ ജനങ്ങൾക്ക് സാധിച്ചിട്ടില്ല. സാമൂഹിക സാമ്പത്തികരംഗത്ത് നിരവധിക്കാലം ചൂഷണവിധേയരായി കഴിയേണ്ടിവന്നതുകൊണ്ടാവാം ഈ പിന്നോക്കാവസ്ഥ. കരിമ്പാലർ, പണിയർ, മാവിലർ, കുറിച്യർ, വണ്ണാൻ, മലയൻ, സാംബവർ, പുലയർ തുടങ്ങിയ വിഭാഗക്കാരാണ് പഞ്ചായത്തിലെ പട്ടികജാതി–പട്ടികവർഗ്ഗക്കാർ

കലാരൂപങ്ങളായ തെയ്യം, തിറ, വെള്ളാട്ടം മുതലായവ ഇവരുടെ പരദേവങ്ങളെ സ്തുതിക്കുന്നതും, സ്മരിക്കുന്നതുമാണ്. വിശേഷദിവസങ്ങളിൽ ഇവ കെട്ടിയാടുകയും ചെയ്യാറുണ്ട്. പണിയ വിഭാഗത്തിൽപ്പെട്ടവർ ഇന്നും വനവിഭവങ്ങൾ ശേഖരിക്കാൻ പോകുന്നത് പതിവാണ്.

പട്ടികജാതി–പട്ടികവർഗ്ഗ കോളനികളിലെ ജനവിഭാഗങ്ങൾ വിദ്യാഭ്യാസരംഗത്ത് വേണ്ടത്രപുരോഗതി കൈവരിച്ചു എന്ന് പറയാൻ സാധിക്കില്ല. നിരക്ഷരത ഇന്നും ജനവിഭാഗങ്ങളിൽ നിലനിൽക്കുന്നു.

പഴയകാലത്തുണ്ടായിരുന്ന കൊഴിഞ്ഞുപോക്ക് ഇന്ന് ഇല്ല എങ്കിലും എസ്.എസ്.എൽ.സി. കഴിഞ്ഞശേഷം തുടർന്ന് പഠിക്കുന്നവരുടെ എണ്ണം കുറ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവ

പട്ടികജാതി പട്ടികവർഗ്ഗ കോളനി വിവരം

ക്രമനമ്പർ	വാർഡ്	കോളനികളുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
1	3	വാതിൽമട ഭൂതാൻ കോളനി (ഐ.എച്ച്.ഡി.പി.)	73	273
2	6	വഞ്ചിയം കരിമ്പാല കോളനി (ഐ.എച്ച്.ഡി.പി.	45	189
3	5	പാലയാട് മാവില കോളനി	40	124
4	6	ഏറ്റുപാറ മാവില കോളനി	21	140
5	4	കുന്നത്തൂർ അടിയാർ കോളനി	18	65
6	4	ആനയടിചീത്ത മാവില കോളനി	17	95
7	9	കരിമ്പക്കണ്ടി മാവില കോളനി	49	182
8	5	ചീത്തപ്പാറ കരിമ്പാലകോളനി	12	62
9	5	ചീത്തപ്പാറ പണിയകോളനി	16	115
10	8	കാഞ്ഞിരക്കൊല്ലി പണിയകോളനി	20	79
11	7	കാഞ്ഞിരക്കൊല്ലി കരിമ്പാല കോളനി	60	353
12	1	ചാണോക്കുണ്ട് മാവില കോളനി	12	60
13	1	കാട്ടിക്കണ്ടം മാവില കോളനി	21	94

യാണ് പല കോളനികളും. കാർഷികരംഗത്തും, നിർമ്മാണരംഗത്ത് തൊഴിൽ എടുക്കുന്നവരുമാണ് ഭൂരിഭാഗവും. ഉദ്യോഗസ്ഥരടക്കംവരുന്ന ചെറിയ ഒരു വിഭാഗവും ഇവരിൽ ഉണ്ട്. സ്വന്തമായി ഭൂമിയുള്ള വർതന്നെ കൃഷിയിറക്കുന്നതിൽ കാര്യമായ ശ്രദ്ധ കാണിക്കാറില്ല. കശുമാവ്, കുരുമുളക് എന്നിവയാണ് മുഖ്യവിള. അത്യാവശ്യം റബറും ചില കോളനികളിൽ ഉണ്ട്. വിളകൾ സ്വന്തമായി ശേഖരിക്കുന്നതിനു പകരം നഷ്ടത്തിൽ പാട്ടം കൊടുക്കുന്ന രീതിയാണ് കണ്ടുവരുന്നത്. സ്ത്രീകൾ കൂടുതലും കൂലിപ്പണിക്ക് പോകുന്നവരാണ്. പുരുഷന്മാർ ചെങ്കൽകൊത്ത്, കെട്ടിടനിർമാണം, ടാറിംഗ് മുതലായ ജോലികൾക്കു പോകുന്നു. സ്ത്രീകൾ കശുവണ്ടിപെറുക്കൽ, റോഡുനിർമാണം മുതലായ പണികൾക്കുപോകുന്നു.

കോളനികളിലെ വീടുകൾ സംബന്ധിച്ച വിവരം

വാർഡ്	വിവിധ പരിപാടികളിലായി അനുവദിച്ച വീട്	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകൾ
1	13	13	4	5
2	3	3	–	5
3	41	26	15	15
4	8	8	–	17
5	53	41	12	7
6	60	4	17	4
7		3	–	15
8	82	67	5	10
9	12	12	–	10
10	6	6	–	10

പട്ടിക–3 കക്കൂസുകൾ സംബന്ധിച്ച വിവരം

വാർഡ്	[illegible]	പൂർണ്ണമായും ഉപയോഗിക്കുന്നത്	ഭാഗികമായും ഉപയോഗിക്കുന്നത്
1	10	10	140
2	1	1	89
3	6	6	54
4	2	2	35
5	10	10	54
6	4	4	10
7	12	12	30
8	12	12	63
9	6	6	334
10	13	13	10

പട്ടിക–4

ക്രമ നമ്പർ	കോളനികളുടെ പേര്	റോഡുകൾ		വൈദ്യുതി	കുടിവെള്ളം		പൊതുകക്കൂസ്
		ഗതാഗതയോഗ്യമായത്	ഗതാഗതയോഗ്യമല്ലാത്തത്	വൈദ്യുതീകരണം തുടങ്ങിയത് ഉള്ളത്	കിണർ	ടാപ്പ്	
1	കാട്ടിക്കണ്ടം	ഉണ്ട്	ടാറിംഗ് ചെയ്തിട്ടില്ല	ഇല്ല	ഉണ്ട്	അത്യാവശ്യം	ഇല്ല
2	ചാണോക്കുണ്ട്	അല്ല	ടാറിംഗ് ചെയ്തിട്ടില്ല	ഇല്ല	ഇല്ല	അത്യാവശ്യം	ഇല്ല
3	വാതിൽമട കഒഉജ	2 റോഡ്	ടാറിംഗ് ചെയ്തിട്ടില്ല	ഉണ്ട്	ഉണ്ട്	അത്യാവശ്യം	ഇല്ല
4	കുനത്തൂർ കഒഉജ	ഉണ്ട്	പൂർണ്ണമല്ല	ഇല്ല	ഇല്ല	അത്യാവശ്യം	ഇല്ല
5	ആനയടിചീറ്റ	ഇല്ല	ടാറിംഗില്ല	ഇല്ല	1 ഉണ്ട്	അത്യാവശ്യം	ഇല്ല
6	പാലയാട്	ഉണ്ട്	ഇല്ല	ഇല്ല	--	അത്യാവശ്യം	ഇല്ല
7	ചീത്തപ്പാറ	ഇല്ല	ടാറിംഗ് ഇല്ല	ഇല്ല	1ഉണ്ട്	അത്യാവശ്യം	ഇല്ല
8	ചീത്തപ്പാറ ട.കോളനി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	അത്യാവശ്യം	ഇല്ല
9	കാഞ്ഞിരക്കൊല്ലി ടo	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	അത്യാവശ്യം	ഇല്ല
10	കാഞ്ഞിരക്കൊല്ലി ര	ഇല്ല	ഇല്ല	ഇല്ല	ഇല്ല	അത്യാവശ്യം	ഇല്ല
11	വഞ്ചിയം കഒഉജ	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	അത്യാവശ്യം	ഇല്ല
12	ഏറ്റുപാറ	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	അത്യാവശ്യം	ഇല്ല
13	കരിമ്പക്കണ്ടി	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	അത്യാവശ്യം	ഇല്ല

പട്ടിക 5

	ജലലഭ്യത ഉണ്ടാക്കാവുന്ന സാധ്യതകൾ കോളനികൾ കോളനികളുടെ പേര്	വാർഡ്	സാധ്യതകൾ സാധ്യമാകുന്ന പദ്ധതികൾ
1	കാട്ടിക്കണ്ടം	1	പയ്യാവൂർ ടൗണിൽനിന്നും പൈപ്പ് ലൈൻ കാട്ടിക്കണ്ടംവരെ നീട്ടുക (1 കി.മീ.)
2	ചാണോക്കുണ്ട്	2	കുഴൽകിണർ കുഴിക്കുക
3	വാതിൽമട	3	കുഞ്ഞിപ്പറമ്പ് കോളിച്ചോട്ട് തോടിന് സമീപം ജലംസംഭരിച്ച് കോളനിയിൽ എത്തിക്കുക.
4	കുന്നത്തൂർ	4	കുഴൽകിണർ കുഴിക്കുക
5	ആനയടിച്ചീത്ത	4	സ്ഥലത്തെ ജലസ്രോതസ് സംരക്ഷിച്ച് ടാപ്പ് ഇടുക
6	പാലയാട്	5	കുഴൽകിണർ കുഴിക്കുക
7	ചീത്തപ്പാറ ടഇ/ടഠ	5	ചതുരംപുഴ കേന്ദ്രീകരിച്ച് ജലസംഭരണി സ്ഥാപിച്ച് ജലം വിതരണം ചെയ്യുക
8	ക്കഞ്ഞി ര ക്കൊല്ലി ടഇ ടഉൾപ്പെട	8	ചിറ്റാരി കേന്ദ്രീകരിച്ചുള്ള കുളത്തിൽനിന്നും ജലം സംഭരിച്ച് വിതരണം ചെയ്യാം.
9	വഞ്ചിയം ഏറ്റുപാറ	6 6	കുഴൽകിണർ നിർമിക്കുക മാടയ്ക്കൽ ടാങ്ക് നിർമിച്ച് വെള്ളം എത്തിക്കാം
10	കരിമ്പക്കണ്ടി	9	പൊതുകിണർ സ്ഥാപിക്കുക, പൈപ്പ് ലൈൻ ഇടുക

പഴയകാലത്തിൽനിന്നും വ്യത്യസ്തമായി കോളനികളിൽ നടക്കുന്ന വിവാഹചങ്ങിലും മറ്റ് ആഘോഷപരിപാടികളിലും മറ്റ് വിഭാഗം ആൾക്കാർ പങ്കെടുക്കുന്നു. ഇത് മാറ്റത്തിന്റെ സൂചനയാണ്. കോളനികളിലെ നിരവധികുടുംബങ്ങൾക്ക് വീടുകളും കക്കൂസും ഇല്ലാത്തവരായുണ്ട്. സർക്കാർ സഹായത്തോടെ നിർമ്മിച്ച വീടുകൾ സംരക്ഷണത്തിന്റെയും അറ്റകുറ്റപ്പണികളുടെയും അഭാവംമൂലം അപകടനിലയിലാണ്. പണിയകോളനികളിലാണ് ഇത്തരം പ്രശ്നങ്ങൾ കൂടുതലായും കാണുന്നത്. ശുചിത്വമുള്ള കക്കൂസുകളുടെ അഭാവം മൂലം രോഗങ്ങൾ കൂടുതലായി കാണപ്പെടുന്നു.

കുടിവെള്ളമോ, വൈദ്യുതിയോ എത്തിയ കോളനികൾ ചുരുക്കമാണ്. വാതിൽമട ഭൂതാൻ കോളനിയിൽ 13 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ചീത്തപ്പാറ കരിമ്പാല കോളനിയിൽ കുടിവെള്ളവും എത്തിയിട്ടുണ്ട്. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും കണ്ണുവെച്ച് പ്രവർത്തനം നടത്തിയാൽ കോളനികളുടെ പൊതുവായ നിലവാരം ഉയർത്താനും അതുവഴി സമൂഹമുന്നേറ്റത്തിൽ പങ്കാളികളാക്കാനും സാധിക്കും എന്നതിൽ തർക്കമില്ല.

പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ അതിരൂക്ഷമാണ് അതിനാൽ സാമ്പത്തികമായി വളരെ പിന്നോട്ടുപോകുന്നു.
2. വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിക്കാത്തതിനാൽ മറ്റു വിഭാഗക്കാരോട് സഹകരിക്കാനുള്ള ബുദ്ധിമുട്ട്

3. വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായി തടയാൻ സാധിക്കുന്നില്ല.
4. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടോ കക്കൂസോ പ്രാഥമിക സൗകര്യങ്ങളോ ഇല്ല.
5. വീടുകൾ നിർമ്മിക്കുന്നതിന് നൽകുന്ന തുക അപര്യാപ്തമാണ്. ഈ തുകപോലും മറ്റ് രീതിയിൽ ചെലവഴിക്കപ്പെടുന്നു.
6. ആരോഗ്യസംരക്ഷണത്തിനായി കോളനികളിൽ യാതൊരു സംവിധാനവുമില്ല.
7. ഗതാഗതസൗകര്യക്കുറവ്. റോഡുകൾ ഉള്ളതുതന്നെ ഗാതഗതയോഗ്യമല്ലാത്ത നില.
8. കാർഷികമേഖലയിലെ തൊഴിൽ സാധ്യതക്കുറവ്.
9. പാവപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുന്നില്ല.
10. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് നൽകുന്ന വായ്പകളും സഹായങ്ങളും ഉദ്ദേശിക്കുന്ന ഗുണം കിട്ടുന്നില്ല.
11. എല്ലാ കുടുംബങ്ങൾക്കും വീടുകൾവയ്ക്കാൻ സ്ഥലമില്ല.
12. ക്ഷേമപദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല
13. ബോധവൽക്കരണത്തിന്റെയും പഠനക്ലാസുകളുടെയും അഭാവം.
14. സ്വന്തം ഭൂമിയിൽ കൃഷിചെയ്യാൻ താൽപര്യമില്ലായ്മ
15. മറ്റ് വിഭാഗക്കാരിൽനിന്നും ചൂഷണത്തിന് ഇരയാകുന്നു.
16. കോളനികളിൽ പ്രത്യേകിച്ചും പണിയകോളനികളിൽ പുകയിലയുടെയും ലഹരിപദാർത്ഥങ്ങളുടെയും ഉപയോഗം.

സാധ്യതകൾ

1. കോളനികളിൽ സ്വയംതൊഴിൽസാധ്യതകൾ വർധിപ്പിക്കുക.
2. കോളനികളെ IHDP സ്കീമിൽ ഉൾപ്പെടുത്തുക
3 കൃഷിചെയ്യുന്നതിനായി പരിശീലനവും ധനസഹായവും വിത്തുകളും വളങ്ങളും സൗജന്യമായി വിതരണംചെയ്യുക.
4. കോളനി നിവാസികൾക്ക് തൊഴിൽ പരിശീലനം നൽകുക
5. വീടുകളില്ലാത്ത കുടുംബങ്ങൾക്ക് വീടുവയ്ക്കുന്നതിനായി ധനസഹായം നൽകുക.
6. സ്ഥലമില്ലാത്തവർക്ക് സ്ഥലം നൽകുക
7. അനെർട്ടിന്റെ സൗരോർജ റാന്തലുകൾ കോളനികളിൽ സ്ഥാപിക്കുക
8.കുടിവെള്ളത്തിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
9. പെൺകുട്ടികൾക്ക് ആധുനിക ഡിസൈനുകൾ മറ്റു സാങ്കേതികവിദ്യ എന്നിവയ്ക്കുള്ള പ്രത്യേക പരിശീലനം നൽകുക.
10. പട്ടികജാതി സർവീസ് സഹകരണസംഘം രൂപീകരിക്കുക.
11. പഠനനിലവാരം ഉയർത്തുന്നതിനും കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും പ്രത്യേക പദ്ധതി രൂപീകരിക്കുക
12. പഠനം നിർത്തിയവരെ തുടർവിദ്യാഭ്യാസം ചെയ്യിക്കുക.
13. ആരോഗ്യരംഗത്ത് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക
14. റോഡുകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും ചെയ്യുക
15. കോളനികളിലെ ജലസ്രോതസുകൾ സംരക്ഷിച്ച് കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്തുക.
16. വീടുകളുടെ അറ്റകുറ്റപ്പണി ചെയ്യുക.
17. കോളനികളിൽ നിന്നു വിട്ടുതാമസിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളെ സംരക്ഷിക്കുക.
18. പട്ടികാജതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് നൽകിയ സ്ഥലത്തിന് പട്ടയം നൽകുക.
19. കൃഷി അഭിവൃദ്ധിപ്പെടുത്താനായി പമ്പ് സെറ്റ്, സ്പ്രെയർ എന്നിവ നൽകുക.
20. വിദ്യാർഥികൾക്ക് നൽകുന്ന ഗ്രാന്റ് വർധിപ്പിക്കുക.
21. പുനർ സാക്ഷരതാ പദ്ധതി കാര്യക്ഷമമായി കോളനികളിൽ നടത്തുക.
22. പൊതുപ്രവർത്തനമേഖലയിൽ കൂടുതൽ അവസരം നൽകുക.
23. വിവിധ രീതിയിൽ നൽകുന്ന ധനസഹായങ്ങൾ കൃത്യമായി ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കൽ
24 പണിയ കോളനികളെ കേന്ദ്രീകരിച്ച് സാമൂഹ്യപ്രവർത്തകരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി കോളനി സംരക്ഷണസമിതി രൂപീകരിക്കുക.

സാമൂഹ്യക്ഷേമം

ദാരിദ്യരേഖക്ക് താളെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്യ നിർമ്മാർജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളിൽ ഉള്ളത്. പൂർണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്യനിർമാർജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്കു പുറമേ പട്ടികജാതി/പട്ടിക വർഗത്തിനും വനിതകൾക്കുമായി വികസന കോർപറേഷനുകളും നിലവിലുണ്ട്. ഈ പദ്ധതികളിൽ നിന്നെല്ലാംതന്നെ ദാരിദ്യനിർമ്മാർജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പഞ്ചായത്തിൽ പ്രധാനമായും ലഭ്യമാക്കുന്നത്. മറ്റു പദ്ധതികളിൽ നിന്നും നാമമാത്രമായി മാത്രമാണ് ലഭിക്കുന്നത്.

നിലവിലുള്ള പദ്ധതികളെക്കുറിച്ച് അറിവില്ലായ്മയും, അവർക്കഹതപ്പെട്ടവർക്ക് കിട്ടായക, സാങ്കേതികനൂലാമാലകൾ മുതലായവ പദ്ധതികളുടെ പോരായ്മയാണ്. നിർമ്മാണത്തൊഴിലാളി, കർഷകത്തൊഴിലാളി എന്നീ വിഭാഗങ്ങൾ കൂടുതലായുണ്ടെങ്കിലും അവരെ പൂർണ്ണമായും ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ സാധിച്ചിട്ടില്ല. സാമൂഹ്യ ക്ഷേമരംഗത്തുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നത് പയ്യവൂർ പഞ്ചായത്തിലെ രണ്ട് (പയ്യവൂർ, ചന്ദകക്കാംമ്പാറ) വി.ഇ.ഒ. സർക്കിളിൽ നിന്നാണ്.

ഡി.ഡബ്ല്യൂ.സി.ആർ.എ. സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി.ഡബ്ല്യൂ.സി.ആർ.എ.

ഡി.ഡബ്ല്യു.സി.ആർ.എ. പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ

തൊഴിൽ സംരംഭങ്ങളുടെ വിവരം

വാർഡ്	തൊഴിൽ സംരംഭത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം	പ്രവർത്തനം
2	ഡയറി യൂണിറ്റ്	1993-94	10	തൃപ്തികരം
3	കാർമെന്റ് മേക്കിംഗ്	1994-95	9	തൃപ്തികരമല്ല
5	ജില്ലി യൂണിറ്റ്	1993-94	3	തൃപ്തികരമല്ല
8	ഡയറി യൂണിറ്റ്	1994-95	9	തൃപ്തികരം

നാലു യൂണിറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. ശരാശരി നിലവാരത്തിൽ നിൽക്കുന്നത് രണ്ടു യൂണിറ്റുകൾ മാത്രമാണ്. മറ്റ് യൂണിറ്റുകളുടെ പ്രവർത്തനം ഊർജിതപ്പെടുത്താനായി അതതു പ്രദേശത്തെ സന്നദ്ധ സംഘടനാ പ്രവർത്തകരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്. നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നത്തിന് വിപണി കണ്ടെത്താൻ യൂണിറ്റുകൾ ബുദ്ധിമുട്ടുന്നതായികാണുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി സഹകരണ വിപണനസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

ട്രൈസം

18 മുതൽ 35 വയസ് വരെ പ്രായമുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പട്ടിക 2

പയ്യാവൂർ പഞ്ചായത്തിൽ 10 വാർഡുകളിലായി 21 പേർക്കാണ് പരിശീലനം ലഭിച്ചിട്ടുള്ളത്. ഇതിൽ 6 പേർക്ക് മാത്രമാണ് സ്വയം തൊഴിൽ കണ്ടെത്താൻ സാധിച്ചിട്ടുള്ളത്. യോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കാത്തതും പ്രദേശത്തിനനുശ്രുതമായി തൊഴിൽ പരിശീലനം നൽകാത്തതും ഈ പദ്ധതിയുടെ പോരായ്മയാണ്. കൂടുതൽ ആൾക്കാർക്ക് പരിശീലനം നൽകുകയും സ്റ്റൈഫന്റ് വർധിപ്പിക്കുകയും വേണം. യുവജനസംഘടനകളുടെ നേതൃത്വത്തിൽ ബോധവൽക്കരണത്തിലൂടെ കൂടുതൽ ആൾക്കാരെ ഈ പദ്ധതിയിൽ പരിശീലനത്തിനായി എത്തിക്കാൻ സാധിക്കേണ്ടതാണ്.

വില്ലേജ് ഓഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂവകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധരരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. അർഹമായ മുഴുവൻ ആൾക്കാർക്ക് പെൻഷൻ വാങ്ങിക്കൊടുക്കാൻ കഴിയാത്തതും അനർഹരായവർക്ക് പെൻഷൻ കിട്ടുന്നതും ഒരു പോരായ്മയാണ്. പാവപ്പെട്ടവരും പ്രായചെന്നവർക്കും മറ്റും നൽകുന്ന ക്ഷേമ പദ്ധതികൾ കൃത്യമായി ലഭിക്കുന്നില്ല എന്നത് വളരെ ആക്ഷേപം ഉണ്ടാക്കുന്നനവയാണ്. വർഷങ്ങളായി അപേക്ഷകൊടുത്തവർക്കും ഇന്നും ലഭിക്കാത്ത നിലയാണ്.

പെൻഷൻ സംബന്ധിച്ച വിവരം

1.കർഷകത്തൊഴിലാളി പെൻഷൻ 161
2.വികലാംഗ പെൻഷൻ 40
3.വിധവാ പെൻഷൻ 36
4.വാർദ്ധക്യകാല പെൻഷൻ 12
ആകെ 249

കർഷകത്തൊഴിലാളി പെൻഷൻ

അർഹരായ മുഴുവനും ആൾക്കാർക്ക് പെൻഷൻ ലഭിക്കുന്നില്ല. പെൻഷൻ ലഭിക്കാൻ യോഗ്യതയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും പെൻഷൻ വാങ്ങിക്കൊടുക്കാനുള്ള ശ്രമം നടത്തേണ്ടതുമാണ്.

വികലാംഗ പെൻഷൻ

40 പേർക്കാണ് വികലാംഗപെൻഷൻ ലഭിക്കുന്നത്. ഇനിയും ധാരാളം പെൻഷന് യോഗ്യരായവർ പഞ്ചായത്തിലുണ്ട്. ഡോക്ടർ സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടാണ് ഏറ്റവും വലിയ പ്രശ്നം. ഇതിനായി വികലാംഗരായ ഇവർക്ക് കയറി ഇറങ്ങി നടക്കാനുള്ള ബുദ്ധിമുട്ട് ഇതിന് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകാനുള്ള അവകാശം പഞ്ചായത്ത് പ്രസിഡന്റിന് നൽകണം.

വിധവാ പെൻഷൻ

ഈ പെൻഷൻ ലഭിക്കാൻ യോഗ്യരായവർ ഉണ്ട്. എങ്കിലും അതിന് അവർ ശ്രമിക്കുന്നില്ല. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കൊടുക്കുന്ന നിലയുണ്ടാക്കണം.

വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ പന്ത്രണ്ട്. പെൻഷൻ ലഭിക്കാൻ ഇനിയും ആൾക്കാർ ബാക്കിയുണ്ട്. കൃത്യമായി ലഭിക്കുന്നില്ല എന്നതും പോരായ്മയാണ്.

അംഗൻവാടികൾ

പഞ്ചായത്തിൽ 10 വാർഡുകളിലായി 22 അംഗൻവാടികൾ പ്രവർത്തിക്കുന്നു. കുട്ടികളുടെയും അമ്മമാരുടെയും ആരോഗ്യ സംരംക്ഷണത്തിനായുള്ള പോഷകാഹാരവും മരുന്നുകളും നൽകുന്നു. ഐ.സി.ഡി.എസി.ന്റെ ലക്ഷ്യമായ 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നത് യാഥാർഥ്യമായിട്ടുണ്ട്. എന്ന് പറയാം. അംഗൻവാടികളിലെ സൗകര്യക്കുറവും മറ്റ് പ്രശ്നങ്ങളും കാരണം കുട്ടികളെ വിടുന്നതിൽ സാമ്പത്തികമായി ഉന്നതിയിൽ നിൽക്കുന്നവർ താൽപര്യം കാണിക്കുന്നില്ല. നേഴ്സറി സ്കൂളുകളുടെ നല്ല പ്രവർത്തനവും കാരണമാകുന്നു. സ്വന്തമായി കെട്ടിടം ഇല്ലാത്തതും കളിപ്പാട്ടങ്ങളുടെ അഭാവവും പ്രാഥമിക സൗകര്യക്കുറവും കുട്ടികളെ ആകർഷിക്കുന്നതിൽ പരാജയപ്പെടാൻ ഒരു കാരണമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ട് തസ്തികളാണ് നിലവിലുള്ളത്. ഇവരുടെ താഴ്ന്ന ശമ്പളവും ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കാത്തതും അവരുടെ ഉൽസാഹം കുറയ്ക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

നിർദേശങ്ങൾ

1. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
2. ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം തുക കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.
3. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർധിപ്പിക്കുക.
4. അനർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപിപ്പിക്കുക.
5. പ്രാധമീക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. അംഗൻവാടി ജീവനക്കാരുടെയും ഹെൽപ്പർ, വർക്കർ ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന-വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

ക്ഷേമനിധികളെ സംബന്ധിച്ച്

പഞ്ചായത്തിലെ കുറേപേർ നിർമ്മാണരംഗത്ത് പണിയെടുക്കുന്നു. ഇതിൽ മുഴുവനാളേയും അംഗങ്ങളാക്കിയിട്ടില്ല. ഇവരെ പൂർണ്ണമായി ഉൾപ്പെടുത്തുകയും ഇവരുടെ ക്ഷേമനിധി പ്രായം 50 ആക്കി കുറക്കുകയും വേണം. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നല്ലൊരു ശതമാനം പേരും അംഗങ്ങളാണ്. ഇനിയും ചേരാൻ ധാരാളം ആൾക്കാർ ഉണ്ട്. വിദഗ്ധ തൊഴിൽ എടുക്കുന്ന ഒരു വിഭാഗക്കാരും ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടില്ല.

സാമൂഹ്യ ക്ഷേമരംഗത്തെ ആനുകൂല്യങ്ങളും പദ്ധതികളെക്കുറിച്ചും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു ടീമിനെ നിശ്ചയിക്കയും പ്രവർത്തിക്കുകയും അത്യാവശ്യമാണ്.

പട്ടിക 4

പട്ടിക 5

പൊതുവിവരണം

പൊതുവിതരണ രംഗത്ത് ഏഴു റേഷൻ കടകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. മലയോര പഞ്ചായത്തായതിനാൽ വാഹനഗതാഗതക്കുറവ് മൂലം യഥാസമയത്ത് സാധനക്കാർ ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. എങ്കിലും പൊതുവിതരണ രംഗത്ത് മോശമല്ലാത്ത ഒരു നിലയുണ്ട്. റേഷൻ കാർഡിനേ സംബന്ധിച്ചും, മണ്ണെണ്ണ പെർമിറ്റ് മുതലായവക്കും താലൂക്ക് സപ്ലൈ ഓഫീസിൽ കയറി ഇറങ്ങേണ്ടഗതികേട് ഇന്നുണ്ട്. പ്രധാന ഊർജമായി ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ ലഭ്യതക്കുറവു വലുതാണ്. വൈദ്യുതി ക്ഷാമം നേരിടുന്ന പഞ്ചായത്തുകളിലെങ്കിലും അളവ് വർധിപ്പിച്ചിട്ട് മണ്ണെണ്ണ സ്പ്ലൈ ചെയ്യണം. ചമതച്ചാൽ, കുത്തിപ്പറമ്പ്, വാതിൽമട, പാടാൻകവല, ആടുമ്പാറ, ഏറ്റുപാറ എന്നിവടിങ്ങളിൽ റേഷൻ കടകൾ സ്ഥാപിക്കുക. പയ്യാവൂരിൽ മാവേലി സ്റ്റോർ ആരംഭിക്കുക. ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുറ്റമറ്റതാക്കാനും ജനങ്ങലെ ബോധവത്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപവൽക്കരിക്കണം.

പൊതുവായ പ്രശ്നങ്ങൾ

1.ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം ധനസഹായമാ വശ്യമായ ഗുണഭോക്താക്കൾ മുന്നോട്ടുവരുന്നില്ല.

2.ധനസഹായം ലഭിക്കുന്നവർ പ്രസ്തുത തുക നിശ്ച യിച്ച പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുന്നില്ല.

3.സി.ആർ.എസ്.പി. സ്കീം പ്രകാരം കക്കൂസിന് നൽകുന്ന തുക അപര്യാപ്തമാണ്.

4. ട്രൈസം തൊഴിൽ പരിശീലനം ലഭക്കുന്നവർക്ക് തൊഴിൽ കൃത്യമായി ലഭിക്കുന്നില്ല.

5. നിലവിലുള്ള അംഗൻവാടികൾക്ക് പ്രാധമിക സൗകര്യങ്ങളോ, കെട്ടിടമോ ഇല്ല.

6. കളിപ്പാട്ടങ്ങൾ ഇല്ല.

7. പെൻഷനുകൾ കൃത്യസമയത്ത് ലഭിക്കുന്നില്ല.

8. അർഹരായവർക്ക് ലഭിക്കാത്തതും അനർഹരായ വർക്കു ലഭിക്കുന്നതും.

9. രണ്ട് വി.ഇ.ഒ. സർക്കിളുകൾ ഉണ്ട്. എങ്കിലും ഒരാൾമാത്രമാണ് ഉള്ളത്.

നിർദേശങ്ങൾ

1. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചുള്ള പ്രച രണം

2. സി.ആർ.എസ്.പി. സ്കീം പ്രകാരമുള്ള കക്കൂസു കൾ നിർമ്മിക്കുന്നതിന് തുക വർധിപ്പിച്ചു കൊടു ക്കുക.

3. ഡി.ഡബ്ല്യു.സി.ആർ.യൂണിറ്റുകൾ ആരംഭിക്കാൻ സ്ത്രീകൾക്ക് പ്രോൽസാഹനം കൊടുക്കുക.

4. റേഷൻ സാധനങ്ങളുടെ ഗുണനിലവാരം പരിശോ ധിക്കുക.

5. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടു ത്തണം.

6. അംഗൻവാടി ജീവനക്കാർക്ക് വേതനം വർധിപ്പി ക്കുക.

7. ട്രൈസം, തൊഴിൽ പരിശീലനത്തിൽ കൂടുതൽ ആൾക്കാരെ പങ്കെടുപ്പിക്കുക.

8 പ്രദേശത്തിനാവശ്യമായ സ്കീമുകൾ വേണം. ഡി.ഡബ്ല്യു.സി.എ. യൂണിറ്റ് ആരംഭിക്കുമ്പോൾ പ്രാധാന്യം നൽകുക.

9.ഒരു V.E.Oയെക്കൂടി ഉടൻ നിയമിക്കുക.

■



ഭവനനിർമാണം

പയ്യാവൂർ പഞ്ചായത്തിൽ പയ്യാവൂർ പ്രദേശത്ത് മാത്രമായിരുന്നു അമ്പതുവർഷത്തിനുമുമ്പ് ജനവാസം ഉണ്ടായിരുന്നത്. കുടിയേറ്റം തുടങ്ങിയതിനുശേഷം പഞ്ചായത്തിന്റെ എല്ലാഭാഗത്തും ജനവാസം വ്യാപിച്ചു. സുലഭമായി ലഭിച്ചിരുന്ന മരം വീട്ടുപണിയിൽ കൂടുതലായി ഉപയോഗിച്ചതായി കാണാം. കട്ടിള, ജനലുകൾ, ഉത്തരം, കഴുക്കോൽ, എന്നിവ കനംകൂടിയ മരംകൊണ്ടു നിർമിച്ച് മരം കൊണ്ട് മച്ച് അടിച്ച് നിർമിച്ച വീടുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

മരം അറുക്കുന്നവരും മരപ്പണിക്കാരും കൽപ്പണിക്കാരും കൊല്ലനും ഉൾപ്പെട്ട സമൂഹം വീടുകൾ നിർമിക്കുമ്പോൾ അവർക്കു കിട്ടിയ അവസരം അവരുടെ കഴിവു തെളിയിക്കുന്ന വേദിയാക്കുന്നു. കട്ടിള വാതിലുകളിൽ ചിത്ര കൊത്തുപണികൾ നടത്തുന്ന മരപ്പണിക്കാരും കൈയിൽ കരവിരുത് കാണിക്കുന്ന കൽപ്പണിക്കാരും താഴും താക്കോലം കുറ്റിയും നിർമിച്ച് ചാതുര്യം കാണിക്കുന്ന കൊല്ലപ്പണിക്കാരും ഉൾപ്പെടുന്ന നിർമാണ തൊഴിലാളികൾ പാരമ്പര്യമായി അഭ്യസിച്ചു നടത്തിപ്പോന്ന തൊഴിൽ കൂലിക്കുവേണ്ടി മാത്രമായിരുന്നില്ല ചെയ്തത്. അവർക്ക് അത് കുലധർമവും സാമൂഹ്യസേവനവും ഉപജീവന മാർഗവും ആയിരുന്നു.

പട്ടിക –1

ഗ്രേഡ്	വിസ്തൃതി	വാർഡുകളുടെ എണ്ണം	സ്ഥിരം തൊഴിലുള്ള വീടുകൾ	വീടുകളുടെ എണ്ണം
1	67.34k.m2	പത്ത്	4407	5293

പട്ടിക –2

ജനസാന്ദ്രത	ആകെ ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ
328k.m2	22198	11002	11196

ധാരാളം ലഭ്യമായിരുന്ന മരം, കല്ല്, കുറഞ്ഞ കൂലിനിരക്ക്, വിദഗ്ധ തൊഴിലാളികളുടെ ലഭ്യത ഇവയൊക്കെ ഉണ്ടെങ്കിലും ദരിദ്ര കർഷകർക്കും തൊഴിലാളികൾക്കും മുളയും കട്ടയും പുല്ലും ഉപയോഗിച്ചു നിർമിച്ച വീടുകളായിരുന്നു അഭയസ്ഥാനം.

കുടിയേറ്റകർഷകരുടെ നിലനിൽപ്പിനുള്ള തത്ര

പ്പാടിൽ പാർപ്പിട സൗകര്യത്തിന് ധനവ്യയം നടത്തുന്നതിനു സാധിച്ചിരുന്നില്ല. മലമുകളിലും താഴ്വരകളിലും കാട്ടുകല്ലുകൊണ്ടു തറകെട്ടി മരംകൊണ്ടു ഈറ്റ, പനമ്പ്, ഓലകൊണ്ടു തട്ടുകളുണ്ടാക്കി മറിച്ചിരുന്ന ഭിത്തിയും ഓല, പുല്ല് ഉപയോഗിച്ച മേഞ്ഞ മേൽക്കൂരകളും ഉള്ള വീടുകൾ ആയിരുന്നു ഭൂരിഭാഗവും.

കൃഷിയിലൂടെ സാമ്പത്തികവളർച്ചയും സാമൂഹ്യപരിഷ്ക്കാരവും വർധിച്ചതും ഭവനനിർമാണരംഗത്ത് വായ്പാസൗകര്യം ലഭ്യമായി തുടങ്ങിയതും ആധുനികവീടുകൾ നിർമിക്കുന്നതിനു പ്രചോദനം നൽകി.

റോഡ്സൈഡിൽ വലിയവിലയ്ക്ക് സ്ഥലം വാങ്ങി വലിയ വീടുകൾ നിർമിച്ച് അനാരോഗ്യകരമായ മത്സരവും തദ്വാരാ വലിയ വീടുകൾ വയ്ക്കുന്നതിനു മറ്റുള്ളവർക്കു പ്രചോദനവും നൽകുന്ന സമ്പന്നരുടെ ശ്രമം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. കോൺക്രീറ്റ് കെട്ടിടങ്ങൾ ചൂട് ആഗിരണംചെയ്തു നിർഗമിപ്പിക്കുന്നത് കൃഷിക്കും മനുഷ്യർക്കും ജന്തുക്കൾക്കും ദോഷംചെയ്യും.

ഇരിക്കൂർ ബ്ലോക്ക് ഭവനനിർമാണ സഹകരണ സംഘം കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്, ജില്ലാ കാർഷിക വികസനബാങ്ക്, ഭവനനിർമാണ ബോർഡ് മറ്റു വാണിജ്യബാങ്കുകൾ എന്നിവ പാർപ്പിടസൗകര്യത്തിനു വായ്പ ലഭ്യമാക്കുന്നു.

ജോലി ആവശ്യാർത്ഥം പഞ്ചായത്തിൽ കഴിയേണ്ട ഉദ്യോഗസ്ഥർക്കും മറ്റു തൊഴിലാളികൾക്കും താമസിക്കുന്നതിനു സൗകര്യപ്രദമായ വാടകവീടുകൾ പഞ്ചായത്തിൽ പരിമിതമാണ്. യാത്രാമധ്യേ പഞ്ചായത്തിൽ എത്തിപ്പെടുന്നവർക്ക് ദിവസവാടകയ്ക്കുള്ള മുറികൾ പഞ്ചായത്തിൽ തീരെ ഇല്ല.

പഞ്ചായത്തിലെ വീടുകളുടെ സ്ഥിതിവിവരകണക്ക്

വാർഡ്	വീടുകൾ ഉൾപ്പെട്ട മറ്റുകെട്ടിടങ്ങൾ	വീടുകളുടെ എണ്ണം
1	780	434
2	416	258
3	537	348
4	814	726
5	1127	892
6	1166	902
7	464	306
8	906	656
9	505	318
10	617	453

പട്ടിക – 3

പഞ്ചായത്തിൽ ഇപ്പോൾ 5293 വീടുകൾ ഉള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. കുടുംബങ്ങളിൽനിന്നു കുടംബങ്ങൾ രൂപപ്പെടുമ്പോൾ പാർപ്പിടപ്രശ്നം ഉദിക്കുകയായി. ഭവനനിർമാണത്തിനു മേൽക്കൂര നിർമിക്കുന്നതിനു ആവശ്യമായ മരം കിട്ടാനില്ലാത്ത അവസ്ഥ സംജാതമായിട്ടുണ്ട്.

റബർകൃഷി വ്യാപനം ചെറുമരങ്ങൾപോലും ഇല്ലാതാക്കി തോട്ടങ്ങളിൽ നിലനിർത്താവുന്ന മരങ്ങൾ പരിമിതമാവും. മരം അറുത്ത് സ്റ്റോക്ക്ചെയ്തു ഫർണിച്ചറുകൾ ആക്കുന്ന സ്ഥാപനങ്ങളും മത്സരബുദ്ധിയോടെ മരംവാങ്ങി പഞ്ചായത്തിനുവെളിയിൽ വിറ്റു ലാഭമുണ്ടാക്കുന്ന മരവ്യാപാരികളും വർധിച്ചതു പഞ്ചായത്തിൽ മരലഭ്യത ശുഷ്ക്കമാക്കി.

നിർമാണതൊഴിൽ രംഗത്ത് ആകർഷകമായ വേതനവും മറ്റു തൊഴിലാളികൾക്കു നൽകുന്നതിലും കൂടിയ പരിഗണന നിർമാണ തൊഴിലാളികൾക്ക് തൊഴിൽദാതാവ നൽകുന്നതും കാർഷികതൊഴിൽ രംഗത്തുവിന്നു തൊഴിലാളികളെയും തൊഴിലന്വേഷകരെയും ഈ മേഖലയിലേക്ക് ആകർഷിച്ചു. വർധിച്ച കൂലിനിരക്കും അടിയ്ക്കടിയുള്ള വിലവർധനയും ജനങ്ങളെ വലയ്ക്കുന്നു.

പട്ടിക –A

പട്ടികജാതി കോളനികളിലെ

ഭവനനിർമാണ സംബന്ധിച്ച വിവരം

വാർഡ്	വിവിധ പരിപാടികളായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	2	3	4	5
1	13	13	–	5
2	3	3	–	5
3	41	26	15	15
4	8	8	–	17
5	53	41	12	7
6	60	43	17	4
7	3	3	–	15
8	82	67	15	10
9	12	12	–	10
10	6	6	–	10

പട്ടിക - B

പട്ടികജാതി കോളനികളിലെ കക്കൂസുകൾ സംബന്ധിച്ച വിവരം

വാർഡ്	സാനിട്ടറി കക്കൂസ് ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം	പൂർത്തീകരിച്ചവയുടെ എണ്ണം	ഇനി കക്കൂസ് വേണ്ടവരുടെ എണ്ണം
1	2	3	4	5
1	150	10	10	140
2	90	1	1	89
3	160	6	6	154
4	275	2	2	273
5	210	10	10	200
6	245	4	4	241
7	98	6	5	92
8	275	12	12	263
9	40	6	6	34
10	120	13	13	107

പട്ടിക -C

തൊഴിലാളികളുടെ കൂലിനിരക്ക്

	1991		1996	
തൊഴിൽവിവരങ്ങൾ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
തറകെട്ട്	80 രൂപ	55 രൂപ	140	75
ഭിത്തികെട്ട്	80	55	140	75
മൺപണി	65	55	125	75

പട്ടിക -D

നിർമാണസാധനവില

എണ്ണം	സാധനങ്ങൾ	1991	1996
1 എണ്ണം	ചെങ്കല്ല്	4.00	6.50
1 ചാക്ക്	സിമന്റ്	105	190
1 ലോഡ്	കരിങ്കല്ല്	500	725
1 ലോഡ്	മണൽ	725	1200

പ്രശ്നങ്ങൾ

1. വായ്പതുകയുടെ അപര്യാപ്തത, വർധിച്ച പലിശ നിരക്ക് വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം, വിഷമിപ്പിക്കുന്ന നിയമവ്യവസ്ഥ.
2. നിർമാണ സാധനസാമഗ്രികളുടെ അടിയ്ക്കടിയുള്ള വിലക്കയറ്റം.
3. ഗതാഗത സൗകര്യക്കുറവ് കടത്തുകൂലി വർധിപ്പിക്കുന്നു.
4. നിർമാണതൊഴിലാളികളുടെ ലഭ്യത കുറവും വർധിപ്പിച്ച കൂലിനിരക്കും.
5. ഭവനനിർമാണത്തിനുള്ള കല്ല്, മരം സുലഭമായി ലഭിക്കുന്നില്ല.

സാധ്യതകൾ

1. വീടുനിർമാണത്തിന് ഉതകുന്നതും വേഗം വളരുന്നതുമായ മരങ്ങൾ നട്ടുവളർത്തുന്നതിനും ആവശ്യമായ തൈകൾ നൽകി പ്രോത്സാഹനവും പ്രചാരണവും നൽകുക.
2. വീടുനിർമിക്കുന്നതിന് ആവശ്യമായ വസ്തുക്കൾ വിലകുറഞ്ഞ് ലഭിക്കുന്ന കേന്ദ്രങ്ങളിൽനിന്നു സംഭരിച്ചു വിതരണംചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
3. മരംമുറിച്ച് പഞ്ചായത്തിനു പുറത്തുവിൽക്കുന്ന വ്യാപകമായ അവസ്ഥയ്ക്കു നിയന്ത്രണം ഏർപ്പെടുത്തണം.
4. ധാരാളം വെട്ടുകല്ല കൊത്തുന്ന പ്രദേശങ്ങൾ ഉണ്ടെങ്കിലും പഞ്ചായത്തിനു പുറത്തുകയറ്റിപോകുന്നതു പഞ്ചായത്തിനകത്തെ ലഭ്യത കുറച്ചിട്ടുണ്ട്. ഇതിനു നിയന്ത്രണം ഏർപ്പെടുത്തണം.
5. ഭവനവായ്പ വർധിപ്പിക്കേണ്ടതും പലിശനിരക്ക് കുറയ്ക്കുകയും വേണം. 6. ചിലവുകുറഞ്ഞ വീടുകൾ നിർമിക്കുന്നതിനും പ്രോത്സാഹനവും പ്രചാരണവും വേണം.
7. പഞ്ചായത്തിനകത്ത് വീടുനിർമിക്കുന്നതിന് ആവശ്യമായിട്ടുള്ള വെട്ടുകല്ല്, മൺകട്ട, ചുടുകട്ട, കരിങ്കല്ല് എന്നിവ ഉൽപാദിപ്പിച്ചു നൽകുന്നതിന് ബാങ്ക് വായ്പയും ധനസഹായവും ലഭ്യമാക്കണം.
8. പഞ്ചായത്തിൽ ഭവനനിർമാണ സഹകരണസംഘം രൂപവൽക്കരിക്കണം. ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപവൽക്കരിക്കണം.
9. പുറമ്പോക്കിൽ നിൽക്കുന്ന വളർച്ച മുരടിച്ചതും നശിക്കാൻ സാധ്യതയുള്ളതുമായ മരങ്ങൾ കണ്ടെത്തി ലേലംചെയ്തു കൊടുത്ത് മരം ക്ഷാമം പരിഹരിക്കുന്നതിനു സാധിക്കും.

■

ഐ.ആർ.ഡി.പി. സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ്	സർവേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ എസ്.സി/ എസ്.ടി. കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം	ഇതിൽ എസ്സി/ എസ്.ടി.	സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖക്കു മുകളിൽ	ദാരിദ്ര്യ രേഖക്ക് താഴെ
1	2	3	4	5	6	7
1.	180	5	25	5	10	170
2.	108	–	10	–	5	103
3.	138	20	43	20	12	176
4,	301	6	25	6	9	292
5.	239	7	13	7	6	233
6.	291	13	26	13	10	281
7.	126	2	22	2	14	112
8.	341	35	56	35	12	329
9.	55	7	24	7	10	45
10.	150	6	27	6	16	134
	1979	101	271	121	104	1875

പട്ടിക 2

ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം(പയ്യാവൂർ, ചന്ദനക്കാംപാറ വി.ഇ.ഒ.)

വാർഡ്	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	പരിശീലനം ലഭിച്ചവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ
1	2	3	3	5
1.	പ്രിന്റിംഗ്, വെൽഡിംഗ്, തയ്യൽ	5	5	4
2.	–	–	–	–
3.	തയ്യൽ ഇലക്രടീഷ്യൻ	3	2	1
4.	തയ്യൽ	1	1	0
5.	തയ്യൽ	3	1	3
6.	വെൽഡിംഗ്, പ്രിന്റിംഗ്, ടെയിലറിംഗ്	1,3,1	1	1,3
7.	പ്രിന്റിംഗ്	1	-	1
8.	ടെയിലറിംഗ്, ഇലക്ട്രീഷ്യൻ	1,1	-	1
9.	–	–	–	–
10.	പ്രിന്റിംഗ്	1	-	1
	ആകെ	21	21	15

പട്ടിക 4

സി.എസ്.എസ്. ഫോർ എസ്.എഫ്./ എം.എഫ്. പരി
പാടി അനുസരിച്ച് ഉണ്ടായ ആസ്തികൾ

	ആസ്തികൾ	1	2	3	4	5	6	7	8	9	10	ആകെ
1.	കുളങ്ങൾ	–	–	1	1	1	–	–	–	–	–	3
2.	വാട്ടർ ടാങ്കുകൾ	1	–	–	–	–	–	–	–	–	–	1
3.	പമ്പ് സെറ്റുകൾ	4	1	1	3	1	3	2	.	2	–	18
	ജലസേചനം നടത്തിയ കൃഷി ഭൂമിയുടെ അളവ്	13.24	1.97	4.07	6.11	6.78	10.00	6.00	.	5.81	4.25	

സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ വിതരണം
ചെയ്ത തൈകൾ പട്ടിക 5

തൈകൾ	1992	1993	1995	1996
മാവ്	400	350	–	25
തെങ്ങ്	100	300	500	300
സപ്പോട്ട	–	30	–	25
പേര	–	40	–	25
സർവസുഗന്ധി	–	–	–	50
കശുമാവ്	–	–	–	60
തേക്ക്	–	–	–	90
കവുങ്ങ്	–	35	–	–
ബ്രേസ് ഫ്രൂട്ട്	–	30	–	–
നട്ട മഗ്	–	60	–	–
ആകെ	500	845	500	305



സഹകരണമേഖല

1958-ൽ പരേതനായ ജനാബ് സി.പി.മൊയ്തീൻകുട്ടിഹാജി പ്രസിഡന്റായി പയ്യാവൂരിൽ രൂപീകൃതമായ ഐക്യനാണയസംഘമാണ് ഇന്നത്തെ പയ്യാവൂർ സർവീസ് കോ-ഓപ്പേറേറ്റീവ് ബാങ്ക് ഇന്ന് ഇത് റിക്കാർഡിൽ ഒരു 'എ' ക്ലാസ് ബാങ്കാണ്. 13108 മെംബർമാരും 27 ലക്ഷംരൂപ ഓഹരിമൂലധനവും 9302993 സ്ഥിരനിക്ഷേപവും 4660469.55 സേവിങ്ങ്സ് നിക്ഷേപവുമുണ്ട്.

കാർഷികരംഗത്ത് ദീർഘ, മധ്യ, ഹ്രസ്വകാല ലോണുകളും മറ്റ് കാർഷികേതര ലോണുകളും വിതരണം നടത്തുന്നു. പയ്യാവൂർ പഞ്ചായത്തിൽ ചനന്ദ

ക്കാംപാറയിൽ ഒരു ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 26 ജീവനക്കാരും 2 ഡിപ്പോസിറ്റ് കളക്ഷൻ ഏജന്റുമാരും പ്രവർത്തിക്കുന്നുണ്ട്.

92-93 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഏതാണ്ട് 35 ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടത്തിലാണ് ബാങ്ക് പ്രവർത്തിക്കുന്ന്. ഇപ്പോൾ മാസം തോറും ആയിരക്കണക്കിന് നഷ്ടം വർധിച്ചുകൊണ്ടിരിക്കുന്നു. അവസാന കണക്ക് ലഭ്യമല്ല.

വമ്പിച്ചതോതിലുള്ള വായ്പാകുടിശിക ഈ ബാങ്കിനുണ്ട്. ലഭ്യമായ കണക്കുപ്രകാരം 30.06.96-ന് 60 ലക്ഷം രൂപയുടെ കുടിശികയുണ്ട്. ബാങ്കിന്റെ നഷ്ടസ്ഥിതി പരിഗണിച്ച് ജില്ലാബാങ്ക് നിർദേശപ്രകാരം ബി.റ്റി.പി. പദ്ധതിയും മറ്റുചില പദ്ധതികളും നടപ്പാക്കിയെങ്കിലും ഇതൊന്നും ഗുണംചെയ്തില്ല.

ഈ ബാങ്കിന്റെ കീഴിൽ പയ്യാവൂരും ചന്ദനക്കാംപാറയിലും വളംഡിപ്പോയും പയ്യാവൂരിൽ ഒരു ടെക്സ്റ്റൈൽഷോപ്പ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. ബാങ്കിൽ വിവിധ സലകളിലുള്ള ചിട്ടികളും നടത്തുന്നുണ്ട്. എന്നാൽ ഇതൊന്നും ജനോപകാരപ്രദമല്ല. പയ്യാവൂരിൽ പ്രവർത്തിച്ചിരുന്ന കൺസ്യൂമർസ്റ്റോർ ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നില്ല.

ഈ ബാങ്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പഞ്ചായത്തിലെ എല്ലാവാർഡുകളിൽനിന്നും ശക്തമായ വിമർശനമുയർന്നിട്ടുണ്ട്. ബാങ്ക് ജീവനക്കാരുടെ ഇടപാടുകാരോടും മെംബർമാരോടുമുള്ള ധാർഷ്ട്യസമീപനവും വായ്പ വിതരണത്തിലുള്ള പക്ഷപാതപരമായ രീതികളെക്കുറിച്ചുമാണ് കൂടുതൽ പരാമർശങ്ങൾ.

പയ്യാവൂർ പഞ്ചായത്തിലെ പ്രധാന സാമ്പത്തിക സ്ഥാപനമായ പയ്യാവൂർ സർവീസ് കോ-ഓപറേറ്റീവ് ബാങ്കിന്റെ ഇന്നത്തെ സ്ഥിതിസംബന്ധിച്ച് സമഗ്രമായ അന്വേഷണം ഗവൺമെന്റ് ഇടപെട്ട് നടത്തേണ്ടതാണ്. വമ്പിച്ച നഷ്ടവും വർഷംതോറും ഇതു വർധിച്ചുവരുന്ന സ്ഥിതിവിശേഷവും മെംബർമാർക്കും ഇടപാടുകാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അന്വേഷണ വിധേയമാക്കണം. ഡിപ്പോസിറ്റിന് ആനുപാതികമായ ലോൺവിതരണം ഉണ്ടാകേണ്ടതാണ്.

പയ്യാവൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സ്ഥാപനങ്ങൾ:-

പയ്യാവൂർ:- പയ്യാവൂർ പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. പയ്യാവൂർ ടൗണിൽ ഇത് പ്രവർത്തിക്കുന്നതുമൂലം കർഷകർ പാൽ ഹോട്ടലുകളിൽ വില്പന നടത്തുന്നു. ആകെ ലഭിക്കുന്ന 50 ലിറ്ററിൽ താഴെയുള്ള പാൽ ലോക്കൽ സെയിൽ നടത്തുന്നു. സംഘത്തിന്റെ ഉയർച്ചയ്ക്കായി ഭരണസമിതി താൽപര്യം കാണിക്കുന്നില്ലെന്ന പരാതിയുണ്ട്. സംഘത്തിന്റെ ജനാധിപത്യ ഭരണത്തിന്റെ പോരായ്മ പൊതുജനങ്ങൾക്ക് സ്ഥാപനത്തോടുള്ള മതിപ്പില്ലായ്മ.

പൈസക്കരി:-നാല്,അഞ്ച് വാർഡുകളാണ് പ്രവർത്തനമേഖല. ഭൂമിശാസ്ത്രപരമായി യാതൊരു യോജിപ്പുമില്ലാത്ത മേഖലകളാണ് നാല്, അഞ്ച് വാർഡുകൾ. നാലാംവാർഡിലെ ജനങ്ങൾ ഒരു സ്വതന്ത്രസംഘത്തിനുവേണ്ടി മുറവിളി കൂട്ടിയപ്പോൾ സംഘംഭരണസമിതി രണ്ട് കലക്ഷൻ സെന്ററുകൾ കുന്നത്തൂരും മുത്താറിക്കുളത്തും ആരംഭിച്ചത്. ഇപ്പോൾ ഈ രണ്ട് സെന്ററുകളിൽ നിന്നും ലഭിക്കുന്ന പാൽ മാത്രമാണ് കയറ്റിയയയ്ക്കുന്നത്. ഈ സംഘംകൊണ്ട് നാലാംവാർഡിലെ ജനങ്ങൾക്ക് യാതൊരു ഗുണവും ഉണ്ടായിട്ടില്ല. ആയതുകൊണ്ട് നാലാംവാർഡിൽ ഒരു സ്വതന്ത്രസംഘം രൂപീകരിക്കാൻ ആവശ്യമായ സഹായസഹകരണങ്ങൾ ഗ്രാമപഞ്ചായത്തുമുഖേന നൽകേണ്ടതാണ്.

ചന്ദനക്കാംപാറ:-വാർഡ് ഏഴ്, പത്ത്, ആറാം വാർഡിന്റെ ചില ഭാഗങ്ങൾ ഉൾപ്പെട്ടതാണ് പ്രവർത്തനമേഖല. നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന സംഘം ധനാപഹരണവും കെടുകാര്യസ്ഥതയുംമൂലം പൊതുജനത്തിനുമുമ്പിൽ വെല്ലുവിളിയായി നിലനിൽക്കുന്നു. ഇതു മാറ്റിയെടുക്കാൻ കഴിയുന്ന് ഇച്ഛാശക്തിയും കഴിവുമുള്ള ഭരണസമിതി ഇതിനാവശ്യമാണ്.

കാഞ്ഞിരക്കൊല്ലി:- പഞ്ചായത്തിലെ എട്ടാം വാർഡാണ് പ്രവർത്തനമേഖല. ഇന്ന് 180 ലിറ്റർ പാൽ കയറ്റിയയയ്ക്കുന്നുണ്ട്. കൃഷിക്കാർക്ക് പരമാവധി സഹായസഹകരണങ്ങൾ ഈ സ്ഥാപനംവഴി വിതരണം ചെയ്യുന്നുണ്ട്. ഈ സംഘത്തിന്റെകീഴിൽ കൊട്ടാടിക്കവലയിൽ ഒരു കളക്ഷൻ സെന്ററുണ്ട്. ശാന്തിനഗർ, ചിറ്റാരി എന്നിവിടങ്ങളിൽ കളക്ഷൻ സെന്ററുകൾ അടിയന്തരമായി ആരംഭിക്കേണ്ടതാണ്.

ക്ഷീരസംഘങ്ങൾ പുതുതായി രൂപീകരിക്കാൻ ആവശ്യമായ സഹായങ്ങൾ ഗ്രാമപഞ്ചായത്തുകൾ ചെയ്തുകൊടുക്കേണ്ടതാണ്. മൂന്നാം വാർഡിൽ അടി

യന്തരമായും ഒരു സംഘം രൂപീകരിക്കേണ്ടതാണ്.

പാലിന്റെ വിലക്കുറവും ഉല്പാദനച്ചിലവിന്റെ വർധനവും ഈ രംഗത്ത് സഹകരണസംഘങ്ങളുടെ പ്രസക്തി വർധിപ്പിക്കുന്നു. രാഷ്ട്രീയാതിപ്രസരം ഒഴിവാക്കി കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ ക്ഷീരസഹകരണസംഘങ്ങൾ മാറേണ്ടതുണ്ട്. കൃഷിക്കാരുടെ താത്പര്യങ്ങൾ ഹനിക്കുന്ന മിൽമയുടെ ഏകാധിപത്യമനോഭാവത്തിൽ അടിയന്തമായും മാറ്റം വരുത്തേണ്ടതാണ്.

പയ്യാവൂർ പഞ്ചായത്തിലെ ക്രിസ്ത്യൻ പള്ളികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതും തലശേരി സോഷ്യൽസർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ ക്രെഡിറ്റ് യൂണിയനുകളുണ്ട്. വെമ്പുവ, പൈസക്കരി, ഏറ്റുപാറ, ആടാംപാറ, ചന്ദനക്കാംപാറ, കാഞ്ഞിരക്കൊല്ലി, കുഞ്ഞിപ്പറമ്പ്, കണ്ടകശേരി എന്നിവിടങ്ങളിൽ ഇത് പ്രവർത്തിക്കുന്നു. ലക്ഷക്കണക്കിന് രൂപ 6% പലിശനിരക്കിൽ മെംബർമാർക്ക് വിതരണം നടത്തും. സ്വിസ് സഹായത്തോടെ inter co-operation പദ്ധതിപ്രകാരം ലക്ഷങ്ങൾ സബ്സിഡിയായി പൊതുജനത്തിന് നൽകുന്നു. പൊതുജനത്തിന്റെ സമ്പാദ്യശീലത്തെ പ്രോത്സാഹിപ്പിക്കുന്നത് സ്വാഗതാർഹമാണ്.

പഞ്ചായത്തിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്കൂൾ സൊസൈറ്റികൾ നിലവിലുണ്ട്. ഇതുശക്തിപ്പെടുത്തേണ്ടതാണ്. കൂടുതൽ ഷെയർപിരിച്ചും ഗവൺമെന്റ് ഗ്രാന്റ് സ്വരൂപിച്ച് ഫുൾടൈം ജീവനക്കാരെ നിയമിക്കേണ്ടതാണ്. കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങളും യൂണിഫോം തുടങ്ങിയ അത്യാവശ്യവസ്തുക്കളുടെ വിതരണവും ഇതുവഴി നടക്കേണ്ടതാണ്.

പയ്യാവൂർ കേന്ദ്രമായി പയ്യാവൂർ ടൗണിൽ ഒരു വനിതാ കോ-ഓപറേറ്റീവ് പ്രസ് പ്രവർത്തിക്കുന്നു. ഇപ്പോൾ അഡ്മിനിസ്ട്രേഷൻ ഭരണത്തിലാണ്. കാര്യക്ഷമമായ ഒരു ഭരണസമിതി ഇതിന് ആവശ്യമാണ്. കണ്ണൂർ കാർഷിക വികസനബാങ്ക്, ജില്ലാസഹകരണബാങ്ക്, കണ്ണൂർ ജില്ലാ റബർ മാർക്കറ്റിംഗ് സൊസൈറ്റി, ഇരിക്കൂർ ബ്ലോക്ക് ഹൗസിംഗ് സെന്റർ എന്നിവയുടെ പ്രവർത്തനമേഖലയിൽ നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നു. ഈ സ്ഥാപനങ്ങൾ വഴി ലോണും മറ്റു സൗകര്യങ്ങളും പൊതുജനത്തിന് ലഭിക്കുന്നു.

കഴിഞ്ഞ കാലഘട്ടങ്ങളിൽ ജില്ലാസഹകരണബാങ്കിന്റെ നിയന്ത്രണം പിടിക്കാൻവേണ്ടി ചില കടലാസു സംഘങ്ങൾ പയ്യാവൂരിൽ രൂപീകരിച്ചിട്ടുണ്ട്. പയ്യാവൂർ ഹോട്ടൽ സൊസൈറ്റി, ഹിൽപ്രൊഡ്യൂസ് പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവ ഇതിൽപ്പെടും. ഈ

സംഘങ്ങളുടെപേരിൽ പൊതുജനങ്ങളിൽനിന്ന് പിരിച്ചിട്ടുള്ള ഷെയറും ചില തത്പരകക്ഷികളുടെ കൈയിൽത്തന്നെയാണുള്ളത്. ഇതുസംബന്ധിച്ച് ആവശ്യമായ അന്വേഷണം നടത്തി സഹകരണപ്രസ്ഥാനങ്ങളോട് ജനങ്ങൾക്കുള്ള മതിപ്പ് വർധിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.


സാധ്യതകൾ

1. സഹകരണാടിസ്ഥാനത്തിൽ ചെങ്കല്ലുകൊത്തലും ഒരു വനിതാ സഹകരണഹോട്ടലും, ഒരു കോ-ഓപറേറ്റീവ് റൂറൽബാങ്കും പ്രവർത്തനം ആരംഭിക്കണം.
2. കശുവണ്ടി സംസ്കരണവും കശുമാങ്ങാ സംസ്കരണവും കൊപ്രാസംസ്കരണം എന്നിവ സഹകരണമേഖലയിൽ ആരംഭിക്കണം.
3. ഭവനനിർമ്മാണരംഗത്ത് പുതിയ സഹകരണസ്ഥാപനങ്ങൾ പയ്യാവൂർ കേന്ദ്രമാക്കി ആരംഭിക്കേണ്ടതാണ്.
4. സഹകരണ അടിസ്ഥാനത്തിൽ പാക്കടയ്ക്ക സംസ്കരണവും കയർ, കശുവണ്ടി പച്ചക്കറി സഹകരണസംഘങ്ങൾ ആരംഭിക്കേണ്ടതാണ്.
5. സ്ത്രീകൾക്കായി സഹകരണമേഖലയിൽ തൊഴിൽപരിശീലനകേന്ദ്രവും ചെറുകിട വ്യവസായങ്ങളും ആരംഭിക്കണം.
6. തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കണം.
7. ആദിവാസികളുടെ ഈറ്റാചൂരൽ കൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സഹകരണമേഖലയിൽ നടത്തേണ്ടതാണ്.
8. സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം ഉണ്ടാക്കാൻ കഴിയുന്ന റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പലഹാരം, അച്ചാർനിർമ്മാണം, കോഴിവളർത്തൽ എന്നിവയ്ക്കാവശ്യമായ സഹകരണസ്ഥാപനങ്ങൾ ആരംഭിക്കുക.
9. സഹകരണമേഖലയിൽ കൺസ്യൂമർസ്റ്റോറുകൾ ആരംഭിക്കാൻ കഴിയണം. ബുക്ക്ബൈൻഡിംഗ്, മെഴുകുതിരി തീപ്പെട്ടി നിർമ്മാണം

ഇവയ്ക്കാവശ്യമായ സഹകരണസംഘങ്ങൾ രൂപീകരിക്കണം.

10. പയ്യാവൂർ പഞ്ചായത്തിൽ സഹകരണരംഗത്തു കൂടുതൽ സാധ്യതകളുണ്ട്. പയ്യാവൂർ പഞ്ചായത്തിൽ രൂപീകൃതമായിട്ടുള്ള ഹിൽപ്രൊഡ്യൂസ് പ്രൊസസിംഗ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി പുനഃസംഘടിപ്പിക്കുകയും കാര്യക്ഷമമായി നടത്തിയാൽ ആയതു പൊതുജനത്തിനുപകാരപ്രദമായിരിക്കും.
11. റബറും അനുബന്ധ വ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാൻ സാധിക്കണം.
12. സഹകരണമേഖലയിൽ 'വേർഹൗസിംഗ്' സംവിധാനം ഈ പഞ്ചായത്തിൽ ആരംഭിച്ചാൽ കാർഷികോല്പന്ന വിലയിടിവ് മൂലമുണ്ടാകുന്ന നഷ്ടം നികത്താൻ കഴിയും.

■



വിഭവസമാഹരണം

വിഭവസമാഹരണം

പയ്യാവൂർ പഞ്ചായത്ത് പൂർണമായും ഒരു കാർഷികമേഖലയാണ്. പറയത്തക്ക ഒരു വ്യവസായവും ഈ പഞ്ചായത്തിലില്ല. വിദേശങ്ങളിൽ ജോലി ചെയ്യുന്നവർ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് തുലോം തുച്ഛമാണ്. കൃഷി മെച്ചപ്പെടുത്തിക്കൊണ്ടും അനുബന്ധവ്യവസായങ്ങൾ ആരംഭിച്ചുകൊണ്ടും മാത്രമേ പഞ്ചായത്തിനു വളരാൻ സാധിക്കൂ. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ സത്വരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗങ്ങൾ

കെട്ടിട നികുതി	169262.00
തൊഴിൽ നികുതി	130685.00
വിനോദ നികുതി	11772.45
പ്രദർശന നികുതി	2321.50
ചന്തവരവ്	705.00
ലൈസൻസ് ഫീസ്	22534.25
കെട്ടിടനികുതി സർചാർജ്	8341.35
വസ്തുകൈമാറ്റനികുതി	209270.00+ 125925.00
സർക്കാർ ഗ്രാന്റ് മറ്റും ഒഴികെയുള്ള വരവുകൾ	566240.60
ഡെപ്പോസിറ്റ്	12312.35
ആകെ	1450888.30

ഇവയെല്ലാമാണ് പഞ്ചായത്തിന്റെ നിലവിലുള്ള വരുമാനമാർഗങ്ങൾ. എന്നാൽ കെട്ടിടനികുതി യഥാതഥത്തിലുള്ള മൂല്യത്തെ അടിസ്ഥാനപ്പെടുത്തി പിരിച്ചെടുക്കാനോ അതിനുള്ള ശ്രമമോ നാളിതുവരെ നടത്തിയിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിൽ നമ്മുടെ പഞ്ചായത്ത് ആവശ്യംവേണ്ട നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുമില്ല. ഇതു പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ലാത്തതുമൂലം പല സംഘടകളും വ്യക്തികളും നടത്തുന്ന കലാപരിപാടികളും സംഭാവനയുടെ മറവിൽ നികുതിയിൽനിന്ന് രക്ഷപ്പെടുന്നു.

പഞ്ചായത്തിലുള്ള ഗവൺമെന്റ് അർധസർക്കാർ സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി കൃത്യമായി പിരിച്ചെടുക്കേണ്ടതാണ്. പഞ്ചായത്തിനു ലഭിക്കുന്ന ഗ്രാന്റുപയോഗിച്ച് നടത്തുന്ന വർക്കുകൾ നിശ്ചിത കാലാവധിക്കു പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട് തുടർന്നുവരുന്ന വർഷങ്ങളിൽ spill over ആയി പ്ലാന്റ് കുറഞ്ഞുപോകുന്നുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കേണ്ടതാണ്.

പ്രകൃതിരമണീയമായ കാഞ്ഞിരക്കൊല്ലി വഞ്ചിയം തുടങ്ങിയ പ്രദേശങ്ങളും വടക്കേമലബാറിലെ അറിയപ്പെടുന്ന ഉത്സവങ്ങളായ കുന്നത്തൂർപാടി മുത്തപ്പന്റെ തിരുവപ്പന മഹോത്സവവും, പയ്യാവൂർ ഊട്ടുത്സവവും ഉൾപ്പെടുത്തി നമ്മുടെ പഞ്ചായത്തിൽ ഒരു ടൂറിസം മാപ്പ് തയാറാക്കുകയും ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന രീതിയിൽ ഒരു കർമ്മപദ്ധതിക്ക് രൂപംനൽകുകയും ചെയ്യേണ്ടതാണ്.

കാർഷിക ഉൽപന്നങ്ങളുടെ (പ്രധാനമായും പച്ചക്കറി) ഒരു ആഴ്ചച്ചന്ത പഞ്ചായത്തിൽ രണ്ടുസ്ഥലത്ത് (പയ്യാവൂർ,ചന്ദനക്കാംപാറ) ആരംഭിക്കേണ്ടതാണ്.

പയ്യാവൂർ ടൗണിൽ ഓട്ടോകൾക്കും ടാക്സികൾക്കും പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയാൽ അതുവഴി നല്ലൊരു വരുമാനം പഞ്ചായത്തിന് ലഭിക്കുകയും പെർമിറ്റില്ലാതെ നടത്തുന്ന സ്വകാര്യവാഹനങ്ങളെ നിയന്ത്രിക്കാനും കഴിയുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ പുഴകളിൽനിന്നും വേനൽക്കാലത്ത് വെള്ളം പമ്പ്ചെയ്ത് കൃഷിസ്ഥലം നനയ്ക്കുന്നവരിൽ നെല്ലുപോലുള്ള അടിസ്ഥാന കൃഷികളെ ഒഴിവാക്കി മറ്റുള്ളവരിൽനിന്നും പ്രത്യേകനികുതി ഈടാക്കേണ്ടതാണ്.

നമ്മുടെ പുറമ്പോക്കുകൾ കൃത്യമായി അളന്നു

തിരിച്ച് ലീസിന്നുകൊടുക്കേണ്ടതാണ്. ഇന്നുള്ള ലീസ് നടപടി അവസാനിപ്പിക്കണം. അതുപോലെ പുറമ്പോക്കുകളിലെ മരങ്ങളും മുളകളും സംരക്ഷിക്കാൻ കഴിയേണ്ടതുണ്ട്.


പഞ്ചായത്തിന്റെ നിയന്ത്രിക്കാവുന്ന ചിലവുകൾ വർഷാവർഷമുള്ള പഞ്ചായത്തു റോഡുകളുടെ മെയ്ന്റനൻസാണ്. റോഡുകൾ പരിരക്ഷിക്കുന്നതിന് വാർഡുതലത്തിൽ മെമ്പറുടെ നേതൃത്വത്തിൽ ടാസ്ക്ഫോഴ്സ് രൂപീകരിച്ചാൽ ഈ വിധത്തിലുള്ള അധികച്ചിലവ് ഒഴിവാക്കാം.

നാലുലക്ഷത്തിൽ കൂടുതൽ ചിലവഴിച്ച് വീടുകൾ നിർമ്മിക്കുന്നവരോട് നാലുലക്ഷത്തിൽ കവിഞ്ഞ തുകയുടെ 10% ടാക്സ് പിരിക്കാവുന്നതാണ്. ആരാധനാലയങ്ങളോടനുബന്ധിച്ച് നടത്തുന്ന ഉത്സവങ്ങളിൽ വിവിധ കച്ചവടം നടത്തുന്നവരോട് ഫെസ്റ്റിവൽ ടാക്സ് ഇനത്തിൽ പിരിക്കാൻ സാധിക്കും. സ്വകാര്യസ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരിൽനിന്ന് തൊഴിൽനികുതി പിരിക്കാൻ സാധ്യതയുണ്ട്.


ചെങ്കൽ, കരിങ്കൽ ക്വോറകൾക്ക് നികുതി പിരിക്കുക. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയിലുള്ള നശിച്ചുകൊണ്ടിരിക്കുന്ന മരങ്ങൾ ലേലംചെയ്യുവാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് പഞ്ചായത്തിൽ കുറെ വരുമാനം ഉണ്ടാക്കാം.

■

PAYYAVUR PANCHAYAT EXISTING WARD DIVISION.



പ്രധാന ക്യാമ്പിനുകൾ



PO – പോസ്റ്റ് ക്യാമ്പിൻ
PS – പോലീസ് സ്റ്റേഷൻ
VO – വില്ലേജ് ക്യാമ്പിൻ
P – പഞ്ചായത്ത് ക്യാമ്പിൻ
VH – വെറ്റിനറി ഹോസ്പിറ്റൽ
A – അനുബന്ധ ആശുപത്രി
HC – കമ്മ്യൂണിറ്റി സെന്റർ
H – ഹോമിയോ ക്ലിനിക്
F – ഫാമിലി പ്ലാനിംഗ് സെന്റർ
KB – മൃഗിഭവൻ